# കലാവിദ്യാഭ്യാസം

## ആക്ടിവിറ്റി ബുക്ക്

## സ്റ്റാൻഡേർഡ്

## V

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം
2024

ST-481-1-ART EDUCATION(M)5

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരതഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരതഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ, ജയ, ജയ, ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

**കലാവിദ്യാഭ്യാസം**

**5**

*Prepared by*
**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in, e-mail : scertkerala@gmail.com
Typeset and design by : SCERT
Printed at : KBPS, Kakkanad, Kochi-30
© Department of General Education, Government of Kerala

## പ്രിയപ്പെട്ട കുട്ടികളേ,

എന്തിനാണ് നാം കല പഠിക്കുന്നത്? പരിശീലിക്കുന്നത്? കല 'ജന്മസിദ്ധമായി' വന്നുചേരുന്നതാണെന്ന പൊതുബോധം നിലനിൽക്കുന്നിടത്താണ് ഇത്തരം ചോദ്യങ്ങൾ ഉണ്ടാകുന്നത്. എന്നാൽ മറ്റേതൊരു മാനവിക വിഷയവും എന്നതു പോലെ കലാ പഠനവും നമ്മുടെ ശ്രദ്ധയും ധിഷണയും ആവശ്യപ്പെടുന്ന ഒരു വിഷയമേഖലയാണ്. ചിത്ര-ശില്പകല, സംഗീതം, നൃത്തം, നാടകം, സിനിമ എന്നീ കലാമേഖലകളെ മുൻനിർത്തി തയ്യാറാക്കിയ ഈ പാഠപുസ്തകം അതത് വിഷയ ങ്ങളിലെ അറിവുൽപാദനം എന്നതിൽ കവിഞ്ഞ് പ്രസ്തുത കലാമേഖലകളുമായി ബന്ധപ്പെട്ട ക്രിയാത്മക പ്രവർത്തനങ്ങൾ കൂടി ലക്ഷ്യം വയ്ക്കുന്ന ഒന്നാണ്. സാമ്പ്രദായിക രീതിയിൽ ഏതെങ്കിലും കലാമേഖലയിലുള്ള സവിശേഷ പ്രയോഗശേഷി മത്സരബുദ്ധിയോടെ പരിശീലിക്കുക എന്നതിലുപരി എല്ലാ കലകളെയും മനസ്സിലാക്കിക്കൊണ്ട് വിദ്യാഭ്യാസ പ്രക്രിയയെ തന്നെ സർഗാത്മകമായി പുതുക്കുക എന്നത് കൂടിയാണ് ഈ പാഠപുസ്തകം നിറവേറ്റുന്ന ധർമ്മം. ചിത്ര-ചലച്ചിത്രകലകളുടെയും നൃത്തസംഗീതനാടകാദി കലകളുടെയും വിവിധ മാനങ്ങൾ ദേശ-കാലാതീതമായി നാം ഈ പുസ്തകത്തിലൂടെ പരിചയിക്കുന്നു. ആ അർഥത്തിൽ ഇത് വിപുലമായ സർഗാത്മകലോകത്തിലേക്കുള്ള പ്രവേശികയുമാണ്. അവ കണ്ട് അറിഞ്ഞും പാടി പറഞ്ഞും ആടി ഉല്ലസിച്ചും അനുഭവിക്കുക.
അഭിപ്രായങ്ങളും നിർദേശങ്ങളും അറിയിക്കുമല്ലോ.

സ്നേഹാശംസകളോടെ,

ഡോ. ജയപ്രകാശ് ആർ. കെ.
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

# പാഠപുസ്തകരചനാസമിതി

## അഡ്വൈസർ

**ഡോ. അഭിലാഷ് പിള്ള**
ഡയറക്ടർ, സ്കൂൾ ഓഫ് ഡ്രാമ ആൻഡ്
ഫൈൻ ആർട്സ്, ജോൺ മത്തായി സെന്റർ തൃശൂർ

## ചെയർപേഴ്സൺ

**ഡോ. ജിപിൻ വർഗ്ഗീസ്**
ലക്ചറർ, കോളേജ് ഓഫ് ഫൈൻ ആർട്സ്,
തിരുവനന്തപുരം

## വിദഗ്ധർ

**ഡോ. ഹസ്സൻ. കെ**
കലാധ്യാപകൻ ഡയറ്റ് (റിട്ട.) മലപ്പുറം

**അനിരുദ്ധ് രാമൻ**
ലക്ചറർ, കലാവിദ്യാഭ്യാസം
ഡയറ്റ് ഇടുക്കി

## അംഗങ്ങൾ

**അരുൺ എം. എസ്.**
കെ ആർ നാരായണൻ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട്, കോട്ടയം

**ജയേഷ് കെ. കെ.**
ഗോഖലെ ജി.എച്ച്.എസ്.എസ്
കല്ലടത്തൂർ, പാലക്കാട്

**മേഘ രാമകൃഷ്ണൻ**
ജി.വി.എച്ച്.എസ്.എസ്
ചെട്ടിയാൻ കിണർ, വളകുളം

**അഭിലാഷ് എം**
എസ്.എൻ.വി.എച്ച്.എസ്.എസ്
പനയറ, വർക്കല

**കവിത**
വിജയ.എച്ച്.എസ്.എസ്. പുൽപ്പള്ളി

**രാജീവൻ കെ. സി.**
ജി എച്ച് എസ് എസ് നടുവാനൂർ, കോഴിക്കോട്

**കൃഷ്ണലാൽ എസ്**
കെ.ആർ.കെ.പി.എം. ബോയ്സ് ഹൈസ്കൂൾ,
കടമ്പനാട്, കൊല്ലം

**എബ്രഹാം അലക്സ്**
ജി.എച്ച്.എസ്.എസ് എടക്കര, മലപ്പുറം

**ഷർമിള പി. എസ്.**
അധ്യാപിക തുള്ളൽ വിഭാഗം
കേരള കലാമണ്ഡലം, തൃശ്ശൂർ

**സഞ്ജയ് വി. എസ്.**
ക്ലാസ് 9 (വിദ്യാർഥി)
സെൻറ് ജോസഫ് എച്ച് എസ് എസ്
തിരുവനന്തപുരം

**അനൂപ് കെ. പി.**
പി.എം.എസ്.എ.പി.റ്റി.എച്ച്.എസ്.എസ്,
കാക്കോവ്, മലപ്പുറം

**സൂരജ് കക്കരയിൽ**
ജി.എച്ച്.എസ്.എസ് ഉദിനൂർ,
കാസർഗോഡ്

**ഫൈസൽ ഇളയോടത്ത്**
സി.എച്ച്.എം.എച്ച്.എസ്.എസ് പൂക്കുളത്തൂർ

**സജീഷ്. എ**
ജി.വി.എച്ച്.എസ്.എസ്, പുല്ലനൂർ, മലപ്പുറം

**ഡോ. ലക്ഷ്മി എസ് മേനോൻ**
സെന്റ് ജോസഫ്സ് സി.ജി.എച്ച്.എസ്, കാഞ്ഞൂർ

**ബ്രിജേഷ് പി.**
ടാഗോർ വിദ്യാനികേതൻ. ജി.എച്ച്.എസ്.എസ്
തളിപ്പറമ്പ്, കണ്ണൂർ

**അരുണ നാരായണൻ ആലഞ്ചേരി**
ജി.എം.ആർ.എസ്, കണിയാമ്പറ്റ

**പ്രസാദ് കുമാർ കെ. എസ്.**
ഗവ. ഹയർസെക്കൻഡറി സ്കൂൾ
എരിമയൂർ, പാലക്കാട്

**സുമേഷ് കമ്പല്ലൂർ**
ജി.വി.എച്ച്.എസ്.എസ്. മൂന്നാർ, ഇടുക്കി

**പ്രേംജിത്ത് സുരേഷ്ബാബു**

**അജിത്ത് ജി. കൃഷ്ണൻ**
ബി.ആർ.സി., കൊല്ലംകോട്
പാലക്കാട്

**കവർചിത്രം**

എം.ആർ.എസ്സ്. വടക്കാഞ്ചേരിയിലെ കുട്ടികൾ കല്ലിൽ വരച്ച ചിത്രങ്ങൾ

## അക്കാദമിക് കോഡിനേറ്റർ

**സതീഷ് കുമാർ കെ.**
റിസർച്ച് ഓഫീസർ, കലാവിദ്യാഭ്യാസം

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
**വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012**

# ഉള്ളടക്കം


യൂണിറ്റ് 1 ചുറ്റുവട്ടം 7

1.1 വർണ്ണക്കാഴ്ചകൾ 8
1.2 പ്രകൃതിയും സംഗീതവും 11
1.3 നൃത്തം ചെയ്താലോ 14
1.4 പറന്ന്.. പറന്ന്.. പറന്ന്.. 17
1.5 ചലിക്കുന്ന ചിത്രങ്ങൾ 20

യൂണിറ്റ് 2 ചെയ്തറിവിൻ പാഠങ്ങൾ 22

2.1 കരവിരുതിൻ വിസ്മയങ്ങൾ 23
2.2 തിത്തെയ് തക തെയ് തെയ് തോം 26
2.3 നാടിന്റെ താളം 30
2.4 വൺ, ടൂ, ത്രീ, സ്റ്റാച്യൂ 33
2.5 മഴവില്ല് കാണുന്ന കുട്ടി 36

യൂണിറ്റ് 3 സങ്കേതവും പ്രയോഗവും 39

3.1 ചരിത്രത്തിലെ രേഖാചിത്രങ്ങൾ 40
3.2 താളത്തിൽ പാടാം 43
3.3 നിറവിന്റെ നൃത്തം 46
3.4 പാട്ടുപാലം 49
3.5 ക്ലിക്ക് 52

യൂണിറ്റ് 4 ഭാവനാലോകം 56

4.1 കളിച്ച് പഠിക്കാം ചിഹ്നങ്ങൾ 57
4.2 കൊട്ടിപ്പാടാം 60
4.3 വേനൽചുവടുകൾ 63
4.4 കഥയൊരുക്കം 66
4.5 സിനിമയുടെ രസം 70

യൂണിറ്റ് 5 ചേർത്ത് ചേർത്ത് ചേർന്ന് 72

5.1 സൂര്യകാന്തിപ്പൂക്കൾ 73
5.2 സ രി ഗ മ പ ധ നി 76
5.3 രൂപം മാറാം ചുവടുവയ്ക്കാം 79
5.4 പുറപ്പാട് 82
5.5 മുറിക്കാം ചേർക്കാം 86

യൂണിറ്റ് 6 സർഗമേളം 88

6.1 വാക്കും വരയും 89
6.2 പാട്ടുമായ് കൂട്ടുകൂടാം 92
6.3 കൈമൊഴി 95
6.4 ഒരിടത്തൊരിടത്ത് 97
6.5 കാഴ്ചയുടെ ശബ്ദങ്ങൾ 100

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കുതന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക്" എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).




# ചുറ്റുവട്ടം

വർണ്ണക്കാഴ്ചകൾ

പ്രകൃതിയും സംഗീതവും

നൃത്തം ചെയ്താലോ?

പറന്ന്... പറന്ന്... പറന്ന്...!

ചലിക്കുന്ന ചിത്രങ്ങൾ

# വർണ്ണക്കാഴ്ചകൾ

"ഹായ് എത്ര പൂക്കളാ ജിനു നിന്റെ ചിത്രത്തിൽ!

എല്ലാ പൂക്കൾക്കും നിറം കൊടുത്തിട്ടില്ലല്ലോ!"

"എന്റെ കൈയിൽ ആകെ മൂന്നു നിറങ്ങളേയുള്ളു..

ഈ പൂവിനു നിറംകൊടുക്കാൻ എനിക്ക് പുതിയൊരു നിറം വേണം.."

"രണ്ട് നിറങ്ങൾ തമ്മിൽ ചേർത്ത് നോക്കിയാലെന്താ?"

"അതുകൊള്ളാം. ചെയ്തു നോക്കാം..!"

ജലച്ഛായത്തിലെ രണ്ട് നിറങ്ങൾ ചേർത്ത് പുതിയൊരു നിറമുണ്ടാക്കാം.

വെള്ളപ്പേപ്പറിൽ നിങ്ങൾക്ക് ഇഷ്ടപ്പെട്ട രണ്ട് നിറങ്ങൾ ചേർത്ത് വെള്ളവും ബ്രഷും ഉപയോഗിച്ച് ലയിപ്പിച്ചുനോക്കൂ..



**ഏതൊക്കെ നിറങ്ങൾ ചേർത്തപ്പോഴാണ് പുതിയ നിറം ലഭിച്ചത്? അവ ചാർട്ട് ചെയ്യാമോ?**



രണ്ട് നിറങ്ങൾ ചേർന്നപ്പോൾ പുതിയൊരു നിറം ലഭിച്ചല്ലോ. ഇതുപോലെ വിവിധ നിറങ്ങൾ പരസ്പരം ചേർത്ത് പുതിയ നിറങ്ങൾ നിർമ്മിച്ച്നോക്കൂ

## നിറമുള്ള ആകാശം

ഇങ്ങനെ വ്യത്യസ്ത നിറങ്ങൾ ചേർത്ത് ആകാശം സൃഷ്ടിക്കാം.

ആകാശത്തിൽ എന്തെല്ലാം വരച്ചുചേർക്കാൻ കഴിയും?

- ---------------------------------------------
- ---------------------------------------------
- ---------------------------------------------

വരച്ചുപൂർത്തിയായ ചിത്രങ്ങൾ പ്രദർശിപ്പിക്കാം.

പ്രദർശനത്തിലെ ഏതെല്ലാം ചിത്രങ്ങളാണ് നിങ്ങൾക്ക് ഇഷ്ടപ്പെട്ടത്?

ഇഷ്ടപ്പെടാനുള്ള കാരണങ്ങൾ എന്തൊക്കെയാണ്?

നിങ്ങളുടെ ചിത്രത്തിൽ ഇനിയും മാറ്റങ്ങൾ വരുത്തേണ്ടതുണ്ടോ?

ഒരു ഉദാഹരണ ചിത്രം നോക്കൂ....







## ക്ലിന്റിന്റെ വർണ്ണലോകം



**എഡ്മുണ്ട് തോമസ് ക്ലിന്റ് (1976-1983)**

കുട്ടിക്കാലത്ത് തന്നെ വളരെയധികം ചിത്രങ്ങൾ വരച്ച് ലോകത്തെ അതിശയിപ്പിച്ച ചിത്രകാരനാണ് എഡ്മുണ്ട് തോമസ് ക്ലിന്റ്. കേവലം ഏഴ് വയസ്സ് വരെ മാത്രം ജീവിച്ച ക്ലിൻറ് തന്റെ ചുറ്റുപാടുകളെ നിരീക്ഷിച്ച് ആഘോഷങ്ങൾ, ജീവജാലങ്ങൾ തുടങ്ങി 25000 ത്തോളം ചിത്രങ്ങൾ വരച്ചു. പെൻസിൽ, ക്രയോൺസ്, വാട്ടർ കളർ എന്നീ മാധ്യമങ്ങൾ ഉപയോഗിച്ചാണ് ക്ലിന്റ് തന്റെ ചിത്രങ്ങൾ വരച്ചത്. 1983 ഏപ്രിലിൽ കോഴിക്കോട് വച്ച് താൻ കണ്ട തിരമാലയുടെ ചിത്രമാണ് ക്ലിന്റ് അവസാനമായി വരച്ചത്.

ക്ലിന്റ് വരച്ച മറ്റു ചിത്രങ്ങൾ കണ്ടെത്താമോ?

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 5 ലെ 1.1 എന്ന ഫയൽ തുറക്കുക.

### ലയിപ്പിച്ചു വരയ്ക്കാം

ജലച്ചായത്തിലെ വിവിധ നിറങ്ങൾ സംയോജിപ്പിച്ച് ഉണ്ടാക്കിയ പുതിയ നിറങ്ങൾ ഉപയോഗിച്ച് നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഒരു ചിത്രം വരച്ചുനോക്കൂ..

ഏതൊക്കെ നിറങ്ങൾ നിങ്ങൾ പുതിയതായി കണ്ടെത്തി?

വരച്ചുപൂർത്തിയായ ചിത്രങ്ങൾ പ്രദർശിപ്പിക്കാം.

ജലം ഉപയോഗിച്ച് ചെയ്യാവുന്ന മറ്റ് ചിത്രരചനാ മാധ്യമങ്ങൾ കണ്ടെത്താമോ?

- പോസ്റ്റർ കളർ
- ഗോഷ്
- -------------------------
- -------------------------





# പ്രകൃതിയും സംഗീതവും

തെങ്ങോലത്തുമ്പിൽ ഇരുന്ന് കുഞ്ഞിക്കുയിൽ പാടുന്നത് കേൾക്കാൻ എന്ത് രസമാണ്! മുളങ്കാടിന്റെ മൂളിപ്പാട്ട്, കാറ്റിന്റെ മർമ്മരം, അരുവിയിലൂടെ വെള്ളം ഒഴുകുന്ന ശബ്ദം.. ഇതുപോലെ പ്രകൃതിയിലെ വിവിധങ്ങളായ ശബ്ദങ്ങൾ എന്തൊക്കെയാണെന്ന് പറയാമോ?

- മുളങ്കാട്
- ഇടിമുഴക്കം
- -------------------------
- -------------------------
- -------------------------

## ശബ്ദത്തെ അറിയാം



ചുറ്റുപാടിൽനിന്നും ലഭിക്കുന്ന വസ്തുക്കൾ ഉപയോഗിച്ച് ശബ്ദം ഉണ്ടാക്കാം.

- റബ്ബർബാന്റ്
- പാത്രം
- പപ്പായത്തണ്ട്
- കല്ല്
- ചിരട്ട

മുകളിൽ കൊടുത്തിരിക്കുന്ന വസ്തുക്കൾ ഉപയോഗിച്ച് നിങ്ങൾ ഉണ്ടാക്കിയ ശബ്ദങ്ങൾക്ക് വ്യത്യാസം ഉണ്ടായിരുന്നോ?

ഈ ശബ്ദങ്ങൾ സംഘമായി ആവിഷ്ക്കരിച്ചപ്പോൾ നിങ്ങൾക്ക് എങ്ങനെ അനുഭവപ്പെട്ടു?

പ്രകൃതിയിൽ അനേകം ശബ്ദങ്ങൾ ഉണ്ട്. ഇവയെ നമുക്ക് രണ്ടായി തിരിക്കാം. കേൾക്കുവാൻ ഇമ്പമുള്ള ശബ്ദവും ഇമ്പമില്ലാത്ത ശബ്ദവും. ഇവയ്ക്ക് ചില ഉദാഹരണങ്ങൾ കണ്ടെത്താമോ?

## കളകള ഗാനം



താഴെ തന്നിരിക്കുന്ന ശബ്ദങ്ങൾ കോർത്തിണക്കി പാടി അവതരിപ്പിക്കാം.

- പ്രകൃതിയിൽ വിവിധ ശബ്ദങ്ങളുണ്ട്.
- ചില ശബ്ദങ്ങൾ സംഗീതാത്മകമാണ്.
- ഓരോ ശബ്ദത്തിനും അതിന്റേതായ പ്രത്യേകതകളുണ്ട്.



**ലിഡിയൻ നാദസ്വരം**
ചെന്നൈ സ്വദേശി. തന്റെ പതിനാലാം വയസ്സിൽ അമേരിക്കൻ ടെലിവിഷൻ ചാനലായ CBS-ലെ 'ദ വേൾഡ്സ് ബെസ്റ്റ്' എന്ന റിയാലിറ്റി ടാലന്റ് ഷോയിൽ (2019) പിയാനോ വായിച്ച് ഒരു മില്യൺ ഡോളർ നേടി വിജയിയാകുകയായിരുന്നു. തുടർന്ന് സിനിമ സംഗീതസംവിധാന രംഗത്തേക്ക് കടന്നു. പിയാനോ കൂടാതെ തബല, മൃദംഗം, ഗിറ്റാർ തുടങ്ങി നിരവധി ഉപകരണങ്ങളിൽ പ്രാവീണ്യമുണ്ട്.

അരുവിയുടെ കള കള ശബ്ദം



അണ്ണാന്റെ ചിൽ ചിൽ ശബ്ദം



തീവണ്ടിയുടെ ചുകു ചുകു ശബ്ദം



മണിയുടെ ണിം ണിം ശബ്ദം



"കള കള കള കള
ചിൽ ചിൽ ചിൽ ചിൽ
ചുകുചുകുചുകുചുകു
ണിംണിംണിംണിം "

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 5 ലെ 1.2 എന്ന ഫയൽ തുറക്കുക.

ഇതേ ശബ്ദങ്ങൾ ക്രമം മാറ്റി വ്യത്യസ്ത ഈണത്തിൽ പാടാം.
ഇത്തരത്തിൽ പരിചിതമായ ഇമ്പമുള്ള ശബ്ദങ്ങൾ കണ്ടെത്തി അവ കൂട്ടിയിണക്കി ഈണത്തിൽ പാടുക.

## മികവുകൾ കണ്ടെത്താം

വ്യത്യസ്തതയാർന്ന ഇമ്പമുള്ള ശബ്ദങ്ങൾ കണ്ടെത്തിയവർ ആരെല്ലാം? കണ്ടെത്തിയ ശബ്ദങ്ങൾ ഈണത്തിൽ അവതരിപ്പിച്ചവർ ആരെല്ലാം?

പാട്ടുപെട്ടിയിൽ കൊടുത്തിരിക്കുന്ന ലളിതഗാനം പാടിനോക്കുമല്ലോ. ഇതുപോലുള്ള മറ്റ് ഗാനങ്ങൾ കണ്ടെത്തി ചേർക്കണേ...

### പാട്ടുപെട്ടി

**ലളിതഗാനം**

സൂര്യനെ കാണുവാൻ കണ്ണു തുറന്നൊരു
പൂവിന്റെ ദുഃഖവും പേറി
പാതിരാവിൻ വഴിത്താരയിൽ ഞാൻ നിന്നൂ
പാടുവാനാവാതെ നിന്നൂ
സൂര്യനെപ്പാടിയുണർത്താനരിയൊരു
താരസ്വരം തേടി
താളം തുടിക്കുന്ന പൊൻ തുടി തേടി ഞാൻ
താഴ്‌വരയിൽ നിന്നൂ
(സൂര്യനെ....)
കാടുകളിൽ കാറ്റു മൂളിയുണരുന്നു
ഓടപ്പുൽത്തണ്ടുകളിൽ
മാടി വിളിക്കുമോ ശിംശപാ വൃക്ഷമേ
ദൂരെപ്രഭാതത്തെ നീ
(സൂര്യനെ...)

**ഒ. എൻ. വി കുറുപ്പ്**

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 5 ലെ 1.3 എന്ന ഫയൽ തുറക്കുക.

## ലോകസംഗീതദിനം

ജൂൺ-21 ലോക സംഗീതദിനമായി ആഘോഷിക്കപ്പെടുന്നു. ഇതിന്റെ ഭാഗമായി സംഗീതത്തിന്റെ പ്രാധാന്യം വിളിച്ചോതുന്ന ഒരു ഗാനം സംഘമായി പാടി അവതരിപ്പിക്കൂ.

# നൃത്തം
## ചെയ്താലോ?





വരിവരിയായി പോകുന്ന ഉറുമ്പുകളുടെ ചലനം നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ?

ഒരേ വേഗതയിൽ നീങ്ങുന്ന ഉറുമ്പിൻ നിരയെ നമുക്ക് അനുകരിച്ച് നോക്കിയാലോ?

മനുഷ്യന്റെ ശീലങ്ങളോടൊപ്പം തന്നെ വളർന്നുവന്നതാണ് കലകൾ. താളവും നൃത്തവും സംഗീതവുമെല്ലാം ആദിമ മനുഷ്യരുടെ നിത്യജീവിതത്തിന്റെ ഭാഗമായിരുന്നു. പ്രാചീന ഗുഹാചിത്രങ്ങൾ ഇതു സാക്ഷ്യപ്പെടുത്തുന്നു.



## കൈയടിക്കാം ചുവടു വയ്ക്കാം

- ഒരു കൈയടിയോടൊപ്പം ഒരു ചുവട് മുന്നോട്ടുവയ്ക്കുക.
- രണ്ട് കൈയടിയോടൊപ്പം രണ്ട് ചുവട് മുന്നോട്ടുവയ്ക്കുക.
- മൂന്ന് കൈയടിയോടൊപ്പം മൂന്ന് ചുവട് മുന്നോട്ടുവയ്ക്കുക.
- നാല് കൈയടിയോടൊപ്പം നാല് ചുവട് പിന്നോട്ടുവയ്ക്കുക.

രണ്ടോ മൂന്നോ തവണ ആവർത്തിച്ച് പ്രവർത്തനം ചെയ്യുക.

ഒന്നാം ഘട്ടം : ക്ലാസിലെ എല്ലാ കുട്ടികളും ഒന്നിച്ച് വട്ടത്തിൽ നിന്നുകൊണ്ട് പ്രവർത്തനം ചെയ്യണം.

രണ്ടാം ഘട്ടം : മൂന്നോ നാലോ ഗ്രൂപ്പുകളായി ചെയ്യാം.

പ്രവർത്തനരീതിയനുസരിച്ച് ഈ കളി ഗ്രൂപ്പുകളായി ഇഷ്ടമുള്ള ആകൃതിയിൽ നിന്ന് കളിക്കുക.

## മികവുകൾ കണ്ടെത്താം

- ഏറ്റവും മികച്ച രീതിയിൽ അവതരിപ്പിച്ചവർ ആരെല്ലാം?
- അവതരണങ്ങൾ മികച്ചതാക്കിയ ഘടകങ്ങൾ എന്തെല്ലാമാണ്?

മൃഗങ്ങളുടെ ചലനങ്ങൾ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ?

എല്ലാ മൃഗങ്ങളും ഒരുപോലെയാണോ നടക്കുന്നത്?

ആന എങ്ങനെയാണ് നടക്കുന്നത്?

പൂച്ച നടക്കുന്നത് എങ്ങനെയാണ്?

കുരങ്ങൻ നടക്കുന്നത് എങ്ങനെയെന്ന് കാണിക്കൂ..



മീനുകൾ നീന്തുന്നത് എങ്ങനെയെന്ന് കാണിക്കൂ..

ആനയുടെയും കുതിരയുടെയും മീനിന്റെയും ചലനങ്ങൾ നിങ്ങൾ മനസ്സിലാക്കിയല്ലോ..

ഇവയൊക്കെ പാട്ടിനൊത്താണ് ചലിക്കുന്നതെങ്കിലോ? എങ്ങനെ ഉണ്ടാവും? വേറെ ഏതൊക്കെ ജീവികളുടെ ചലനത്തെ നൃത്തമാക്കി അവതരിപ്പിക്കാൻ സാധിക്കും? ചെയ്തുനോക്കൂ.

## പാട്ടിനൊത്ത് നൃത്തം ചെയ്യാം

"തത്തക്കം പിത്തക്കം
ആനവരുന്നേ
തത്തോം തകതോം തത്തോം
തത്തക്കം പിത്തക്കം
ആനവരുന്നേ
തത്തോം തകതോം തത്തോം"



"ടക്കട ടക്കട
കുതിര വരുന്നേ
ടക് ടക് ടക് ടക്
ടക്കട ടക്കട
കുതിര വരുന്നേ
ടക് ടക് ടക് ടക് "



"മീനുകൾ നീന്തി കളിക്കണ
കണ്ടോ
ചാം- ച്ചും ചാം- ച്ചും
മീനുകൾ നീന്തി കളിക്കണ
കണ്ടോ
ചാം- ച്ചും ചാം-
-ച്ചും"



ഓരോ ജീവിയെയും അനുകരിച്ചപ്പോൾ കൈയും കാലും മുഖവുമെല്ലാം എങ്ങനെയൊക്കെയാണ് ചലിപ്പിച്ചത് എന്നുകൂടി ശ്രദ്ധിക്കണേ..

**മൈക്കിൾ ജാക്സൺ**



1958 ൽ യുണൈറ്റഡ് സ്റ്റേറ്റ്സിലെ ഇന്ത്യാനയിൽ ജനിച്ച മൈക്കിൾ ജോസഫ് ജാക്സൺ എന്ന മൈക്കിൾ ജാക്സൺ തന്റെ പോപ് സംഗീതം കൊണ്ടും ചടുലമായ നൃത്തംകൊണ്ടും ലോകത്തെ വിസ്മയിപ്പിച്ച കലാകാരനാണ്. 'മൂൺവാക്ക്' എന്ന ജാക്സന്റെ പ്രശസ്തമായ നൃത്തച്ചുവടുകൾക്ക് ഇന്നും ആരാധകരേറെയുണ്ട്. ഗ്രാമി അവാർഡുകൾ, ഗോൾഡൻ ഗ്ലോബ് അവാർഡ്, ഗിന്നസ് വേൾഡ് റെക്കോർഡ് എന്നിവ ലഭിച്ച മൈക്കിൾ ജാക്സൺ 2009 ൽ അന്തരിച്ചു.



# പറന്ന്... പറന്ന്... പറന്ന്...

ചിത്രത്തിൽ കാണുന്ന പക്ഷിയാണ് നമ്മൾ എന്നൊന്ന് ചിന്തിച്ചുനോക്കൂ.. എത്ര രസമായിരിക്കും! എങ്ങനെയാണ് കിളികൾ പറക്കുക? കൈകൾ വിരിച്ച് പക്ഷി പറക്കുന്നതുപോലെ നമുക്കൊന്ന് പറന്ന് നോക്കിയാലോ?

## കൈവിരിച്ച് പറക്കാം

കുട്ടികൾ കൈകൾ വിരിച്ച് ക്ലാസ് മുറിയിൽ പക്ഷികൾ പറക്കുന്നതുപോലെ അഭിനയിക്കുന്നു.

കൊള്ളാം എല്ലാവരും നന്നായി പറക്കുന്നുണ്ട്.

ഏതൊക്കെ പക്ഷികളായാണ് നിങ്ങൾ പറന്നത്?

എത്ര വേഗത്തിലാണ് ചിറകുകൾ വീശിയത്?

എത്ര ഉയരത്തിലാണ് പറന്നത്?

ഏതിന്റെയൊക്കെ മുളിലൂടെയാണ് നിങ്ങൾ പറന്നത്?

## സാങ്കല്പികയാത്ര പോകാം

നമ്മൾ എല്ലാവരും കൂടി ഒരു സാങ്കല്പികയാത്ര പോവുകയാണ്.

വ്യത്യസ്ത പ്രദേശങ്ങളിലൂടെയാണ് സഞ്ചരിക്കുന്നത്. ക്ലാസ് റൂമിൽ തന്നെയാണ് നമ്മുടെ യാത്ര.

എല്ലാവരും വീട്ടിൽനിന്ന് വാതിൽചാരി പതിയെ വീടിന്റെ മുറ്റത്തേക്കിറങ്ങിക്കോളൂ.. പടവുകൾ ഇറങ്ങി നടക്കുന്നതിനിടയിൽ വഴിയരികിലുള്ള

ST-481-2-ART EDUCATION(M)5

ചെടികളെയും പൂക്കളെയും നിങ്ങൾ കാണുന്നില്ലേ? ഏതൊക്കെ നിറത്തിലുള്ള പൂക്കളാണവ? അവയോട് സ്നേഹം പ്രകടിപ്പിക്കാൻ മറക്കരുതേ. നിലത്ത് പടർന്നുകിടക്കുന്ന കുഞ്ഞുപൂക്കൾക്ക് നിങ്ങളോട് ചിലത് പറയാനുണ്ട്. അതൊന്ന് കാതോർത്തുനോക്കൂ.. അവ സുഗന്ധം പരത്തുന്നില്ലേ..?

എല്ലാവർക്കും അല്പനേരം ഇരിക്കാം.. വഴിയരികിൽ കണ്ട പൂക്കളുടെ നിറങ്ങളും മണവും ഓർത്തുനോക്കൂ..

ഇനി നമ്മൾ ഒരുമിച്ച് പാടത്തേക്കിറങ്ങുകയാണ്. നടന്നുനടന്ന് നമ്മൾ പാടത്തേക്കെത്തി. നിങ്ങൾ എല്ലാവരും വയൽവരമ്പിലാണ് ഇപ്പോൾ നിൽക്കുന്നത്. അവരവരുടെ വരമ്പിലൂടെ ശ്രദ്ധിച്ച് നടന്നോളൂ. ദൂരെയുള്ള കൂട്ടുകാരെ നിങ്ങൾക്കരിലേക്ക് വിളിച്ചോളൂ. അങ്ങനെ എല്ലാവരും തോട്ടരികിൽ ഒറ്റത്തടിപ്പാലത്തിനടുത്തെത്തി. ഇനി ഓരോരുത്തരായി പാലം കടന്ന് തോടിന് മറുകരയിലേത്തിക്കോളൂ.

നിങ്ങൾ ഓരോരുത്തരുടേയും മികവുകളും, മെച്ചപ്പെടുത്തേണ്ട കാര്യങ്ങളും ചർച്ച ചെയ്യൂ...

നിങ്ങൾ തോട്ടിലെ മീനുകളെ കാണുന്നുണ്ടോ? അവയെ ഒന്നു ശ്രദ്ധിക്കൂ.. രണ്ടു പേർ ചേർന്ന് തോർത്ത് ഉപയോഗിച്ച് തോട്ടിൽ നിന്ന് മീൻ പിടിച്ചാലോ?

എന്നാൽ തുടങ്ങിക്കോളൂ. ഇപ്പോൾ ഓരോരോ തുള്ളികളായ് മഴ പെയ്തു തുടങ്ങി. തോട്ടിൽ നിന്ന് എല്ലാവരും കയറിക്കോളൂ..



മഴ ശക്തി പ്രാപിക്കുന്നു. വയൽ വരമ്പിലൂടെ എല്ലാവരും വേഗത്തിൽ ഓടൂ.. വരമ്പിൽ ആകെ ചെളിയും വഴുക്കലുമായി.

വഴുക്കലുള്ള വരമ്പിലൂടെ വേഗത്തിൽ ഓടിയപ്പോൾ എന്താണ് സംഭവിച്ചത്?

എങ്ങനെയുണ്ടായിരുന്നു നമ്മുടെ യാത്ര?

ഈ യാത്രയിൽ നിങ്ങൾ നന്നായി ചെയ്തത് എന്തൊക്കെയാണ്?



ഈ പ്രവർത്തനം നമുക്കൊന്ന് ഓർമിച്ചു നോക്കിയാലോ. നമ്മൾ എന്തൊക്കെയാണ് ചെയ്തത്? എവിടെയൊക്കെ സഞ്ചരിച്ചു? നമുക്ക് ഗ്രൂപ്പ് തിരിഞ്ഞ് ചെയ്ത കാര്യങ്ങൾ ചർച്ച ചെയ്താലോ.. ചർച്ച ചെയ്ത കാര്യങ്ങൾ ഒരാൾ അവതരിപ്പിക്കണേ..

ഈ പ്രവർത്തനത്തിൽ, ഇല്ലാത്ത പാലത്തിലൂടെ നടന്നും, കാണാത്ത പൂക്കളുടെ നിറങ്ങൾ കണ്ടും, ഇറങ്ങാത്ത പുഴയിലെ മീൻ പിടിച്ചും, പെയ്യാത്ത മഴ നനഞ്ഞും നിങ്ങൾ ഇപ്പോൾ ഒരു യാത്ര ചെയ്തു വന്നില്ലേ? ഇതിനു മുൻപ് എപ്പോഴെങ്കിലും ഇങ്ങനെ സങ്കല്പങ്ങളെ അനുഭവിച്ചറിയാൻ ശ്രമിച്ചിട്ടുണ്ടോ? ഇങ്ങനെയും അഭിനയം പരിശീലിച്ചുതുടങ്ങാം..

ഇതുപോലെ സംഘമായി ചേർന്ന് വഞ്ചി തുഴയുന്ന രംഗം അഭിനയിച്ചുനോക്കൂ... അഭിനയിച്ചപ്പോൾ നിങ്ങൾക്കുണ്ടായ അനുഭവങ്ങൾ എന്തൊക്കെയെന്ന് പങ്കുവയ്ക്കൂ...





# ചലിക്കുന്ന ചിത്രങ്ങൾ

എത്രയെത്ര പൂക്കളാണ് പൂന്തോട്ടത്തിൽ വിരിഞ്ഞുനിൽക്കുന്നത്.. അതിൽ നിങ്ങൾക്കിഷ്ടപ്പെട്ട പൂവേതാണ്? ആ പൂവ് വരച്ചുനോക്കൂ..

നിങ്ങൾ വരച്ച പൂവിലേക്ക് ഒരു പൂമ്പാറ്റ ദൂരെനിന്ന് പറന്നു വന്ന് ഇരുന്നാലോ..!

പൂവിലേക്ക് പറന്നെത്തുന്ന പൂമ്പാറ്റയുടെ വിവിധ ഘട്ടങ്ങൾ എന്തൊക്കെയായിരിക്കും?

ഈ ഘട്ടങ്ങളുടെ പ്രത്യേകതകൾ എന്തൊക്കെയാണ്? ഒരേ വലുപ്പത്തിൽ മുറിച്ചെടുത്ത പേപ്പറുകളിൽ പൂവിലേക്കു വരുന്ന പൂമ്പാറ്റയുടെ ചലനങ്ങൾ വരച്ചുനോക്കൂ.. വരച്ച ചിത്രങ്ങൾ ചേർത്തുവച്ച് മറിച്ചുനോക്കുമ്പോൾ പൂവിലേക്ക് പൂമ്പാറ്റ പറന്നുവന്ന് ഇരിക്കുന്നതായി അനുഭവപ്പെടുന്നില്ലേ? ചിത്രങ്ങൾ പ്രദർശിപ്പിച്ച് അഭിപ്രായങ്ങൾ രേഖപ്പെടുത്തൂ.. ഇഷ്ടപ്പെട്ട ചിത്രങ്ങൾ ഏതൊക്കെ? ഇഷ്ടപ്പെടാനുള്ള കാരണങ്ങൾ എന്തൊക്കെയാണ്?

### ഫ്ലിപ്പ് ബുക്ക്

ഒരു പേജിൽനിന്ന് അടുത്ത പേജിലേക്ക് ക്രമേണ മറിക്കുമ്പോൾ ചലനം ദൃശ്യമാക്കുന്ന ചിത്രപരമ്പരയുള്ള പുസ്തകമാണ് ഫ്ലിപ്പ് ബുക്ക്.



സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 5 ലെ 1.4 എന്ന ഫയൽ തുറക്കുക.

നിങ്ങൾക്കിഷ്ടപ്പെട്ട ആശയം കണ്ടെത്തി ചിത്രങ്ങൾ വരച്ച് നിറം കൊടുത്ത് മറ്റൊരു ഫ്ലിപ്പ്ബുക്ക് തയ്യാറാക്കൂ.



അഗസ്റ്റും ലൂയിസ് ലൂമിയർ

1895ൽ പാരീസിലെ ഗ്രാൻഡ് കഫേയിൽ ലൂമിയർ സഹോദരന്മാരാണ് ലോകത്തിൽ ആദ്യമായി ചലച്ചിത്രം പ്രദർശിപ്പിച്ചത്. റെയിൽവേസ്റ്റേഷനിൽ പുക തുപ്പിക്കൊണ്ട് തീവണ്ടി വരുന്നതും, കൂറ്റൻ ഫാക്ടറി വിട്ട് പ്രവേശന കവാടത്തിലൂടെ തൊഴിലാളികൾ പിരിഞ്ഞു പോകുന്നതും, തിരമാലകൾ കരയിലേക്ക് ആഞ്ഞടിക്കുന്നതും രക്ഷിതാക്കൾ കുഞ്ഞിനെ ഊട്ടുന്നതും മറ്റുമാണ് ലൂമിയർ സഹോദരന്മാർ ക്യാമറയിൽ പകർത്തിയത്. പക്ഷേ സ്ക്രീനിൽ തീവണ്ടി തെളിഞ്ഞുവന്നതോടെ യഥാർഥത്തിൽ തീവണ്ടി വരുന്നതാണെന്ന് കരുതി കാണികൾ ഭയന്നോടുകയാണുണ്ടായത്!

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 5 ലെ 1.5 എന്ന ഫയൽ തുറക്കുക.






# ചെയ്തറിവിൻ പാഠങ്ങൾ

കരവിരുതിൻ വിസ്മയങ്ങൾ

തിത്തെയ് തക തെയ് തെയ് തോം

നാടിന്റെ താളം

വൺ, ടൂ, ത്രീ, സ്റ്റാച്യൂ

മഴവില്ല് കാണുന്ന കുട്ടി

# കരവിരുതിൻ വിസ്മയങ്ങൾ



ഈ പാവയെ നിങ്ങൾക്ക് ഇഷ്ടപ്പെട്ടോ?

എന്തൊക്കെ വസ്തുക്കളാണ് ഇതിൽ ഉപയോഗിച്ചിരിക്കുന്നത്? നിരീക്ഷിച്ച് കണ്ടെത്താമോ?

- -------------------------
- -------------------------
- -------------------------

## കരവിരുത്

ഇത്തരത്തിൽ ചിരട്ടകളും ഓലയും മുളയും മറ്റും ഉപയോഗിച്ച് കരകൗശല വസ്തുക്കൾ നിർമ്മിക്കാറുണ്ട്.

മറ്റെന്തെല്ലാം വസ്തുക്കൾകൊണ്ട് കളിപ്പാട്ടങ്ങളും, പാവകളും മറ്റ് ഉപകരണങ്ങളും നിർമ്മിക്കാൻ സാധിക്കും?

ചർച്ച ചെയ്യൂ...

- കളിമണ്ണ്
- -------------------------
- -------------------------
- -------------------------



## പേപ്പർകിളി

നമുക്ക് നിറമുള്ള പേപ്പറുകൾ ഉപയോഗിച്ച് ഒരു പക്ഷിയെ നിർമ്മിച്ചാലോ.

നിങ്ങൾ നിർമ്മിക്കുന്ന പക്ഷിക്ക് നിറങ്ങൾ കൊടുത്ത് ഭംഗിയാക്കണേ.

## നിർമ്മാണ ഘട്ടങ്ങൾ




എല്ലാവരും ഉണ്ടാക്കിയ പക്ഷികളെ ഒരുമിച്ച് തൂക്കിയിട്ടിരിക്കുന്നത് കാണാൻ നല്ല രസമുണ്ട് അല്ലേ?

ഏതൊക്കെ പക്ഷികളെ നിങ്ങൾക്ക് ഇഷ്ടപ്പെട്ടു? ഇഷ്ടപ്പെടാനുള്ള കാരണങ്ങൾ എന്തെല്ലാമാണ്?

കുറിപ്പ് തയ്യാറാക്കൂ..

ഓല ഉപയോഗിച്ചും നമുക്ക് തത്തയെ നിർമ്മിക്കാം..

ഓലകൊണ്ട് നിർമ്മിക്കാവുന്ന മറ്റ് അലങ്കാര വസ്തുക്കൾ കണ്ടെത്താമോ?

ഓലത്തത്ത, പീപ്പി, പന്ത്, കാറ്റാടി...



സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 5 ലെ 2.1 എന്ന ഫയൽ തുറക്കുക.



## കരകൗശലം

കരവിരുതും നൈപുണ്യവും ഉൾച്ചേർന്നുവരുന്ന നിർമ്മാണ രൂപകല്പനയാണ് കരകൗശലം. നിത്യോപയോഗ വസ്തുക്കൾ, അലങ്കാര വസ്തുക്കൾ, ആഭരണങ്ങൾ, വസ്ത്രങ്ങൾ, വാദ്യോപകരണങ്ങൾ, കളിപ്പാട്ടങ്ങൾ തുടങ്ങിയവ ഈറ്റ, മുള, ചൂരൽ, മരത്തടി, പുല്ല്, പലതരം നാരുകൾ, കളിമണ്ണ്, ലോഹം എന്നിവകൊണ്ട് പ്രാദേശികമായി നിർമ്മിച്ചുവരുന്നുണ്ട്.

## തയ്യാറാക്കിയ കളിപ്പാട്ടങ്ങളുടെ പ്രദർശനം നടത്താം

മരം കൊണ്ടുണ്ടാക്കുന്ന ഒരു പസിൽ കളിയാണ് ഏടാകൂടം.



നിങ്ങൾക്ക് പരിചിതമായ മറ്റ് പസിൽ കളികൾ (Puzzle Game) ഏതൊക്കെയാണ്?

- -------------------------------------
- -------------------------------------
- -------------------------------------

മഞ്ചാടിക്കുരു ഉപയോഗിച്ച് കളിക്കാൻ പറ്റുന്ന ഒരു ബോർഡ് ഗെയിം (Board Game) ആണ് പല്ലാങ്കുഴി.

നിങ്ങൾക്ക് പരിചിതമായ മറ്റ് ബോർഡ് ഗെയിമുകൾ ഏതൊക്കെയാണ്?

- -----------------------------------
- -----------------------------------
- -----------------------------------



# തിത്തെയ് തക തെയ് തെയ് തോം



കാണികൾ ആവേശത്തോടെ "തിത്തിത്താരാ തിത്തിത്തെയ് തിത്തെയ് തക തെയ് തെയ് തോം" എന്ന് ഏറ്റ് പാടുന്നു. കായലിൽ വള്ളംകളി പാടിയും തുഴഞ്ഞും തിമിർക്കുകയാണ്.

കാണികൾ ഏറ്റുപാടുന്നത് എന്താണെന്ന് പറയാമോ?

വായ്ത്താരികളെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടോ?

വായ്ത്താരികൾ എന്തിനാണ് പാടുന്നതെന്നറിയാമോ?

1. ഒത്തൊരുമയുണ്ടാകാൻ
2. അധ്വാനത്തെ ആസ്വാദ്യകരമാക്കാൻ

## വായ്ത്താരിക്കൊപ്പം



പരിചിതമായ ചില വായ്ത്താരികൾ പരിചയപ്പെടാം.

വ്യത്യസ്ത ഗ്രൂപ്പുകളായി തിരിഞ്ഞ് ഈ വായ്ത്താരികൾ ഈണത്തിൽ കൈകൾ കൊട്ടി പാടി നോക്കൂ.

തിത്തിത്താരാ തിത്തിത്തെയ്
തിത്തെയ് തക തെയ് തെയ്
തോം

തന്നാനെ താന തന
തന്നാനം താന

രാരീരം രാരീരം രാരോ

**വായ്ത്താരികൾ**
ചലന താളത്തിലൂടെ രൂപപ്പെടുന്നവയാണ് വായ്ത്താരികൾ. അക്ഷരങ്ങൾ കൂട്ടിയിണക്കി ഈണത്തിലും താളത്തിലുമാണ് വായ്ത്താരികൾ പാടുന്നത്. കൂട്ടായ പ്രയത്നത്തിന്റെ സംഗീതാത്മകമായ ആവിഷ്കാരം കൂടിയാണ് വായ്ത്താരികൾ.

ഇതുപോലെ നിങ്ങൾ കേട്ടിട്ടുള്ള മറ്റു വായ്ത്താരികൾ വ്യത്യസ്ത ഗ്രൂപ്പുകളായി കണ്ടെത്തി പാടി അവതരിപ്പിക്കൂ.

## അക്ഷരങ്ങൾകൊണ്ടൊരു വായ്ത്താരി

ചുവടെ കൊടുത്തിരിക്കുന്ന ബലൂണുകളിലെ അക്ഷരങ്ങൾ ശ്രദ്ധിക്കൂ. ഇവ കൂട്ടിച്ചേർത്ത് പുതിയ വായ്ത്താരികൾ നിർമ്മിക്കൂ.

രോ തെയ് തി താ ല ഓ ലീ

രീ തക ന്ന ത്തി ന ന്ത തോം

നിങ്ങൾ കണ്ടെത്തിയ വായ്ത്താരികൾക്ക് ലളിതമായ ഈണം നൽകി ഗ്രൂപ്പായി പാടി അവതരിപ്പിക്കൂ. ഏത് ഗ്രൂപ്പാണ് മെച്ചപ്പെട്ട രീതിയിൽ പാടിയത്?

ഓരോ ഗ്രൂപ്പും മറ്റു ഗ്രൂപ്പുകളുടെ പ്രവർത്തനം വിലയിരുത്തുമല്ലോ?
വായ്ത്താരികൾ കാണപ്പെടുന്ന ഗാനശാഖകൾ ഏതെല്ലാമാണെന്ന് കണ്ടെത്താമോ?

## പാടാം വായ്ത്താരിയോടൊപ്പം

രണ്ട് ഗ്രൂപ്പുകളായി തിരിഞ്ഞ് താഴെ തന്നിരിക്കുന്ന പാട്ടുകൾ വായ്ത്താരിയോടുകൂടി പാടി അവതരിപ്പിക്കുമല്ലോ.

- പാട്ടിനെ താളാത്മകമാക്കുന്നവയാണ് വായ്ത്താരികൾ.
- വഞ്ചിപ്പാട്ട്, കുത്തിയോട്ടപ്പാട്ട്, പൂരക്കളിപ്പാട്ട്, മംഗലപ്പാട്ട്, നാട്ടിപ്പാട്ട് തുടങ്ങി വിവിധ ഗാനശാഖകളിൽ വായ്ത്താരികൾ കാണപ്പെടുന്നുണ്ട്.



സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 5 ലെ 2.2 എന്ന ഫയൽ തുറക്കുക.



കുട്ടനാടൻ പുഞ്ചയിലെ
തെയ് തെയ് തക
തെയ് തെയ് തോം
കൊച്ചു പെണ്ണേ കുയിലാളെ
തിത്തിത്താതി തെയ് തെയ്
കൊട്ടു വേണം കുഴൽ വേണം
കുരവ വേണം
ഓ തിത്തിത്താരാ തിത്തിത്തെയ്
തിത്തെയ് തക തെയ് തെയ് തോം

തന്നാനെ താനാ തിന
തന്നാനം താനാ (2)

ആദിയില്ലല്ലോ-ലന്തമില്ലല്ലോ
അക്കാലംപോയാ-യുകത്തിൽ
ഇരുളുമില്ലല്ലോ-വെളിവുമില്ലല്ലോ
അക്കാലംപോയാ-യുകത്തിൽ

രെയ്യരയ്യം രെയ്യരയ്യം
രെയ്യര രെയ്യര രെയ്യരയ്യം (2)
(സമ്പാദനം: വെട്ടിയാർ പ്രേംനാഥ് )

## മികവുകൾ കണ്ടെത്താം

മികച്ചരീതിയിൽ വായ്ത്താരികളോട് കൂടി പാട്ടുകൾ പാടി അവതരിപ്പിച്ചത് ഏത് ഗ്രൂപ്പാണ്.

വായ്ത്താരികൾ കണ്ടുവരുന്ന ഗാനശാഖകൾ പരിചയപ്പെടാം.

- വഞ്ചിപ്പാട്ട്
- കുത്തിയോട്ടപ്പാട്ട്
- ഞാറ്റുപാട്ട്
- ----------------------------
- ----------------------------

മറ്റുള്ളവ കണ്ടെത്തി കുറിക്കൂ.

## വഞ്ചിപ്പാട്ട്

തുഴക്കാരുടെ താളത്തിനനുസരിച്ച് വഞ്ചിയിൽ ഇരുന്ന് പാടുന്നതാണ് വഞ്ചിപ്പാട്ട്.

## കുത്തിയോട്ടപ്പാട്ട്

ദക്ഷിണ കേരളത്തിൽ പ്രാബല്യത്തിലുള്ള ഒരു അനുഷ്ഠാന കലയാണ് കുത്തിയോട്ടം.

## ഞാറ്റുപാട്ട്

ഞാറ് നടുന്ന താളത്തിൽ പാടുന്ന നാടൻ പാട്ടുകളാണ് ഞാറ്റുപാട്ട്. ഇതുപോലെ കൊയ്ത്തുപാട്ടുകളും കൃഷിപ്പാട്ടുകളുമെല്ലാം വായ്ത്താരികളോടുകൂടി പാടാവുന്ന നാടൻപാട്ടുകൾ ആണ്.



**കാവാലം രംഭ**
അറിയപ്പെടുന്ന നാടൻപാട്ട് ഗായികയാണ് കാവാലം രംഭ. കുട്ടനാട്ടിലെ കാർഷികപാട്ടുകളായ ഞാറ്റുപാട്ട്, കൊയ്ത്തുപാട്ട്, അമ്മാനം, കോലംതുള്ളൽ പാട്ട്, നടിച്ചിൽപാട്ട് തുടങ്ങിയ നിരവധി വിഭാഗങ്ങളിൽ പെടുന്ന നാടൻപാട്ടുകളുടെ ശേഖരത്തിന്റെ ഉടമയായിരുന്നു കാവാലം രംഭ.



**വെള്ളാട്ട് ചാത്തൻ**
തുടികൊട്ടും മുടിയാട്ടവും എല്ലാമറിഞ്ഞിരുന്ന, നാടൻപാട്ടിന്റെ കുലപതിയായിരുന്നു വെള്ളാട്ട് ചാത്തൻ. അദ്ദേഹത്തിന്റെ പാട്ടുകളിൽ വളരെ ശ്രദ്ധേയമായ
“വരികാ വരീക വരികാ
വാ വരികാ തെയ്വമ്മെ
തെയ്വം തെളീയണെ വാ”
എന്ന തുടികൊട്ട് പാട്ട് ഈ തലമുറയിലെ കുട്ടികളും പാടിവരുന്നു.

### പാട്ടുപെട്ടി

## നാടൻപാട്ട്

അത്തിനിം തിന്തിനിന്തോം
താരതിനിന്തിനിന്തോം
അച്ചങ്കുഴി തോണ്ടീ
അമ്മ മണൽവാരി
ആക്കുഴി ഇക്കുഴിയിൽ
കോതേരിവാഴനട്ടേ
കോതേരി വാഴയ്ക്കു നാമ്പു വന്നപ്പം
കൊച്ചേരി കന്നിക്കു മാതവൊന്ന്
കോതേരി വാഴയ്ക്കു നാമ്പു രണ്ടായപ്പം
കൊച്ചേരി കന്നിക്കു മാതം രണ്ട്
കോതേരി വാഴയ്ക്കു നാമ്പു മൂന്നായപ്പം
കൊച്ചേരി കന്നിക്കു മാതം മൂന്ന്
കോതേരി വാഴയ്ക്കു നാമ്പു നാലായപ്പം
കൊച്ചേരി കന്നിക്കു മാതം നാല്
കോതേരി വാഴയ്ക്കു നാമ്പഞ്ചായപ്പം
കൊച്ചേരി കന്നിക്കു മാതവഞ്ച്
കോതേരി വാഴയ്ക്കു നാമ്പാറായപ്പം
കൊച്ചേരി കന്നിക്കും മാതവാറ്
കോതേരി വാഴയ്ക്കു നാമ്പേഴായപ്പം
കൊച്ചേരി കന്നിക്കും മാതവേഴ്
കോതേരി വാഴയ്ക്കു നാമ്പെട്ടായപ്പം
കൊച്ചേരി കന്നിക്കും മാതവെട്ട്
കോതേരി വാഴയ്ക്കു നാമ്പൊമ്പതായപ്പം
കൊച്ചേരി കന്നിക്കും മാതപെറ
കോതേരി വാഴയ്ക്കു നാമ്പുകൂമ്പായപ്പം
കൊച്ചേരി കന്നിക്കൊരുണ്ണി കുഞ്ഞ്

**സമ്പാദനം: സി. ജെ. കുട്ടപ്പൻ**

**പാട്ടുപെട്ടിയിലെ നാടൻപാട്ട് ശ്രദ്ധിച്ചില്ലേ? ഇതുപോലുള്ള ചെറിയ പാട്ടുകൾ ശേഖരിച്ച് പാടാൻ ശ്രമിക്കുമല്ലോ...**



സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 5 ലെ 2.3 എന്ന ഫയൽ തുറക്കുക.

# നാടിന്റെ താളം



ചിത്രത്തിൽ കാണുന്നത് ചവിട്ടുകളിയാണ്. ഇതൊരു നാടൻ കലാരൂപമാണ്. ഇത്തരം ഏതൊക്കെ കലകൾ നിങ്ങൾക്ക് പരിചയമുണ്ട്?

## ചവിട്ടുകളി

മലപ്പുറം ജില്ലയിൽ പൊന്നാനി, തിരൂർ, പെരിന്തൽമണ്ണ എന്നിവിടങ്ങളിൽ പ്രചാരത്തിലുള്ള കലാരൂപമാണ് ചവിട്ടുകളി. പത്തുമുതൽ പതിനാറുപേർ അടങ്ങുന്ന സംഘം വട്ടത്തിൽനിന്ന് പാട്ടിനനുസൃതമായി ഏറ്റുപാടി ചുവടുകൾ വച്ചാണ് ചവിട്ടുകളി കളിക്കുന്നത്.

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 5 ലെ 2.4 എന്ന ഫയൽ തുറക്കുക.







ചിത്രങ്ങളിൽ കൊടുത്തിരിക്കുന്ന നൃത്തരൂപങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്താമോ?

## താളത്തിൽ ചുവടുവയ്ക്കാം

നാല് ഗ്രൂപ്പുകളായി തിരിയുക.

നിങ്ങൾക്ക് പരിചയമുള്ള ഒരു നാടൻപാട്ടിന്റെ താളത്തിനനുസരിച്ച് സംഘം ചേർന്ന് ചുവടുവയ്ക്കാം.

ഏത് ഗ്രൂപ്പാണ് മികച്ച അവതരണം കാഴ്ചവച്ചത്?

അവതരണം മികച്ചതായി തോന്നാനുള്ള കാരണങ്ങൾ ചർച്ച ചെയ്യൂ.

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 5 ലെ 2.5 എന്ന ഫയൽ തുറക്കുക.

### പ്രാദേശിക നൃത്തങ്ങൾ

ഓരോ നാടിനും നാട്ടുകാർക്കും അവരുടെ ജീവിത ചുറ്റുപാടിൽനിന്നും ഉണ്ടായ ആട്ടവും പാട്ടും ഒക്കെയുണ്ട്. ഇവയാണ് പ്രാദേശിക നൃത്തങ്ങൾ.

### കമ്പാരനൃത്തം

വയനാട്ടിലെ അടിയാർ എന്ന ആദിവാസി സമൂഹത്തിനിടയിൽ നിലനിൽക്കുന്ന, കൃഷിയുമായി ബന്ധപ്പെട്ട നൃത്തമാണ് കമ്പാരനൃത്തം. ഞാറുനടുമ്പോൾതന്നെ ആടുകയും പാടുകയും ചെയ്യുന്ന അവതരണരീതിയാണ് കമ്പാര നൃത്തത്തിന്റേത്. ഗോത്രഭാഷയിലുള്ള പാട്ടിന് അകമ്പടിയായി തുടിയും കുഴലുമാണ് ഉപയോഗിക്കുന്നത്.



തുടി



കുഴൽ



## കുമ്മാട്ടിക്കളി



വിനോദത്തിന്റേയും അനുഷ്ഠാനത്തിന്റേയും കാർഷികോത്സവത്തിന്റേയും ഭാഗമായി തൃശ്ശൂർ, പാലക്കാട്, വയനാട് ജില്ലകളിൽ കുമ്മാട്ടിക്കളി അവതരിപ്പിച്ചുവരുന്നു. എട്ടോ പത്തോ പ്രധാന വേഷക്കാരും അഞ്ചോ ആറോ മറ്റു വേഷക്കാരും ചെണ്ടമേളവും ആർപ്പും കുരവയുമായി ആഘോഷത്തിമിർപ്പിലാണ് കുമ്മാട്ടികൾ ഇറങ്ങുന്നത്. പാളകൊണ്ടുണ്ടാക്കിയ മുഖംമൂടിയണിഞ്ഞും കുമ്മാട്ടിപ്പുല്ലും വാഴയിലയും ശരീരത്തിൽ വച്ചു കെട്ടിയുമാണ് കുമ്മാട്ടിവേഷങ്ങൾ ഒരുങ്ങുന്നത്.

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 5 ലെ 2.6 എന്ന ഫയൽ തുറക്കുക.

## കോൽക്കളി



കോലുകൾ കൊട്ടിക്കൊണ്ടുള്ള കളിയാണ് കോൽക്കളി. കേരളത്തിലെ വിവിധയിടങ്ങളിൽ ഹിന്ദു-മുസ്ലീം വിഭാഗക്കാർക്കിടയിൽ കോൽക്കളി പ്രചാരത്തിലുണ്ട്. കളിക്കാരുടെ താളാത്മകമായ ചുവടുകൾ കോൽക്കളിയുടെ സവിശേഷതയാണ്. വന്ദനക്കളി, വട്ടക്കോൽ, ഇരുന്നുകളി, തടുത്തുകളി, എന്നിവ കോൽക്കളിയിലെ വ്യത്യസ്ത അവതരണ രീതികളാണ്.

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 5 ലെ 2.7 എന്ന ഫയൽ തുറക്കുക.

നിങ്ങളുടെ നാട്ടിലെ പ്രാദേശിക നൃത്തങ്ങൾ കണ്ടെത്തി ആൽബം തയ്യാറാക്കൂ. പൂർത്തിയാക്കിയ ആൽബം ക്ലാസിൽ പ്രദർശിപ്പിക്കണം. ഡിജിറ്റൽ ആൽബവും തയ്യാറാക്കാവുന്നതാണ്.

# വൺ, ടൂ, ത്രീ, സ്റ്റാച്യൂ



നമുക്ക് ഇന്ന് ഒരു ഗെയിം ആവാം. ഒരാൾ ലീഡർ ആവണം. മറ്റുള്ളവർ ക്ലാസ് മുറിയിൽ ഇഷ്ടമുള്ളതുപോലെ നടക്കണം. നടക്കുമ്പോൾ ഓരോ മൃഗത്തിന്റെ പേരും കൂടി മനസ്സിൽ വിചാരിക്കണം. ലീഡർ 'പേര് ' എന്ന് പറയുമ്പോൾ നിങ്ങൾ വിചാരിച്ച മൃഗത്തിന്റെ 'പേര് ഉച്ചത്തിൽ പറയണം. ലീഡർ 'ഗ്രൂപ്പ്' എന്ന് പറയുമ്പോൾ ഒരേ മൃഗത്തിന്റെ പേര് പറഞ്ഞവർ ഒരു സംഘമായി മാറണം. തുടർന്ന് ലീഡർ, മൃഗത്തിന്റെ പേരിന്റെ കൂടെ 'സ്റ്റാച്യു' എന്ന് ചേർത്ത് വിളിച്ചു പറയുമ്പോൾ ആ മൃഗത്തിന്റെ പേരിലുള്ള സംഘം അതേ മൃഗത്തിന്റെ രൂപത്തിൽ നിശ്ചലമായി നിൽക്കണം. ഉദാഹരണം: 'ജിറാഫ് സ്റ്റാച്യു' എന്നു പറയുമ്പോൾ 'ജിറാഫിനെ' മനസ്സിൽ വിചാരിച്ചവർ ജിറാഫിന്റെ രൂപത്തിൽ നിശ്ചലമായി നിൽക്കുന്നു. 'ജിറാഫ് മൂവ് ' എന്ന് പറയുമ്പോൾ ആ മൃഗത്തിന്റെ ചലനം സംഘത്തിൽ എല്ലാവരും ചെയ്യണം. ഇങ്ങനെ നിങ്ങളിൽ കൂടുതൽ പേർ പറഞ്ഞ മൃഗങ്ങളുടെ എല്ലാം ചലനങ്ങൾ ചെയ്യാവുന്നതാണ്. 'കുതിര സ്റ്റാച്യു', 'ആട് സ്റ്റാച്യു' തുടങ്ങി നിങ്ങൾ പറഞ്ഞ എല്ലാ മൃഗങ്ങളെയും സ്റ്റാച്യു

ST-481-3-ART EDUCATION(M)5

ചെയ്ത് നോക്കണം. തുടർന്ന് 'ജിറാഫ് മൂവ് ', 'കുതിര മൂവ്', 'ആട് മൂവ് ' എന്ന് ലീഡർക്ക് ഇഷ്ടമുള്ളതുപോലെ ഇടകലർത്തി വിളിച്ചു പറയാവുന്നതാണ്.

അതിനനുസരിച്ച് സംഘങ്ങൾ നിശ്ചലമാവുകയും, ചലിക്കുകയും ചെയ്യണം.

ഓരോ സംഘത്തിന്റെയും അവതരണം മറ്റുള്ളവർ നിരീക്ഷിക്കണേ..

## നിശ്ചലദൃശ്യം

താഴെ കൊടുത്ത ചിത്രങ്ങൾ നോക്കൂ. നിശ്ചലമാണെങ്കിലും അവ പല കാര്യങ്ങളും നമ്മോട് സംസാരിക്കുന്നില്ലേ? ഈ ചിത്രത്തിലുള്ളവരുടെ ശരീരഭാഷയും ഭാവവും നിശ്ചലമായി ക്ലാസ്സിൽ അവതരിപ്പിക്കുകയാണ് വേണ്ടത്. അതിനായി നമുക്ക് നാല് ഗ്രൂപ്പുകൾ ആവാം.









ഓരോ സംഘവും ഓരോ ചിത്രം തിരഞ്ഞെടുക്കൂ... ഈ ചിത്രങ്ങളിൽ ഉൾപ്പെട്ടിരിക്കുന്ന വ്യക്തികളെയും വിഷയങ്ങളെയും കുറിച്ച് നാല് സംഘങ്ങളായി ചർച്ച ചെയ്യൂ.

ചിത്രങ്ങൾ നിരീക്ഷിച്ചപ്പോൾ കണ്ടെത്തിയ കാര്യങ്ങൾ രേഖപ്പെടുത്തൂ...

- ചിത്രത്തിൽ സൂചിപ്പിക്കുന്ന സന്ദർഭം
- ചിത്രത്തിൽ ഉള്ളവർ ആരൊക്കെ? അവർ നേരിടുന്ന പ്രതിസന്ധി എന്താണ്?
- ------------------------------------------------------------------------------------------
- ------------------------------------------------------------------------------------------

ചിത്രത്തിലെ കഥാപാത്രങ്ങളിൽ ഓരോന്നും നിങ്ങളിൽ ആരാണ് ചെയ്യുക എന്ന് ചർച്ച ചെയ്ത് കഥാപാത്രങ്ങളെ നിശ്ചയിക്കൂ...

ചിത്രത്തിൽ കാണുന്നതുപോലെ ഒരു രംഗം ക്ലാസ്മുറിയിൽ സൃഷ്ടിക്കാമോ? നിശ്ചലദൃശ്യമാണ് വേണ്ടത്...റെഡിയായാൽ ഒരു മിനിറ്റ് അനങ്ങാതെ നിൽക്കണേ..

ഓരോ സംഘത്തിന്റെയും അവതരണം മറ്റു സംഘങ്ങൾ നിരീക്ഷിക്കുക. ഏതൊക്കെ സംഘങ്ങൾ അവതരിപ്പിച്ചതാണ് നിങ്ങൾക്ക് ഇഷ്ടമായത്? എന്തു കൊണ്ട്? അവ രേഖപ്പെടുത്തൂ...

ഈ പ്രതിസന്ധിയിൽ നിന്ന് അവർ രക്ഷപ്പെട്ടത് എങ്ങനെയായിരിക്കും? സംഘമായി ചർച്ച ചെയ്ത് കണ്ടെത്തൂ..

## ചർച്ചാ സൂചകങ്ങൾ

- എന്താണ് നേരിട്ട പ്രതിസന്ധി?
- ഈ പ്രതിസന്ധി മറികടക്കാൻ എന്തൊക്കെ ചെയ്തിട്ടുണ്ടാകും?
- ആരൊക്കെയാവും സഹായിച്ചിട്ടുണ്ടാവുക?

## അവതരിപ്പിക്കാം

ഇനി ആദ്യം ചെയ്ത നിശ്ചലദൃശ്യത്തിനു തുടർച്ചയായി ചിത്രത്തിലുള്ള അതിജീവനം ചലനത്തിലൂടെ അവതരിപ്പിക്കൂ...

ഓരോ സംഘത്തിന്റെയും അവതരണത്തെ നിരീക്ഷിച്ച് വിലയിരുത്തുക.

**ജനുവരി 1 മുതൽ 7 വരെ കുട്ടികളുടെ നാടകവാരമായി ആഘോഷിക്കാം.**

### ജി. ശങ്കരപ്പിള്ള



**(1930 – 1989)**

ആധുനിക മലയാള നാടകവേദിക്ക് വഴിതെളിച്ചയാളാണ് ജി. ശങ്കരപ്പിള്ള. നാടകകൃത്ത്, സംവിധായകൻ, സാഹിത്യ നിരൂപകൻ എന്നീ നിലകളിൽ പ്രശസ്തൻ. നാടകക്കളരി പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു. സ്കൂൾ ഓഫ് ഡ്രാമ സ്ഥാപകഡയറക്ടറും സംഗീത നാടക അക്കാദമി ചെയർമാനും ആയിരുന്നു. 1964 ൽ "റെയിൽപാളങ്ങൾ" എന്ന നാടകകൃതിക്ക് കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. 1979 ൽ മികച്ച നാടകകൃത്തിനുള്ള സംഗീത നാടക അക്കാദമി അവാർഡ് ലഭിച്ചു.

### വയലാവാസുദേവൻ പിള്ള

**(1945 – 2011)**



പ്രഗത്ഭ നാടകകൃത്ത് ജി. ശങ്കരപ്പിള്ളയുടെ ശിഷ്യനായിരുന്ന വാസുദേവൻപിള്ള രണ്ടുപതിറ്റാണ്ടോളം തൃശ്ശൂർ സ്കൂൾ ഓഫ് ഡ്രാമ ആൻഡ് ഫൈൻ ആർട്സ് ഡയറക്ടർ ആയിരുന്നു. കേരള യൂണിവേഴ്സിറ്റിയിലെ സെന്റർ ഫോർ പെർഫോമിങ് ആൻഡ് വിഷ്വൽ ആർട്സിന്റെ സ്ഥാപകനാണ്. നാല്പതോളം നാടകങ്ങൾ രചിച്ചിട്ടുണ്ട്.അദ്ദേഹത്തിന്റെ "അഗ്നി" എന്ന കൃതിക്ക് 1981 ലെ കേരള സാഹിത്യ അക്കാദമി അവാർഡും 2002 ൽ കേരള സംഗീത നാടക അക്കാദമി അവാർഡും ലഭിച്ചു. മലയാള നാടക വേദിക്ക് അദ്ദേഹം നൽകിയ സംഭാവനകൾ മാനിച്ച് 2009ൽ അദ്ദേഹത്തെ കേന്ദ്ര സംഗീത നാടക അക്കാദമി അവാർഡ് നൽകി ആദരിച്ചു.

# മഴവില്ല് കാണുന്ന കുട്ടി

“മഴ പെയ്ത്ത് തോർന്നതേയുള്ളൂ...” മേഘങ്ങൾക്കിടയിലൂടെ സൂര്യനെ കണ്ടപ്പോൾ മുത്തശ്ശി പറഞ്ഞു.

“ഇപ്പോ കുന്നിൻ ചെരുവിൽ പോയാൽ മഴവില്ല് കാണാം..”

അതു കേട്ടപ്പോൾ സോനുവിന് മഴവില്ല് കാണാൻ തോന്നി.

തോടും വയലും കടന്ന് കുന്നിൻ ചെരുവിൽ എത്തിയപ്പോൾ അതാ മുത്തശ്ശി പറഞ്ഞ പോലെ മഴവില്ല് തെളിഞ്ഞു കാണാം..”

### വരച്ചുനോക്കാം

സ്കൂൾ ഫിലിം ക്ലബ്ബിനുവേണ്ടി ചിത്രീകരിക്കാൻ ഉദ്ദേശിക്കുന്ന സിനിമയുടെ കഥാസന്ദർഭമാണ് മുകളിൽ നൽകിയിരിക്കുന്നത്. കഥയ്ക്കനുസരിച്ച് ഇതിലെ പ്രധാന ഭാഗങ്ങൾ വരച്ചുനോക്കൂ. കഥാസന്ദർഭങ്ങൾക്കനുസരിച്ച് തുടർച്ചയായി വേണം വരയ്ക്കാൻ.

ഏതൊക്കെയായിരിക്കും കഥയിലെ പ്രധാനഭാഗങ്ങൾ

- മഴ തോർന്ന സമയം, മേഘങ്ങൾക്കിടയിൽ സൂര്യൻ
- കുന്നിൻചെരിവിൽനിന്നും കാണുന്ന മഴവില്ലിന്റെ ദൃശ്യം
- ..............................................
- .....................................
- ..................................



വരച്ച ചിത്രങ്ങൾ കഥാസന്ദർഭവുമായി യോജിച്ചു പോകുന്നുണ്ടോ?

ചിത്രങ്ങളിൽനിന്ന് കഥ മനസ്സിലാക്കാൻ സാധിച്ചോ? മറ്റുള്ളവർ വരച്ച ചിത്രങ്ങൾ നിരീക്ഷിച്ച് അഭിപ്രായം രേഖപ്പെടുത്തൂ.

## സ്റ്റോറിബോർഡ് (Storyboard)

സിനിമ ചിത്രീകരിക്കുന്നതിനു സഹായകമായി വരയ്ക്കുന്ന ചിത്രങ്ങളെയാണ് സ്റ്റോറിബോർഡ് എന്ന് പറയുന്നത്.



















## കഥയെഴുതാം

മുകളിൽ തന്നിരിക്കുന്ന സ്റ്റോറിബോർഡ് ശ്രദ്ധിക്കൂ. നിങ്ങൾക്കു മനസ്സിലായ കഥ എഴുതൂ. പൂർത്തിയായ കഥ ക്ലാസിൽ അവതരിപ്പിക്കൂ.
മികച്ച അവതരണങ്ങൾ കണ്ടെത്തി അഭിനന്ദിക്കാം.

## സൂമിങ് (ZOOMING)

ക്യാമറ ചലിപ്പിക്കാതെ ലെൻസ് ഉപയോഗിച്ച് വിദൂരതയിലുള്ള ഒരു വസ്തുവിനെ സമീപദൃശ്യമായി കാണിക്കുന്നതിനെയാണ് സൂമിങ് എന്ന് പറയുന്നത്.









ചിത്രങ്ങൾ കണ്ടല്ലോ. ഇവ തമ്മിലുള്ള വ്യത്യാസങ്ങൾ എന്താണെന്ന് ചർച്ച ചെയ്യൂ..

### ഫോട്ടോഗ്രഫി

ഇതുപോലെ നിങ്ങളും ക്യാമറ ചലിപ്പിക്കാതെ സൂം ചെയ്ത് വിദൂരതയിലുള്ള ഒരു വസ്തുവിനെയോ ദൃശ്യത്തെയോ വ്യത്യസ്ത വലുപ്പത്തിൽ ഫോട്ടോയെടുത്ത് താരതമ്യം ചെയ്തു നോക്കുമല്ലോ?






# സങ്കേതവും പ്രയോഗവും

ചരിത്രത്തിലെ രേഖാചിത്രങ്ങൾ

താളത്തിൽ പാടാം

നിറവിന്റെ നൃത്തം

പാട്ടുപാലം

ക്ലിക്ക്



# ചരിത്രത്തിലെ രേഖാചിത്രങ്ങൾ

"ടീച്ചറേ ഞങ്ങൾ ഇന്നലെ വയനാട് കാണാൻ പോയി."

"ആഹാ.. എന്നിട്ട് എന്തൊക്കെ കാഴ്ചകളാണ് കണ്ടത്?"

"അവിടെ ഒരു ഗുഹയിൽ കുറെ കൊത്തുപണികളും ചിത്രങ്ങളും കണ്ടു, നല്ല രസമായിരുന്നു."

"മഞ്ജു കണ്ട ആ ഗുഹ വയനാട്ടിലെ അമ്പുകുത്തിമലയിലുള്ള എടയ്ക്കൽ ഗുഹയാണ്. പ്രാചീന ശിലായുഗത്തിന്റെ അവസാന ഘട്ടത്തിലാണ് ഈ കൊത്തുപണികളും ദൃശ്യങ്ങളും നിർമിക്കപ്പെട്ടിട്ടുള്ളത്."

"എന്തിനായിരിക്കും ഗുഹകളിൽ കൊത്തുപണികളും ചിത്രങ്ങളും ചെയ്തിട്ടുണ്ടാവുക?"

"കാട്ടിലും ഗുഹകളിലും കഴിഞ്ഞിരുന്ന ഗുഹാമനുഷ്യർ ഭാഷ ഉണ്ടാകുന്നതിനും മുൻപ് ആശയവിനിമയം, വേട്ടയാടൽ, ആഹാരസമ്പാദനം എന്നിവയുമായി ബന്ധപ്പെട്ട് ആയിരിക്കാം ഗുഹാഭിത്തികളിൽ കരിയും കല്ലും ഉപയോഗിച്ച് ചിത്രങ്ങൾ വരച്ചത്."

"എടയ്ക്കൽ ഗുഹയിൽ മാത്രമേ ഇങ്ങനെയുള്ള ഗുഹാചിത്രങ്ങൾ കാണാൻ സാധിക്കുകയുള്ളോ..?"

"അല്ല, ലോകത്തിന്റെ പല ഭാഗങ്ങളിലും പ്രാചീന മനുഷ്യർ വരച്ച ഗുഹാ ചിത്രങ്ങൾ കാണുവാൻ സാധിക്കും. വിവിധ സ്ഥലങ്ങളിലെ ഗുഹാചിത്രങ്ങൾ നമുക്കൊന്നു പരിചയപ്പെട്ടാലോ.."



എടക്കൽ ഗുഹാചിത്രം - ചെറുശിലായുഗം



അൽത്താമിറ ഗുഹാചിത്രം (ALTAMIRA)
(സ്പെയിനിലെ സാന്റിലായിലെ ചിത്രം)
പാലിയോലിത്തിക് കാലം



ലാസ്കസ് ഗുഹാചിത്രം (LASCAUX)
(ഫ്രാൻസിലെ മൗണ്ടിംഗ് നാക്ക്)
പാലിയോലിത്തിക് കാലം



ഭീംബെത്ക ഗുഹാചിത്രം
(പാലിയോലിത്തിക് മിസോലിതിക്ക് കാലഘട്ടം)
മധ്യപ്രദേശ്



മറയൂർ ഗുഹാചിത്രം
(കേരളത്തിലെ ഇടുക്കി ജില്ലയിൽ)
ശിലായുഗം

നിങ്ങൾ പരിചയപ്പെട്ട ഗുഹാചിത്രങ്ങളിൽ പ്രധാനമായും ഉപയോഗിച്ചിരിക്കുന്ന നിറങ്ങൾ കണ്ടെത്തി എഴുതുക.

- ----------------------------
- ----------------------------
- ----------------------------

## ചിത്രഭാഷ

എഴുത്തുഭാഷയുടെയും ലിപിയുടെയും ആദ്യരൂപം ചിത്രങ്ങൾ ആയിരുന്നു. ചിത്രങ്ങൾ അടുത്തടുത്തായി വരച്ച് ചിത്രഭാഷ നിർമ്മിച്ചു. അത്തരത്തിലുള്ള അതിപുരാതനവും ലോക പ്രസിദ്ധവുമായ ലിപികളിലൊന്നാണ് ഈജിപ്തിലെ ഹിറോഗ്ലീഫ്. (HIEROGLYPH) പക്ഷികളുടെയും മൃഗങ്ങളുടെയും ചിത്രങ്ങളും ചിഹ്നങ്ങളുമാണ്. ഹിറോഗ്ലീഫിൽ ഉള്ളത്.

പുരാതന ഇന്ത്യയിലും ഇതുപോലെയുള്ള നിരവധി സാംസ്കാരിക നിർമ്മിതികൾ ഉണ്ടായിരുന്നു. സിന്ധുനദീതട സംസ്കാരത്തിന്റെയും നാഗരികതയുടെയും ചിഹ്നങ്ങളും ലിപികളുമടങ്ങിയ നിരവധി സ്ക്രിപ്റ്റുകളും സീലുകളുമാണ് മോഹൻജോദാരോയിൽനിന്നും ഹാരപ്പയിൽനിന്നും കണ്ടെടുത്തിട്ടുള്ളത്.


ഹിറോഗ്ലീഫ്


ബുൾ സീൽ


യൂണികോൺ സീൽ


എലിഫന്റ് സീൽ

## ഗുഹാചിത്രത്തിലെ നിറങ്ങൾ

ചുമരിൽ നീളത്തിൽ പേപ്പർ ചേർത്തൊട്ടിച്ച് ആ പ്രതലത്തിൽ ഗുഹാചിത്രങ്ങളിൽ നൽകിയിരിക്കുന്ന നിറങ്ങൾക്ക് സമാനമായ നിറങ്ങൾ ഉപയോഗിച്ച് പക്ഷികളുടെയും മൃഗങ്ങളുടെയും മരങ്ങളുടെയും ചിത്രങ്ങൾ വരയ്ക്കുക.

വരച്ച ചിത്രങ്ങളിലെ വരകളുടെയും വർണ്ണങ്ങളുടെയും പ്രത്യേകതകൾ ചർച്ച ചെയ്യുക.



# താളത്തിൽ പാടാം

കഴിഞ്ഞ ദിവസം ടിവിയിൽ കണ്ട സംഗീതപരിപാടിയിൽ ശ്രുതി, താളം എന്നൊക്കെ പറയുന്നത് കേട്ടപ്പോൾ സിനുവിനു കൗതുകം തോന്നി. അടുത്ത ദിവസം ക്ലാസിൽ വന്ന് ടീച്ചറോട് സിനു തന്റെ സംശയമറിയിച്ചു.

സിനുവിനുണ്ടായ സംശയം നിങ്ങൾക്കും ഉണ്ടായിട്ടുണ്ടോ? ശ്രുതിയും താളവും മനസ്സിലാക്കാനായി നമുക്കൊരു പ്രവർത്തനം ചെയ്തുനോക്കിയാലോ?

## ഒന്നായ് പാടാം

ആ ഈ ഊ ഏ എന്നീ അക്ഷരങ്ങൾ ഓരോ ഗ്രൂപ്പിനും എടുക്കാം. ഒന്നാമത്തെ ഗ്രൂപ്പിന്റെ ലീഡർ നന്നായി ശ്വാസം എടുത്ത ശേഷം തനിക്ക് ലഭിച്ച അക്ഷരം പരമാവധി സമയമെടുത്ത് നീട്ടിപാടുന്നു.

ഗ്രൂപ്പിലെ ഓരോ അംഗങ്ങളും ശ്രദ്ധയോടെ ലീഡറിന്റെ ശബ്ദത്തോട് ചേർന്ന് പാടുന്നു. ഇതുപോലെ മറ്റ് ഗ്രൂപ്പുകളിലും പ്രവർത്തനം ആവർത്തിക്കുന്നു.

ഈ പ്രവർത്തനത്തിലൂടെ നിങ്ങൾക്കുണ്ടായ അനുഭവം എന്താണ്? താഴെ കൊടുത്തിരിക്കുന്ന സൂചകങ്ങളിലൂടെ ചർച്ച ചെയ്യൂ.

- ഓരോ ഗ്രൂപ്പിലെയും കുട്ടികളുടെ ശബ്ദങ്ങൾ വ്യത്യസ്തമാണ്.
- ശബ്ദ ഏകീകരണത്തോടുകൂടി പാടുമ്പോഴാണ് മികച്ച അവതരണമാകുന്നത്.
- ശബ്ദത്തിന്റെ ഉയർച്ചയും താഴ്ചയും

- ശബ്ദത്തിന്റെ വ്യത്യസ്തത
- ശബ്ദ ഏകീകരണം

ആധാരശ്രുതിയുമായി ചേർത്ത് ശബ്ദം ക്രമീകരിച്ചു പാടുമ്പോഴാണ് ശ്രുതി ചേർത്തു പാടുക എന്ന് പറയുന്നത്.

ശ്രുതി പരിചയപ്പെട്ടല്ലോ?
ഇനി താളം മനസ്സിലാക്കാം.

ഒരു വ്യക്തിയുടെ ശബ്ദത്തിന്റെ പ്രത്യേകതയ്ക്ക് അനുസരിച്ച് ഉയർത്തിയും താഴ്ത്തിയും മധ്യഭാഗത്തുമൊക്കെ പാടുന്ന അടിസ്ഥാന നാദമാണ് ആ വ്യക്തിയുടെ ആധാരശ്രുതി.

## കൊട്ടി പാടാം

താഴെ കൊടുത്തിരിക്കുന്ന പാട്ട് കൈകൊട്ടി പാടുക.

ആ... ഏ... ഓ...
കൈതോല പായ വിരിച്ച്
പായേലൊരുപറ നെല്ല് പൊലിച്ച്
കാതുകുത്താനെപ്പോ വരും
നിന്റമ്മാവന്മാരു പൊന്നേ
കാതുകുത്താനെപ്പോ വരും
നിന്റമ്മാവന്മാരു പൊന്നേ
ആ... ഏ... ഓ...
**(ജിതേഷ് കക്കിടിപ്പുറം)**

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 5 ലെ 3.1 എന്ന ഫയൽ തുറക്കുക.

ഈ പാട്ടിനൊപ്പം എല്ലാവരും ഒരുപോലെയാണോ കൈകൾ കൊട്ടിയത്?

ചിലർ വളരെ വേഗത്തിൽ കൊട്ടി. ചിലർ വളരെ സാവധാനത്തിൽ കൊട്ടി.



**ചെമ്പൈ വൈദ്യനാഥ ഭാഗവതർ** (1896-1974)
പാലക്കാട് ജില്ലയിലെ ചെമ്പൈയിൽ ജനിച്ച വൈദ്യനാഥ ഭാഗവതർ എഴുപത് വർഷത്തെ സംഗീത തപസ്യയിലൂടെ കർണ്ണാടകസംഗീതത്തെ പ്രശസ്തിയിലെത്തിച്ച സംഗീതാചാര്യനാണ്. മദ്രാസ് മ്യൂസിക് അക്കാദമിയുടെ സംഗീത കലാനിധി, പത്മ ഭൂഷൻ തുടങ്ങി നിരവധി ബഹുമതികളും പുരസ്കാരങ്ങളും നേടിയിട്ടുണ്ട്.



**പാലക്കാട് മണി അയ്യർ** (1912-1981)
സ്വതസിദ്ധമായ മൃദംഗ വാദനശൈലിയിലൂടെ ലോകശ്രദ്ധ നേടിയ മൃദംഗവിദ്വാനാണ് പാലക്കാട് മണി അയ്യർ. ഇദ്ദേഹമാണ് മൃദംഗത്തിന്റെ ഇപ്പോൾ പ്രചാരത്തിലുള്ള വായനയ്ക്ക് തുടക്കമിട്ടത്. സംഗീത നാടക അക്കാദമി പുരസ്കാവും സംഗീതകലാനിധി പുരസ്കാരവും ലഭിച്ച ഇദ്ദേഹത്തെ രാജ്യം പത്മഭൂഷൺ നൽകി ആദരിച്ചു.

എല്ലാവർക്കും തുല്യവേഗത്തിൽ ഒരുപോലെ കൈകൊട്ടിപ്പാടാൻ കഴിയുമോ? നമുക്ക് നോക്കാം.

## താളത്തിൽ കൊട്ടാം

എല്ലാവരും 1 2 3 4 എന്ന് താളത്തിൽ പറഞ്ഞ് തുല്യവേഗത്തിൽ കൈകൾ കൊട്ടുന്നു. ഇപ്പോൾ കൈ കൊട്ടലിന്റെ വേഗം ഒരുപോലെ ആയില്ലേ? ഇങ്ങനെ കൃത്യമായ സമയ ക്രമത്തിൽ കൈകൾ കൊട്ടി താളം പിടിക്കാം. ഇതുപോലെ താളം പിടിച്ച് പാട്ടുകൾ പാടി ക്ലാസിൽ അവതരിപ്പിക്കുമല്ലോ? പാട്ടുകൾ പാടുമ്പോൾ ശ്രുതിയും താളവും ശ്രദ്ധിക്കണം.

### താളം

പാട്ടിന്റെ കൃത്യമായ ഇടവേളകളിലെ സമയക്രമമാണ് താളം.

സംഗീതത്തിന്റെ പ്രധാന ഘടകങ്ങളാണ് ശ്രുതിയും താളവും.

## പാട്ടുപെട്ടി

### മാപ്പിളപ്പാട്ട്

യവ്വർ തുണയും തന്തരുൾ റഹ്മാനെ
യഹ്ലൽ വറായെന്നും ഹയാത്തുള്ളോനേ
അവ്വൽ തിരുപേരുൾ ഖദീമായോനേ
അദ്‌ലും ദുരാബാൾവുക്ക് അശിവില്ലാനെ
ചൊവ്വായ് യെനയ് ദില്ലിൽ ഫഹ്മില്ലാനേ
ചേർച്ചാ തരംപോലെ തുടർത്തുവാനേ
നവ്വിർ ഖുലൂബീ അളിമായോനെ
നള്മാൽ ഒരു ഖിസ്സനുവൽക്കുവാനേ

**മോയിൻകുട്ടി വൈദ്യർ**
**(ബദറുൽ മുനീർ ഹുസുനുൽ ജമാൽ)**
**ഇശൽ: തൊങ്കൽ**

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 5 ലെ 3.2 എന്ന ഫയൽ തുറക്കുക.

**മാപ്പിളപ്പാട്ട് എല്ലാവർക്കും ഇഷ്ടമായില്ലേ? ഇതുപോലുള്ള മാപ്പിളപ്പാട്ടുകൾ ശേഖരിച്ച് പാടാമോ..**

ST-481-4-ART EDUCATION(M)5



# നിറവിന്റെ നൃത്തം

നിങ്ങൾക്ക് പരിചയമുള്ള കേരളത്തിലെ നൃത്തരൂപങ്ങൾ ഏതൊക്കെയാണ്?

- ---------------------------------------------------
- ---------------------------------------------------
- ---------------------------------------------------

ഇന്ത്യയിൽ ഉടനീളം വിവിധ ജനവിഭാഗങ്ങൾക്കിടയിൽ അവരുടെ ജീവിതരീതിയുമായും കാർഷികവൃത്തിയുമായും ബന്ധപ്പെട്ട നൃത്തരൂപങ്ങൾ നിലവിലുണ്ട്. അതിലൊന്നാണ് പഞ്ചാബിലെ ഭാൻഗ്രനൃത്തം.



## ഭാൻഗ്ര

പഞ്ചാബിലെ കാർഷികവൃത്തിയുമായി ബന്ധപ്പെട്ട നൃത്തരൂപമാണ് ഭാൻഗ്ര. പല വർണ്ണത്തിലുള്ള തലപ്പാവും മിന്നുന്ന കുപ്പായവും ലുങ്കിയും ദുപ്പട്ടയും ഒക്കെയായി നിറങ്ങളുടെ ആഘോഷം പോലെയാണ് ഭാൻഗ്രനൃത്തം അവതരിപ്പിക്കുന്നത്. ഒരുകൂട്ടം ആളുകൾ വൃത്താകൃതിയിൽനിന്ന് ധോല എന്ന നാടൻപാട്ട് പാടി ഡോലക്കിന്റെ അകമ്പടിയോടുകൂടിയാണ് ഭാൻഗ്രനൃത്തം അവതരിപ്പിക്കുന്നത്. ഇതിൽ പുരുഷന്മാരും സ്ത്രീകളും ഒരുപോലെ പങ്കാളികളാകുന്നു.



സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 5 ലെ 3.3 എന്ന ഫയൽ തുറക്കുക.



ഡോലക്



### ചുവടു വയ്ക്കാം

രണ്ടു ഗ്രൂപ്പുകളായി തിരിഞ്ഞ് ഭാൻഗ്ര പാട്ടിനനുസരിച്ച് ചുവടുകൾ ചെയ്തു നോക്കിയാലോ? ഓരോ ഗ്രൂപ്പും വ്യത്യസ്ത പാട്ടുകൾ തിരഞ്ഞെടുക്കണം. ഒരു ഗ്രൂപ്പ് അവതരിപ്പിക്കുമ്പോൾ മറ്റു ഗ്രൂപ്പുകൾ കാണികളാകുക.

### മികവുകൾ കണ്ടെത്താം.

ഭാൻഗ്രനൃത്തം അവതരിപ്പിച്ചപ്പോൾ ഉണ്ടായ അനുഭവങ്ങൾ എന്തെല്ലാമായിരുന്നു?

- ------------------------------------
- ------------------------------------
- ------------------------------------

മികച്ച രീതിയിൽ അവതരിപ്പിച്ച ഗ്രൂപ്പ് ഏതെന്നു വിലയിരുത്തൂ.





## ബിഹു

ആസാമിലെ വിളവെടുപ്പ് ആഘോഷവേളയിൽ സ്ത്രീകളും പുരുഷന്മാരും ചേർന്നു ചെയ്യുന്ന സംഘനൃത്താവതരണമാണ് ബിഹു. നാടോടിപ്പാട്ടിനൊപ്പം ഡോൽ, പുല്ലാംകുഴൽ തുടങ്ങിയ സംഗീതോപകരണങ്ങളും നൃത്തത്തിന് മിഴവേകുന്നു. തോളുകളും അരഭാഗവും പ്രത്യേക രീതിയിൽ താളത്തിൽ ചലിപ്പിച്ചുകൊണ്ടാണ് ബിഹു നർത്തകർ ചുവടുവയ്ക്കുന്നത്. ഭാൻഗ്ര നൃത്തത്തെപോലെ ആസമിലെ കാർഷികനൃത്തമാണ് ബിഹു.

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 5 ലെ 3.4 എന്ന ഫയൽ തുറക്കുക.



ഡോൽ പുല്ലാംകുഴൽ

ഗ്രൂപ്പുകളായി തിരിഞ്ഞ് ബിഹു നൃത്തത്തിന്റെ ചുവടുകൾ ചെയ്യുനോക്കുക. ഒരു ഗ്രൂപ്പ് അവതരിപ്പിക്കുമ്പോൾ മറ്റു ഗ്രൂപ്പുകൾ കാണികളാവുക.

ഭാൻഗ്രനൃത്തത്തിന്റെയും ബിഹുനൃത്തത്തിന്റെയും അവതരണത്തിൽ നിങ്ങൾ എന്തെല്ലാം വ്യത്യാസങ്ങൾ മനസ്സിലാക്കി?

- ------------------------
- ------------------------
- ------------------------

ഇന്ത്യയിൽ കൃഷിയുമായി ബന്ധപ്പെട്ട് അവതരിപ്പിക്കുന്ന സംഘനൃത്തങ്ങൾ കണ്ടെത്തി ക്ലാസിൽ ചർച്ച ചെയ്തു കുറിപ്പ് തയ്യാറാക്കൂ.

**ജോർജുകുട്ടി ആശാൻ**

ചവിട്ടുനാടകകലയെ അടുക്കും ചിട്ടയും നൽകി സംവിധാനമികവോടെ പുനർജ്ജീവിപ്പിച്ചതിൽ പ്രധാനിയാണ് ജോർജുകുട്ടി ആശാൻ. ദൂരദർശനിലും റേഡിയോ നിലയങ്ങളിലും വിവിധ ചവിട്ടുനാടക അവതരണങ്ങൾക്ക് നേതൃത്വം നൽകി.



# പാട്ടുപാലം

ഇന്നു നമുക്ക് പാട്ടുപാടാം..

ഏതൊക്കെ പാട്ടുകൾ നിങ്ങൾക്കറിയാം?

- നാടൻപാട്ട്
- സിനിമാപ്പാട്ട്
- -------------------------



നാല് ഗ്രൂപ്പുകളായി തിരിഞ്ഞ് ഓരോ ഗ്രൂപ്പും അവരവരുടെ ഗ്രൂപ്പിലെ എല്ലാവർക്കും അറിയാവുന്ന ഒരു പാട്ട് തിരഞ്ഞെടുക്കണം. അതിനു ശേഷം ക്ലാസ്സിൽ അവതരിപ്പിക്കുക.

എല്ലാവരും ഒരുപോലെ പാടിയോ?

ഇനി പരമാവധി ഉച്ചത്തിൽ ഒന്നുകൂടി പാടിയാലോ?

പാട്ടിനനുസരിച്ച് ശരീരംകൂടി ചലിപ്പിക്കണേ..



## പാട്ടുപാടാം

ഇനി നമുക്ക് കഥയുള്ള ഒരു പാട്ട് പാടിയാലോ..

കട് കട കട കട കല്ലു വരട്ടെ
ചട് കട ചട കട ചല്ലിവരട്ടെ
ശീശീയെന്നു സിമൻറു വരട്ടെ
കൂറ്റൻ മിക്സർ കുനിഞ്ഞുവരട്ടെ
കൊറ്റികണക്കാക്രെയിൻ വരട്ടെ
കൂട്ടരുമായി ഞങ്ങൾ വരട്ടെ
ഒത്തു പണിയെട കൂട്ടാളി
ചത്തു പണിയെട കൂട്ടാളി
കൂടമടിക്കെട കൂട്ടാളി
കൂനു നിവർക്കെട കൂട്ടാളി
അക്കരെയിക്കരെച്ചേർക്കുന്ന
പാലത്തിനത്താണിയിത്താണി വയ്ക്കളിയാ
കൂത്തും കുരവയുമിട്ടു പെണ്ണാളുകൾ
കൂട്ടത്തിൽ കൂടിക്കോ വേഗത്തിൽ
പാലം പണി പാലം പണി
വേഗം പണി കാലം പണി
കട കട കട കട കല്ലു വരട്ടെ
ചട് കട ചട കട ചല്ലി വരട്ടെ

**പാലങ്ങൾ (കാവ്യനാടകം)**
**ഡോ. അയ്യപ്പപ്പണിക്കർ**

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 5 ലെ 3.5 എന്ന ഫയൽ തുറക്കുക.



പാട്ട് എല്ലാവരും കേട്ടില്ലേ.. സംഘങ്ങളായി തിരിഞ്ഞ് പാടിനോക്കാം..

ഈ പാട്ടിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് ഉള്ളതെന്ന് ഓരോ സംഘവും കണ്ടെത്തി എഴുതൂ..

- പാലം പണിക്കായി കല്ല് ചുമന്ന് കൊണ്ടുവരുന്നു
- ---------------------------------------------
- ---------------------------------------------

പാട്ടിലെ പ്രവർത്തനങ്ങൾ കണ്ടെത്തിയില്ലേ?
ഈ പ്രവർത്തനങ്ങൾ ചെയ്തത് ആരൊക്കെയാണ്?



**എൻ. എൻ. പിള്ള**
**(1918-1995)**
പ്രശസ്ത നാടകകൃത്തും സംവിധായകനുമായ എൻ.എൻ. പിള്ള അനീതിക്കെതിരെ ശക്തമായി പ്രതികരിക്കുന്ന നാടകപ്രമേയങ്ങളായിരുന്നു സ്വീകരിച്ചിരുന്നത്. കേരള സാഹിത്യ അക്കാദമി അവാർഡ്, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് എന്നിവ ലഭിച്ചു "ഞാൻ" എന്നാണ് അദ്ദേഹത്തിന്റെ ആത്മകഥയുടെ പേര്.

## പാലം പണിയാം

മുകളിൽ പറഞ്ഞ പാട്ടിലെ പ്രവർത്തനങ്ങൾ നമുക്കൊന്ന് ചെയ്തുനോക്കിയാലോ..

ഓരോ സംഘമായി പാട്ടുപാടിക്കൊണ്ട് പ്രവർത്തനങ്ങൾ അവതരിപ്പിക്കൂ.

ഓരോ സംഘത്തിന്റെയും അവതരണം മറ്റുള്ളവർ നിരീക്ഷിക്കുക.

ഇതുപോലെ കഥയുള്ള പാട്ടുകൾ കണ്ടെത്തി ഗ്രൂപ്പുകളായി ഇതേപോലെ അവതരിപ്പിക്കൂ..



## എന്താണ് നാടകഗാനം

നാടകത്തിന്റെ വളർച്ചയിൽ ഏതെങ്കിലും വൈകാരിക നിമിഷത്തെ പ്രേക്ഷകരുമായി എളുപ്പത്തിൽ സംവദിക്കാൻ സംഗീതത്തിന്റെ അകമ്പടിയോടെ വരികൾ ഭാവാത്മകമായി അവതരിപ്പിക്കുന്നതാണ് നാടക ഗാനം.

ചെപ്പു കിലുക്കണ ചങ്ങാതി
നിന്റെ ചെപ്പു തുറന്നൊന്നു കാട്ടൂലെ?
മിന്നണതെന്താണയ്യാ
നല്ല കുന്നികുരുമണി പൊൻമാല

**(മുടിയനായ പുത്രൻ എന്ന നാടകത്തിലെ ഗാനമാണിത്)**

ഇതുപോലെ പ്രശസ്തമായ നാടകങ്ങളും അവയിലെ നാടകഗാനങ്ങളും കണ്ടെത്തുമല്ലോ.



# ക്ലിക്ക്





“കൂ........ കൂ.......”

ശബ്ദം കേട്ട ഭാഗത്തേക്ക് സോനു ഓടി.

“ക്ലിക്ക് ”

തന്റെ കൈയ്യിലുള്ള മൊബൈൽ ഫോൺ കൊണ്ട് ആ കുയിലിന്റെ ഫോട്ടോ എടുത്തു.

“കൂ......... കൂ.........” സോനു തിരിച്ചുകൂവി ക്കൊണ്ട് കുയിലിനോട് ചോദിച്ചു.

“എന്റെ ഫോട്ടോ ഒന്നെടുത്തു തരാമോ? ”

“പിന്നെന്താ” എന്ന് പറഞ്ഞ് കുയിൽ സോനുവിന്റെ തോളിൽ വന്നിരുന്നു മൊബൈൽ ഫോണുമെടുത്ത് മുകളി ലേക്ക് പറന്നു.





ഉയരെനിന്ന് കുയിൽ
സോനുവിന്റെ ഫോട്ടോ എടുത്തു.

സോനുവിന്റെ ഫോട്ടോ കണ്ട്
കുയിലിന് ചിരിവന്നു.

"നീ എന്തിനാ ചിരിക്കുന്നേ?" സോനു ചോദിച്ചു.
"സോനൂ.. നീ എത്ര ചെറുതാണ് ഈ ഫോട്ടോയിൽ."
കുയിൽ വീണ്ടും ചിരിച്ചുകൊണ്ട് പറഞ്ഞു.
"അത് നീ ഉയരത്തിൽനിന്ന് എടുത്തിട്ടല്ലേ?
മരവും പാറക്കെട്ടും എല്ലാം ചെറുതായിരിക്കുന്നല്ലോ.."
"ഏയ് നീ ഇങ്ങു താഴെ വാ..
നിലത്തു വന്നിരുന്ന് എന്റെ ഫോട്ടോ എടുത്തേ.."
സോനു കുയിലിനോട് പറഞ്ഞു.
കുയിൽ നിലത്ത് നിന്നെടുത്ത സോനുവിന്റെ ഫോട്ടോ എങ്ങനെയായിരിക്കും?
ചർച്ച ചെയ്യൂ..

## ഫോട്ടോഗ്രഫി

"നമുക്ക് പുറത്തേക്ക് പോയാലോ.."
ഫോട്ടോ എടുത്ത് നോക്കാം...

**ഒരു ഫോട്ടോ എടുക്കുമ്പോൾ എന്തൊക്കെ കാര്യങ്ങൾ ശ്രദ്ധിക്കണം?**



- ആരുടെ/എന്തിന്റെ ഫോട്ടോയാണ് എടുക്കേണ്ടത്.
- ഫോട്ടോ എടുക്കേണ്ട വസ്തുവുമായുള്ള ദൂരവ്യത്യാസം തിരിച്ചറിയുക.
- വസ്തുവിന്റെ വിവിധ വശങ്ങളിൽ നിന്ന് ഫോട്ടോ എടുക്കുമ്പോൾ ഉള്ള മാറ്റം തിരിച്ചറിയുക.
- 
- 

## തിരിച്ചറിയാം









മുകളിൽ കൊടുത്തിരിക്കുന്ന ക്യാമറകൾ തിരിച്ചറിയൂ.
അവ ഏതൊക്കെ സന്ദർഭങ്ങളിലാണ് ഉപയോഗിക്കുന്നത്?

| | |
|---|---|
| DSLR ക്യാമറ | മിഴിവുള്ള ചിത്രങ്ങളും വീഡിയോയും പകർത്താൻ. |
| | |
| | |
| | |
| | |
| | |
| | |

മറ്റേതൊക്കെ ക്യാമറകൾ നിങ്ങൾ കണ്ടിട്ടുണ്ട്? എഴുതിനോക്കൂ.

- -------------------------------------
- -------------------------------------
- -------------------------------------



ഹൈ ആംഗിൾ ഷോട്ട് (High angle shot)



ഐ ലെവൽ ഷോട്ട് (Eye level shot)



ലോ ആംഗിൾ ഷോട്ട് (Low angle shot)

**ഹൈ ആംഗിൾ ഷോട്ട്**

മുകളിൽനിന്ന് താഴേക്ക് എടുക്കുന്ന ദൃശ്യങ്ങളാണ് ഹൈ ആംഗിൾ ഷോട്ട്.

**ലോ ആംഗിൾ ഷോട്ട്**

താഴെനിന്ന് മുകളിലേക്ക് എടുക്കുന്ന ദൃശ്യങ്ങളാണ് ലോ ആംഗിൾ ഷോട്ട്.

**ഐ ലെവൽ ഷോട്ട്**

കണ്ണുകളുടെ അതേ ലെവലിൽ ക്യാമറ വച്ചെടുക്കുന്ന ഷോട്ടിനെ ഐ ലെവൽ ഷോട്ട് എന്നു പറയുന്നു.

## വ്യത്യാസം കണ്ടെത്താം

ഈ ഫോട്ടോകൾ താരതമ്യം ചെയ്യുക. എന്തൊക്കെ വ്യത്യാസങ്ങളാണ് കാണുന്നതെന്ന് കണ്ടെത്തി രേഖപ്പെടുത്തൂ.

- -------------------------------------
- -------------------------------------
- -------------------------------------

## ആൽബം നിർമ്മിക്കാം

ഒരു വസ്തുവിന്റെയോ സ്ഥലത്തിന്റെയോ വ്യക്തികളുടെയോ വ്യത്യസ്ത ആംഗിളുകളിൽനിന്ന് പകർത്തിയ ചിത്രങ്ങൾ കോർത്തിണക്കി ഒരു ഡിജിറ്റൽ ആൽബം തയ്യാറാക്കുക.

തയ്യാറാക്കിയ ഡിജിറ്റൽ ആൽബം ക്ലാസിൽ പ്രദർശിപ്പിക്കുക.



## ഫിലിം റീൽ

സിനിമയുടെ ഷൂട്ട് ചെയ്ത ദൃശ്യങ്ങൾ സംരക്ഷിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനും ഫിലിം റീൽ ഉപയോഗിക്കുന്നു. വൃത്താകൃതിയിലുള്ള ലോഹനിർമ്മിത വസ്തുവും അതിനുള്ളിൽ ചുറ്റിയിരിക്കുന്ന ഫിലിമും ചേർന്നതാണ് ഫിലിം റീൽ.




# ഭാവനാലോകം

കളിച്ച് പഠിക്കാം ചിഹ്നങ്ങൾ

കൊട്ടിപ്പാടാം

വേനൽ ചുവടുകൾ

കഥയൊരുക്കം

സിനിമയുടെ രസം

# കളിച്ച് പഠിക്കാം ചിഹ്നങ്ങൾ

## ചിഹ്നങ്ങളിലൂടെ ഒരു യാത്ര

ഇത്തവണ നമ്മൾ പഠനയാത്ര പോകുന്നത് ആർട്ട് ഗ്യാലറിയിലേക്കാണ്. അവിടെ മനോഹരമായ ചിത്രപ്രദർശനം നടക്കുന്നുണ്ട്. ഗ്യാലറിയിലെത്താനുള്ള വഴി കണ്ടെത്താമോ?




ആർട്ട് ഗ്യാലറിയിലേക്കുള്ള യാത്രയിൽ നിങ്ങൾ കണ്ട ചിഹ്നങ്ങൾ എന്തിനെയൊക്കെയാണ് സൂചിപ്പിക്കുന്നത്?

- ആശുപത്രി
- ഹോട്ടൽ
- ---------------------
- ---------------------
- ---------------------
- ---------------------
- ---------------------
- ---------------------
- ---------------------
- ---------------------

ആർട്ട് ഗ്യാലറിക്ക് അനുയോജ്യമായ ചിഹ്നം നിങ്ങളുടെ ഭാവനയിൽ കണ്ട് വരച്ചു നോക്കൂ...



## നിത്യജീവിതത്തിൽ ചിഹ്നങ്ങളുടെ ഉപയോഗം

വഴികൾ, ട്രാഫിക് നിയമങ്ങൾ, സ്ഥാപനങ്ങൾ, സ്ഥലങ്ങൾ തുടങ്ങിയവ തിരിച്ചറിയുന്നതിനും, വസ്തുക്കൾ, ഉപകരണങ്ങൾ എന്നിവ മനസ്സിലാക്കുന്നതിനും അപായ സൂചകങ്ങളായും ചിഹ്നങ്ങൾ നമ്മുടെ നിത്യജീവിതത്തിൽ ഉപയോഗിക്കുന്നുണ്ട്.

### ചിഹ്നമുണ്ടാക്കാം

നിങ്ങളുടെ സ്കൂളിലുള്ള ചില സൗകര്യങ്ങളാണ് താഴെ നൽകിയിരിക്കുന്നത്. അവയ്ക്ക് അനുയോജ്യമായ ചിഹ്നങ്ങൾ കണ്ടെത്തി ചിത്രീകരിക്കൂ.

- പാചകപ്പുര
- ഡൈനിങ് ഹാൾ
- ഓഫീസ്
- സ്റ്റാഫ് റൂം
- കമ്പ്യൂട്ടർ ലാബ്
- ക്ലാസ് മുറികൾ
- ടോയ്‌ലെറ്റ്
- ........................
- ........................
- ........................
- ........................

A4 പേപ്പറിൽ ചിഹ്നങ്ങൾ വരച്ച് പ്രദർശിപ്പിക്കൂ...

എത്ര ചിഹ്നങ്ങൾ നിങ്ങൾ തിരിച്ചറിഞ്ഞു?

പുതുതായി എത്ര ചിഹ്നങ്ങൾ നിങ്ങൾ വരച്ചു?

### എന്താണ് ചിഹ്നം ?

ആശയമോ അർഥമോ വ്യക്തമാക്കുന്നതിനായി ചിത്രങ്ങൾ, അടയാളങ്ങൾ, രൂപങ്ങൾ എന്നിവ ഉപയോഗിക്കുന്നതിനെയാണ് ചിഹ്നം എന്ന് പറയുന്നത്.

ഈ ചിത്രത്തിലെ ആശയം നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിച്ചോ?



പാബ്ലോ പിക്കാസോ വരച്ച 'ഡോവ് ഓഫ് പീസ്' (1961) എന്ന ചിത്രം

നമ്മുടെ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന ചിഹ്നങ്ങൾ ഏതൊക്കെ കണ്ടെത്തി വരയ്ക്കുക.

നിങ്ങൾ സോഷ്യൽ മീഡിയകളിൽ വിവിധതരം ഇമോജികൾ ശ്രദ്ധിച്ചിട്ടില്ലേ. അവ ഏതൊക്കെയാണ്? രേഖപ്പെടുത്തുക.

## ഇമോജി

ലളിതമായ വരകളിലൂടെ ഭാവം വ്യക്തമാക്കുന്ന ചിത്രങ്ങളാണ് ഇമോജികൾ.





## നമുക്കും ഇമോജി നിർമ്മിക്കാം

കുട്ടികൾ നാലോ അഞ്ചോ ഗ്രൂപ്പായി തിരിയുന്നു. ഓരോ ഗ്രൂപ്പിനും വ്യത്യസ്തഭാവങ്ങളുടെ പേര് എഴുതിയ കുറിപ്പ് നറുക്കിട്ട് എടുക്കാം. ലഭിച്ച ഭാവത്തിന് അനുയോജ്യമായ ഇമോജി ഓരോ ഗ്രൂപ്പും വരച്ച് പ്രദർശിപ്പിക്കുക.

- സന്തോഷം
- സങ്കടം
- പുച്ഛം
- ദേഷ്യം
- അദ്ഭുതം
- -----------------------
- -----------------------
- -----------------------

## വരച്ച ചിത്രങ്ങൾ പ്രദർശിപ്പിക്കൂ

മികച്ച അവതരണങ്ങൾ കണ്ടെത്തി സ്കോർ നൽകൂ...






# കൊട്ടിപ്പാടാം

അഞ്ചാം ക്ലാസ്സിലെ അമ്മുവിന്റെ ഡയറിക്കുറിപ്പാണിത്. നമുക്കും ഒരു സാങ്കല്പിക യാത്ര പോകാം. നമ്മുടെ ക്ലാസ്റൂം ഒരു ബസ്സാക്കി മാറ്റിയാലോ? താളം പിടിക്കാൻ ക്ലാസ്സ്റൂമിലുള്ള ഡെസ്ക്ക്, പാത്രം, കുപ്പി എന്നിവ കൂടാതെ വേണമെങ്കിൽ ക്ലാസ്സ്റൂമിന് പുറത്തുള്ള വ്യത്യസ്തമായ ശബ്ദം കേൾപ്പിക്കാൻ കഴിയുന്ന വസ്തുക്കളും ശേഖരിക്കാം. എന്നാൽ യാത്ര തുടങ്ങുകയല്ലേ ?

ഒറ്റയ്ക്കോ സംഘമായോ താഴെ കൊടുത്തിരിക്കുന്ന പാട്ടുപാടി താളം പിടിച്ച് യാത്ര പോകാം.

തന്നന്നം താനന്നം താളത്തിലാടി
മന്ദാരക്കൊമ്പത്തൊരൂഞ്ഞാലിലാടി
ഒന്നിച്ചു രണ്ടോമൽപ്പൈങ്കിളികൾ
ഒന്നാനാം കുന്നിന്റെയോമനകൾ
കാടിന്റെ കിങ്ങിണികൾ

(ഒ.എൻ.വി)

ഈ സാങ്കല്പികയാത്ര നിങ്ങൾക്ക് ഇഷ്ടപ്പെട്ടോ? നിങ്ങൾക്കുണ്ടായ അനുഭവം കുറിക്കൂ.

**സാങ്കല്പിക യാത്രകൾ വേറിട്ട അനുഭവമാണ്. യാത്ര പോകണമെന്നില്ല. യാത്രയെ സാങ്കല്പിക അനുഭവമാക്കി മാറ്റണമെന്ന് മാത്രം.**



**ജി ഹരിശങ്കർ**
**(1958-2002)**

കർണ്ണാടക സംഗീതത്തിലെ പ്രശസ്തനായ ഗഞ്ചിറ വാദ്യകലാകാരൻ. പിതാവ് ഗോവിന്ദ റാവുവിന്റെ ശിക്ഷണത്തിലാണ് പ്രാഥമിക പരിശീലനം നേടിയത്. ചെന്നൈ ആൾ ഇന്ത്യ റേഡിയോയിലെ ഉദ്യോഗസ്ഥനായിരുന്നു.

പ്രകൃതിയിൽനിന്ന് ലഭ്യമായ വസ്തുക്കളെ ലഘു സംഗീതോപകരണങ്ങളാക്കി മാറ്റാം. ഓരോ വസ്തുക്കളിൽനിന്നും പുറപ്പെടുന്ന ശബ്ദം വ്യത്യസ്തമാണ്. സംഗീതോപകരണങ്ങളുടെ അകമ്പടി ആലാപനത്തിനെ മികവുറ്റതാക്കുന്നു.

## താളം പിടിക്കാം

ക്ലാസ്റൂമിൽനിന്നും പരിസരത്തുനിന്നും ലഭ്യമാകുന്ന പേന, കുപ്പി, മരക്കൊമ്പ്, പാത്രം, ചിരട്ട, കല്ല് തുടങ്ങിയ വസ്തുക്കൾ ശേഖരിക്കൂ. സമാനശബ്ദം പുറപ്പെടുവിക്കുന്ന വസ്തുക്കൾ ലഭിച്ചവർ ഗ്രൂപ്പ് ആയിക്കോളൂ. ഓരോ ഗ്രൂപ്പുകളായി കയ്യിലുള്ള വസ്തുക്കൾ ഉപയോഗിച്ച് താളം പിടിക്കൂ.
ഇനി എല്ലാ ഗ്രൂപ്പുകളും ചേർന്ന് താളം പിടിക്കാം.



## പാട്ടു പാടാം

നാലു ഗ്രൂപ്പുകളായി നിങ്ങൾ കണ്ടുപിടിച്ച സംഗീത സാമഗ്രികൾ ഉപയോഗിച്ച് താളം പിടിച്ച് ഇഷ്ടമുള്ള പാട്ടുകൾ പാടി ക്ലാസ്സിൽ അവതരിപ്പിക്കുക.

ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് താഴെ കൊടുത്തിരിക്കുന്നത് പോലെയുള്ള സംഗീതോപകരണങ്ങൾ നിർമ്മിക്കാമോ?



### ഗഞ്ചിറ

ഒരു വശം മാത്രം തോൽ പൊതിഞ്ഞ ചെറുതരം വാദ്യോപകരണമാണ് ഗഞ്ചിറ. നാടൻപാട്ടിൽ വാദ്യോപകരണമായും കർണ്ണാടക സംഗീത കച്ചേരികളിൽ ഉപപക്കവാദ്യമായും ഗഞ്ചിറ ഉപയോഗിക്കുന്നു.



## അറിയാം

ചില നാടൻ വാദ്യോപകരണങ്ങൾ പരിചയപ്പെടാം. ഈ വാദ്യോപകരണങ്ങൾ ഉപയോഗിച്ചുള്ള നാടൻ പാട്ടുകൾ കേൾക്കാൻ ശ്രമിക്കുമല്ലോ.



മരം തുടി ചെണ്ട തപ്പ്



**മട്ടന്നൂർ ശങ്കരൻകുട്ടി**
കേരളത്തിലെ പ്രശസ്തനായ ചെണ്ടവാദ്യ കലാകാരനാണ്. കേരളീയ വാദ്യമായ ചെണ്ടയെ ഫ്യൂഷൻ മ്യൂസിക്കിൽ കൊണ്ടുവരുകയും ആഗോളതലത്തിൽ വാദ്യത്തിന് പ്രശസ്തി നേടി കൊടുക്കുകയും ചെയ്യതിൽ പ്രധാന പങ്കുവഹിച്ചു. 2007 ൽ രാജ്യം പത്മശ്രീ നൽകി ആദരിച്ചു.

### നാടൻ സംഗീതോപകരണം

നാടൻ സംഗീതോപകരണങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

## പാട്ടുപെട്ടി

### ഗാന്ധിപ്പാട്ട്

നമ്മുടെ അപ്പൂപ്പൻ
നമ്മുടെ ഗാന്ധിജി അപ്പൂപ്പൻ
പല്ലില്ലാത്ത മോണകൾ കാട്ടി
ചിരിക്കുമപ്പൂപ്പൻ
നമ്മുടെ നാടിൻ നന്മക്കായ്
പിറന്നൊരപ്പൂപ്പൻ

നമ്മുടെ അപ്പൂപ്പൻ നമ്മുടെ
ഗാന്ധിജി അപ്പൂപ്പൻ
അടിയും വെടിയും കൂസാതെ
പൊരുതി അപ്പൂപ്പൻ
അക്രമമൊന്നും കാട്ടാതെ
സമരം ചെയ്യൊരപ്പൂപ്പൻ
ഗാന്ധിജി അപ്പൂപ്പൻ (2)
ഇന്ത്യക്കാരെ ഒന്നായ്
ചേർത്തു നിർത്തി അപ്പൂപ്പൻ
നമ്മുടെ നാടിനു സ്വാതന്ത്ര്യം
നേടിത്തന്നു അപ്പൂപ്പൻ
രാഷ്ട്രപിതാവായ് എന്നും നമുക്ക്
വഴികാട്ടുന്നൊരു മുത്തച്ഛൻ
നമ്മുടെ അപ്പൂപ്പൻ നമ്മുടെ
ഗാന്ധിജി അപ്പൂപ്പൻ

(വി എം.രാജമോഹൻ)

പാട്ടുപെട്ടിയിലെ പാട്ട് എല്ലാവരും പാടിയല്ലോ? ഒക്ടോബർ 2 ഗാന്ധിജയന്തിയോടനുബന്ധിച്ച് കൂട്ടുകാർ ഇതുപോലുള്ള പുതിയ പാട്ടുകൾ എഴുതി ഈണം നൽകി പാടി അവതരിപ്പിക്കുമല്ലോ...

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 5 ലെ 4.1 എന്ന ഫയൽ തുറക്കുക.



# വേനൽച്ചുവടുകൾ

നിങ്ങളുടെ പ്രദേശത്ത് നിലവിലുള്ള ഒരുപാട് കളികളുണ്ടല്ലോ. ഏതെല്ലാം കളികൾ നിങ്ങൾക്കറിയാം?

- കക്കുകളി
- സ്പൂൺ റേയ്സ്
- അമ്മാനക്കളി
- ----------------------------
- ----------------------------
- ----------------------------

## കക്കുകളി

ലഭ്യമായ വിത്തുകളോ ഓടിന്റേയോ, കല്ലിന്റെയോ, പരന്ന ആകൃതിയിലുള്ള കഷണമോ കൈയിലും തലയിലും, നെറ്റിയിലുമെല്ലാം വച്ചുകൊണ്ട് ഓരോ കളത്തിലേക്ക് ചാടിയാണ് കക്കു കളിക്കുന്നത്. കക്കു കളിക്കാൻ ഉപയോഗിക്കുന്ന വസ്തുവിനെയാണ് 'കക്ക്' എന്ന് പറയുന്നത്.

## നമുക്കും കക്ക് കളിച്ചാലോ?

മുകളിലേക്ക് നോക്കി നെറ്റിയിൽ കക്ക് വച്ച് കളങ്ങളുടെ വരയിൽ ചവിട്ടാതെ, കക്ക് താഴെ പോകാതെ ഒരു കളത്തിൽ നിന്നും അടുത്ത കളത്തിലേക്ക് ചാടുക. കൂടുതൽ കളങ്ങൾ ചാടിയ ആൾ വിജയിയാകും. കക്കു കളിക്കുമ്പോൾ തലയിലെ വസ്തു വീഴാതിരിക്കാൻ കൂടുതൽ ശരീരനിയന്ത്രണം ആവശ്യമുണ്ടെന്ന് തോന്നിയോ? നിങ്ങളുടെ അനുഭവം ക്ലാസിൽ ചർച്ച ചെയ്യൂ..

ഇതുപോലെ തലയിൽ വസ്തുക്കൾ വച്ചുകൊണ്ട് ചെയ്യുന്ന വിവിധ നൃത്തരൂപങ്ങളെ പരിചയപ്പെടാം.



### കുച്ചിപ്പുഡി

ആന്ധ്രാപ്രദേശിന്റെ നൃത്തരൂപമാണ് കുച്ചിപ്പുഡി. കുച്ചിപ്പുഡി എന്ന ഗ്രാമത്തിൽ ഉടലെടുത്തതുകൊണ്ടാണ് ഈ നൃത്തം 'കുച്ചിപ്പുഡി' എന്ന പേരിൽ അറിയപ്പെടുന്നത്.

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 5 ലെ 4.2 എന്ന ഫയൽ തുറക്കുക.

## ചലിക്കാം കളിയിലൂടെ

ഓരോരുത്തരും വെള്ളം നിറച്ച കുപ്പി തലയിലോ, തോളിലോ, കൈയിലോ വച്ച് സംഘമായി ശരീരനിയന്ത്രണത്തോടുകൂടി ചലിച്ചുനോക്കൂ.

കുപ്പി താഴെ വീഴാതിരിക്കാൻ എന്തൊക്കെയാണ് നിങ്ങൾ ശ്രദ്ധിച്ചത്?



കളിയിലൂടെ എന്തെല്ലാം തരത്തിലുള്ള മികവുകളാണ് നേടാൻ സാധിച്ചത്?

- ശരീര നിയന്ത്രണം
- --------------------------
- --------------------------

ആരാണ് നന്നായി അവതരിപ്പിച്ചത്?

ഇത്തരത്തിൽ വസ്തുക്കൾ ശരീരഭാഗങ്ങളിൽ ബാലൻസ് ചെയ്തുകൊണ്ടുള്ള നൃത്തരൂപങ്ങൾ നിങ്ങൾ കണ്ടിട്ടില്ലേ? ഏതൊക്കെയാണവ?

**അമ്മൻ കുടം**



**കാവടി**

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 5 ലെ 4.3 എന്ന ഫയൽ തുറക്കുക.

ഉത്സവവുമായി ബന്ധപ്പെട്ടാണ് മിക്ക നൃത്തരൂപങ്ങളും അവതരിപ്പിക്കുന്നത്. ഇതിൽ നിന്ന് വ്യത്യസ്തമായി മനുഷ്യന്റെ ദുരിതപൂർണ്ണമായ ജീവിത ചുറ്റുപാടുകളുമായി ബന്ധപ്പെട്ട നൃത്തരൂപങ്ങളും ഉണ്ട്. അതിലൊന്നാണ് ഭാവൈ നൃത്തം.

## ഭാവൈ നൃത്തം

ഇന്ത്യയിലെ ഏറ്റവും വലിയ മരുഭൂമിയായ ഥാർ മരുഭൂമി സ്ഥിതി ചെയ്യുന്ന വലിയ സംസ്ഥാനമാണ് രാജസ്ഥാൻ. വരൾച്ചയുള്ള ഒരിടം. കിലോമീറ്ററുകളോളം നടന്ന് കുടങ്ങൾ തലയിൽ ചുമന്നാണ് അവിടെ ജനങ്ങൾ വെള്ളം കൊണ്ടുവരുന്നത്. മേൽക്കുമേൽ അടുക്കിവച്ച അഞ്ചും ആറും കുടങ്ങളിൽ വെള്ളം ചുമന്ന് വരുന്ന രാജസ്ഥാനി സ്ത്രീകളുടെ ചിത്രം വരൾച്ചയുടെ ഗൗരവം കാണിക്കുന്നു. ആ ദുരിത സാഹചര്യത്തിലൂടെയാണ് ഭാവൈ രൂപപ്പെട്ടത്.



**ഭാവൈ നൃത്തം കാണുക**

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 5 ലെ 4.4 എന്ന ഫയൽ തുറക്കുക.

അമ്മൻകുടവും, ഭാവൈ നൃത്തവും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തൊക്കെയാണെന്ന് പറയാമോ?

നൃത്തത്തിന് ആവശ്യമായ ശരീരമനോനിയന്ത്രണം ഉണ്ടാക്കിയെടുക്കാൻ എന്തെല്ലാം മാർഗങ്ങളാണുള്ളത്? ചർച്ച ചെയ്യൂ.

### വെമ്പട്ടി ചിന്നസത്യം

ആധുനിക കുച്ചിപ്പുഡി നൃത്തത്തിന്റെ ഉപജ്ഞാതാവാണ് വെമ്പട്ടി ചിന്നസത്യം. പരമ്പരാഗത കുച്ചിപ്പുഡി ഇനങ്ങൾക്കുപുറമെ പത്മാവതി ശ്രീനിവാസകല്യാണം, വിപ്രനാരായണ ചരിതം, മേനക വിശ്വാമിത്ര, ഭാമകലാപം, ചണ്ഡാലിക തുടങ്ങിയ ഇനങ്ങളും സംവിധാനം ചെയ്തു. ചെന്നൈയിൽ കുച്ചിപ്പുഡി ആർട്ട് അക്കാദമി സ്ഥാപിച്ച വെമ്പട്ടി ചിന്നസത്യത്തെ പത്മഭൂഷൺ നൽകി രാജ്യം ആദരിച്ചു.





# കഥയൊരുക്കം

നമുക്കൊന്ന് നടന്നാലോ...

നിങ്ങൾക്ക് ഇഷ്ടമുള്ളത് പോലെ ക്ലാസ് റൂമിൽ നടക്കണം. ലീഡർ ഒരു വാഹനത്തിന്റെ പേര് പറയും. അതിന് എത്ര ടയറുകൾ ഉണ്ടോ അത്രയും പേരുടെ ഗ്രൂപ്പായി മാറണം. ഉദാഹരണത്തിന് ഓട്ടോ എന്ന് പറഞ്ഞാൽ വളരെ വേഗത്തിൽ അടുത്തുള്ളവർ ചേർന്ന് മൂന്നുപേർ വീതമുള്ള ഗ്രൂപ്പുകൾ

ആവണം. മൂന്നുപേർ തികയാതെ ബാക്കിയാകുന്നവർ കളിയിൽ നിന്ന് പുറത്താകും. ഇതുപോലെ ഏതൊക്കെ വാഹനങ്ങളുടെ പേര് പറയാം?

അവയ്ക്ക് എത്ര ടയറുകൾ ഉണ്ട്? കളി തുടങ്ങാം.

വാഹനങ്ങളുടെ പേര് ലീഡർ ഉച്ചത്തിൽ പറയൂ.. അതിനനുസരിച്ച് ഗ്രൂപ്പുകൾ ആകാം.

കളി ഇഷ്ടമായോ?

ഇനി പുറത്തായവരെയും ഉൾപ്പെടുത്തിക്കൊണ്ട് ക്ലാസിലെ മുഴുവൻ കുട്ടികളെയും നാല് തുല്യ ഗ്രൂപ്പുകൾ ആകുന്ന തരത്തിലുള്ള ഒരു നമ്പർ ലീഡർ ഉറക്കെ പറയുന്നു. ക്ലാസ് നാലു ഗ്രൂപ്പുകളായി മാറുന്നു.

മുറിയിൽ അകപ്പെട്ട പൂമ്പാറ്റ എന്ന ആശയം വിപുലപ്പെടുത്തിയ മാതൃക ചുവടെ നൽകിയിരിക്കുന്നു. എല്ലാം ഗ്രൂപ്പുകളും ചർച്ച ചെയ്യൂ.



## വിഷയം :

## മുറിയിൽ അകപ്പെട്ട പൂമ്പാറ്റ

സൂചകങ്ങൾ

- പൂമ്പാറ്റ മുറിയിലേക്ക് എത്താനുള്ള കാരണം.
- എങ്ങനെയാണ് മുറിയിൽ പെട്ടത്?
- ആരാണ് കണ്ടത്? എങ്ങനെയാണ് പൂമ്പാറ്റ രക്ഷപ്പെട്ടത്?

വല്ലാത്ത മഴയും തണുപ്പും. തെച്ചിപ്പൂവിൽനിന്നും തേൻ കുടിച്ചു കൊണ്ടിരുന്ന പൂമ്പാറ്റ മെല്ലെ വെളിച്ചം കണ്ട ദിക്കിലേക്ക് പറന്നു. ചിറകടിച്ച് അഴികൾക്കിടയിലൂടെ മുറിയിലെ വെളിച്ചത്തിന് അടുത്തേക്ക്.. തണുപ്പിൽ നിന്ന് രക്ഷ നേടിയ സന്തോഷത്തിൽ മുറിയിലൂടെ ചിറകടിച്ച് കളിച്ചു. പെട്ടെന്നാണ് മഴ കനത്തത്. ജനാലകൾ അടയ്ക്കാത്തതിൽ കുട്ടികളെ ശകാരിച്ചുകൊണ്ട് അപ്പൂപ്പൻ മുറിയുടെ ജനലും വാതിലും അടച്ചു. പാവം പൂമ്പാറ്റ പുറത്തേക്ക് ഇറങ്ങാൻ കഴിയാതെ വാതിലിന്റെ അരികിൽ സങ്കടപ്പെട്ടിരുന്നു. അപ്പോൾ മുറിയിലേക്ക് വന്ന കുട്ടി പൂമ്പാറ്റയെ കണ്ടു.

കുട്ടി ചോദിച്ചു, "എന്തുപറ്റി പൂമ്പാറ്റേ? നീ എന്തിനാ സങ്കടപ്പെട്ടിരിക്കുന്നത്?"

പൂമ്പാറ്റ : "മഴയും തണുപ്പും ആയതുകൊണ്ട് മുറിയിലേക്ക് വന്നതാ, ഇപ്പോൾ പുറത്തേക്ക് ഇറങ്ങാൻ കഴിയുന്നില്ല.."

കുട്ടി : "അതിനെന്താ ഞാൻ സഹായിക്കാം." മഴ കുറഞ്ഞപ്പോൾ കുട്ടി പൂമ്പാറ്റയെ ജനൽ തുറന്നു പുറത്തേക്ക് വിട്ടു.

സൂചകങ്ങൾക്കനുസൃതമായി ആശയം വിപുലീകരിച്ച് കഥയുണ്ടാക്കാൻ നിങ്ങൾ പഠിച്ചുവല്ലോ.

## ആശയാവതരണം

താഴെക്കൊടുത്തിരിക്കുന്ന ആശയങ്ങൾ സംഘമായി ചർച്ച ചെയ്യൂ.

### ഗ്രൂപ്പ് - 1
### കരയുന്ന കുട്ടി

**സൂചകങ്ങൾ-**

- കരയാനുള്ള കാരണം
- എവിടെ വെച്ച് ഏത് സാഹചര്യത്തിൽ?
- ഒറ്റപ്പെടുത്തുന്ന കൂട്ടുകാർ
- ആശ്വസിപ്പിക്കുന്ന കൂട്ടുകാർ
- പരിഹാരം



### ഗ്രൂപ്പ് - 2
### പിണങ്ങിപ്പോയ പൂച്ച

**സൂചകങ്ങൾ-**

- ആരോടാണ് പിണങ്ങിയത്?
- എന്തിനാണ് പിണങ്ങിയത്?
- എവിടെക്കാണ് പോയത്?
- നേരിടേണ്ടിവന്ന അനുഭവങ്ങൾ
- തിരികെയെത്താൻ സഹായിച്ചവർ ആരൊക്കെ?



### ഗ്രൂപ്പ് - 3
### നിലത്ത് വീണുകിടക്കുന്ന കിളിക്കൂട്

**സൂചകങ്ങൾ-**

- എവിടെയായിരുന്നു കിളി കൂടു കൂട്ടിയത്?
- എങ്ങനെയാണ് കൂട് താഴെ വീണത്?
- കൂട് താഴെ വീണപ്പോൾ കിളിയുടെ പ്രതികരണം.
- ആരൊക്കെയാണ് താഴെ വീണ കിളിക്കൂട് കണ്ടത്?
- കൂട് തിരികെ വയ്ക്കാൻ സഹായിച്ചവർ ആരൊക്കെ?



### ഗ്രൂപ്പ് - 4
### പേഴ്സ് കളഞ്ഞുകിട്ടുന്നു

**സൂചകങ്ങൾ-**

- ആരുടെ പേഴ്സാണ് നഷ്ടപ്പെട്ടത്?
- ആർക്കാണ് പേഴ്സ് കിട്ടിയത്?
- പേഴ്സ് നഷ്ടപ്പെട്ടപ്പോൾ അയാൾക്കുണ്ടായ പ്രയാസങ്ങൾ.
- ഒടുവിൽ എങ്ങനെയാണ് അയാൾക്ക് പേഴ്സ് തിരികെ കിട്ടിയത്?



എല്ലാവരും വിഷയങ്ങളും സൂചകങ്ങളും ചർച്ച ചെയ്തല്ലോ. ചർച്ച ചെയ്ത് ലഭിച്ച കാര്യങ്ങൾ ഉപയോഗിച്ച് ഒരു നാടക അവതരണത്തിനായി എന്തൊക്കെ തയ്യാറെടുപ്പുകൾ നടത്തണം? ഓരോ സംഘത്തിന്റെയും അവതരണങ്ങൾ മെച്ചപ്പെടുത്താൻ ഇനിയും എന്തൊക്കെ ചെയ്യാൻ പറ്റും?



**ഓച്ചിറ വേലുക്കുട്ടി** (1905- 1954) : മലയാള നാടകവേദിയുടെ ആദ്യകാല നാടക പ്രവർത്തകൻ. സ്ത്രീകൾ നാടകങ്ങളിൽ അഭിനയിക്കാൻ തുടങ്ങിയിട്ടില്ലായിരുന്ന കാലത്ത് സ്ത്രീ വേഷങ്ങൾ അഭിനയിപ്പിച്ചു ഫലിപ്പിച്ച കലാകാരനായിരുന്നു ഓച്ചിറ വേലുക്കുട്ടി. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഓച്ചിറ പരബ്രഹ്മോദയ നാടകസമിതി രൂപീകരിച്ചു.



**മാവേലിക്കര പൊന്നമ്മ** : 1940 കളിൽ സ്ത്രീകൾ നാടകങ്ങളിൽ അഭിനയിച്ചുതുടങ്ങുന്ന കാലത്ത് നാടകരംഗത്തേക്ക് വന്ന ആദ്യകാല നടിയാണ് മാവേലിക്കര പൊന്നമ്മ. കെ.പി.എ.സി, കലാനിലയം തുടങ്ങിയ പ്രശസ്ത നാടക സമിതികളിലായി അഞ്ഞൂറിലധികം നാടകങ്ങളിൽ അവർ അഭിനയിച്ചിട്ടുണ്ട്. 1963ൽ 'കടലമ്മ' എന്ന ചലച്ചിത്രത്തിൽ നായികയായി ചലച്ചിത്ര രംഗത്തേക്ക് കടന്നുവന്നു.



**നിലമ്പൂർ ആയിഷ** : 1950-കളിൽ കേരളത്തിലാരംഭിച്ച രാഷ്ട്രീയ നാടകപ്രസ്ഥാനത്തിലൂടെയാണ് നിലമ്പൂർ ആയിഷ അരങ്ങി ലെത്തുന്നത്. ഇ.കെ. അയമുവിന്റെ 'ജ്ജ് നല്ല മനിസനാവാൻ നോക്ക്' ആയിരുന്നു ആദ്യനാടകം. നൂറിലേറെ നാടകങ്ങൾ 12,000ലേറെ വേദികളിൽ അഭിനയിച്ച നിലമ്പൂർ ആയിഷ നിരവധി ചലച്ചിത്രങ്ങളിലും വേഷമിട്ടിട്ടുണ്ട്. മലയാള നാടക വേദിക്ക് നല്കിയ സമഗ്രസംഭാവനകളെ മാനിച്ച് 2008-ൽ എസ്. എൽ. പുരം സദാനന്ദൻ പുരസ്കാരം നൽകി കേരള സർക്കാർ ആദരിച്ചു. കേരള സംഗീത നാടക അക്കാദമി പുരസ്കാരം (2002), കേരള സംസ്ഥാന ചലച്ചിത്ര പുരസ്കാരം, പ്രേംജി അവാർഡ് എന്നീ ബഹുമതികളും അവരെ തേടിയെത്തി.



**പ്രേംജി** (1908- 1998) : സാമൂഹിക പരിഷ്കർത്താവും നടനുമായ പ്രേംജി 'അടുക്കളയിൽനിന്നും അരങ്ങത്തേക്ക്' എന്ന പ്രസിദ്ധമായ നാടകത്തിൽ അഭിനയിച്ച് പ്രശസ്തനായി. 'പിറവി ' എന്ന ചലച്ചിത്രത്തിലെ അഭിനയത്തിന് നാഷണൽ ഫിലിം അവാർഡ് (1989), കേരള സംസ്ഥാന പുരസ്കാരം (1989) എന്നിവ നേടി.

## പരിചയപ്പെടാം

ഇതുപോലെ നാടകത്തിലെ അഭിനേതാക്കൾ നിങ്ങളുടെ പ്രദേശത്തും ഉണ്ടാകുമല്ലോ. അവരെ കണ്ടെത്തി അവരുടെ അനുഭവങ്ങൾ ചോദിച്ചറിഞ്ഞ് കുറിപ്പ് തയ്യാറാക്കൂ...




# സിനിമയുടെ രസം

മുകളിലെ ചിത്രം ശ്രദ്ധിക്കൂ. എന്തെല്ലാം കാര്യങ്ങൾ തിരിച്ചറിയാൻ സാധിച്ചു? എഴുതി നോക്കൂ.

ഇനി നമുക്കൊരു സിനിമ കണ്ടാലോ.



സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 5 ലെ 4.5 എന്ന ഫയൽ തുറക്കുക.

നിങ്ങൾക്ക് സിനിമ ഇഷ്ടപ്പെട്ടോ? ഏതു സന്ദർഭമാണ് കൂടുതൽ ഇഷ്ടപ്പെട്ടത്? ഈ സിനിമയുടെ ആശയം ചുരുങ്ങിയ വാക്കിൽ എഴുതി അവതരിപ്പിക്കുക. പ്രധാന കഥാപാത്രങ്ങൾ ആരൊക്കെ? ഈ സിനിമയിൽ സൗണ്ട് ഇഫക്ട് വന്ന സന്ദർഭങ്ങൾ ശ്രദ്ധിച്ചുവോ? അവ ഏതൊക്കെ?

## സിനിമ പോസ്റ്റർ

സിനിമയുടെ പ്രചാരണത്തിനായി സിനിമയുടെ പേര്, അണിയറ പ്രവർത്തകരുടെ പേരുകൾ, അഭിനയിക്കുന്നവരുടെ ചിത്രങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് ആകർഷകമായ രീതിയിൽ രൂപകല്പന ചെയ്യുന്നതാണ് സിനിമാപോസ്റ്ററുകൾ.

കണ്ട സിനിമയിലെ കഥാപാത്രങ്ങളുടെ വസ്ത്രവിധാനം നിങ്ങൾക്ക് ഇഷ്ടപ്പെട്ടോ?

അതിലെ പ്രത്യേകതകൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കൂ..

### പോസ്റ്റർ തയ്യാറാക്കാം

സിനിമാപോസ്റ്റർ തയ്യാറാക്കാം.

'യാത്ര' എന്ന ആശയത്തെ ആസ്പദമാക്കി നിർമ്മിക്കുന്ന സിനിമയുടെ പോസ്റ്റർ തയ്യാറാക്കുക.

പോസ്റ്ററിൽ എന്തെല്ലാം ഉൾപ്പെടുത്താം?

### ആസ്വാദനം

നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഒരു സിനിമയെക്കുറിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.



**ജെ.സി. ഡാനിയൽ (1900- 1975)**

മലയാള സിനിമയുടെ പിതാവ് എന്നറിയപ്പെടുന്ന ചലച്ചിത്രകാരനാണ് ജെ.സി ഡാനിയൽ. കേരളത്തിലെ ആദ്യ ഫിലിം സ്റ്റുഡിയോ സ്ഥാപകനായ അദ്ദേഹത്തിന്റെ സ്മരണാർഥം കേരളസർക്കാർ ജെ.സി. ഡാനിയൽ പുരസ്കാരം നൽകിവരുന്നു.

ആദ്യത്തെ മലയാള ചലച്ചിത്രമാണ് **വിഗതകുമാരൻ.** 1928 ലാണ് ഈ ചലച്ചിത്രം പുറത്തിറങ്ങിയത്. ഇതൊരു നിശ്ശബ്ദ ചലച്ചിത്രമാണ്.



**വിഗതകുമാരൻ - ചലച്ചിത്രത്തിലെ ഒരു രംഗം**



**പി കെ റോസി (1903-1988)**

മലയാള ചലച്ചിത്രത്തിലെ ആദ്യനായികയാണ് പി.കെ. റോസി. വിഗതകുമാരനിലാണ് അവർ അഭിനയിച്ചത്. കാക്കാരശ്ശി നാടക കലാകാരികൂടിയായ ഇവർ ചേരമർ കലാവേദി അംഗമായിരുന്നു.




# ചേർത്തു ചേർത്തു ചേർന്ന്

സൂര്യകാന്തിപ്പൂക്കൾ

സ രി ഗ മ പ ധ നി

രൂപംമാറാം ചുവടുവയ്ക്കാം

പുറപ്പാട്

മുറിക്കാം ചേർക്കാം



# സൂര്യകാന്തിപ്പൂക്കൾ

"ടീച്ചറേ.. ആൽബിൻ ഇന്റർവെല്ലിന് പോയിട്ട് ഇതുവരെ തിരിച്ച് വന്നിട്ടില്ല."

"അവൻ എവിടെയങ്കിലും ഇരുന്ന് വരയ്ക്കുന്നുണ്ടാവും."

"ആഹ്! ആൽബിൻ, നീ എത്തിയോ.. എവിടെയായിരുന്നു?"

"ടീച്ചറേ.. ഇന്നലെ ടീച്ചർ പറഞ്ഞില്ലേ, മരങ്ങൾ നിരീക്ഷിച്ച് വരയ്ക്കാൻ.. ഞാനൊരു മരം നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. അതാ വൈകിയത്."

"ആഹാ...! അത് കൊള്ളാമല്ലോ. നിങ്ങളാരെങ്കിലും ഇതുപോലെ മരങ്ങൾ നിരീക്ഷിക്കാൻ പോയോ?"

"ഇല്ല ടീച്ചർ."

"എന്നാൽ നമുക്കെല്ലാവർക്കും കൂടി നിരീക്ഷിച്ച് വരയ്ക്കാൻ പോയാലോ..

എല്ലാവരും വരയ്ക്കാൻ ഡ്രോയിംഗ് ബുക്കും പെൻസിലും നിറങ്ങളും എടുത്തോളൂ."

ക്രയോൺസ്, ഓയിൽ പേസ്റ്റൽസ്, കളർപെൻസിൽ എന്നിവയും ആവാം.

എന്തൊക്കെ നിരീക്ഷിക്കണം?

- മരങ്ങൾ
- ചില്ലകൾ
- പൂക്കൾ
- കിളികൾ
- പൂമ്പാറ്റകൾ
- ഇലകളുടെ നിറങ്ങൾ

## വെട്ടിയെടുത്തൊരു ചിത്രമൊരുക്കാം

എല്ലാവരും ഡ്രോയിംഗ് ബുക്കിൽ ഒരു പേജിൽ ഒരു ചിത്രം എന്ന രീതിയിൽ, ഇഷ്ടമുള്ള ഓരോ വസ്തു തിരഞ്ഞെടുത്ത് വരച്ചുനോക്കൂ..

ചിത്രത്തിന് നിറം നൽകാൻ മറക്കല്ലേ.

എല്ലാവരും വരച്ച ചിത്രങ്ങൾ പരസ്പരം കാണുന്ന രീതിയിൽ ഉയർത്തിപ്പിടിക്കൂ..

"വരച്ച ചിത്രങ്ങൾ അതിന്റെ രൂപത്തിനനുസൃതമായി വെട്ടിയെടുത്തോളൂ..

വെട്ടിയെടുത്ത ചിത്രങ്ങൾ കാണാൻ എന്തൊരു ഭംഗി!

ഇതെല്ലാം ചേർത്തു വച്ച് ഇനി നമുക്കൊരു പുതിയ ചിത്രം നിർമ്മിക്കാം.

നമുക്ക് ഗ്രൂപ്പായി ചെയ്താലോ..?

ഓരോ ഗ്രൂപ്പും ഓരോ ചാർട്ട് പേപ്പർ, പശ എന്നിവ എടുത്തോളൂ. വെട്ടിയെടുത്ത ചിത്രങ്ങൾ തന്നിട്ടുള്ള ചാർട്ട് പേപ്പറിൽ നിരത്തിവയ്ക്കൂ."

ഇനി അവയെ ക്രമീകരിച്ച് നോക്കൂ.. സ്ഥാനങ്ങൾ മാറ്റി വച്ചും ക്രമീകരിക്കാം.



മികച്ചതെന്ന് ഗ്രൂപ്പ് അംഗങ്ങൾക്ക് തോന്നുന്ന ക്രമീകരണം നിശ്ചയിക്കുകയും ചാർട്ട് പേപ്പറിൽ ഒട്ടിക്കുകയും ചെയ്യുക.

എല്ലാ ചിത്രങ്ങളും ഒട്ടിച്ച് കഴിഞ്ഞാലും ചില സ്ഥലങ്ങൾ ഒഴിഞ്ഞ് കിടക്കുന്നില്ലേ..?

അവിടെ നിറങ്ങളോ രൂപങ്ങളോ വരച്ച് ചേർത്ത് ചിത്രം പൂർത്തിയാക്കൂ..

## ചിത്രസംയോജനം (Composition)

ഒരു കലാസൃഷ്ടിയിലെ വിവിധ ദൃശ്യഘടകങ്ങളുടെ ക്രമീകരണമാണ് ചിത്രസംയോജനം. രൂപങ്ങളെയും നിറങ്ങളെയും വിവിധ തരത്തിൽ ക്രമീകരിക്കാവുന്നതാണ്. കലാകാരർ അവരുടെ ഭാവന അനുസരിച്ചും ആശയത്തിനനുസൃതമായും വിവിധ കോമ്പോസിഷനുകൾ നടത്താറുണ്ട്.



### മികവുകൾ കണ്ടെത്താം

- ഓരോ ഗ്രൂപ്പും തയ്യാറാക്കിയ ചിത്രം പ്രദർശിപ്പിക്കുക.
- മറ്റ് ഗ്രൂപ്പുകൾ അതിലെ മികവുകൾ ചർച്ച ചെയ്യൂ.
- ഗ്രൂപ്പ് അംഗങ്ങൾ, അവരുടെ ചിത്രത്തിന്റെ ആശയം വ്യക്തമാക്കുക. ഓരോ ചിത്രത്തിലും നിങ്ങൾ കണ്ടെത്തിയ മികവുകൾ പറയാമോ?
- ------------------------------------------------------------------------------------------
- ------------------------------------------------------------------------------------------
- ------------------------------------------------------------------------------------------
- ------------------------------------------------------------------------------------------

മികവുകൾ കണ്ടെത്തിയല്ലോ?

കൂടുതൽ മെച്ചപ്പെടുത്താൻ എന്തൊക്കെ ചെയ്യാമെന്ന് ചർച്ച ചെയ്യൂ.

### ആസ്വാദനം

ഒരേ ആശയത്തിൽ മൂന്ന് കലാകാരൻമാർ വരച്ച വ്യത്യസ്ത ചിത്രങ്ങൾ നോക്കൂ.



Sun Flowers-1888

**വിൻസെന്റ് വാൻഘോഗ്**



Sun Flowers-1940

**ബിനോദ് ബിഹാരി മുഖർജി**



Farm Garden with Sun Flowers-1907

**ഗുസ്താവ് ക്ലിംറ്റ്**

മുകളിൽ തന്നിരിക്കുന്ന പെയിന്റിംഗുകൾ വിശകലനം ചെയ്യൂ. നിങ്ങൾ കണ്ടെത്തിയ പ്രത്യേകതകൾ ചേർത്ത് കുറിപ്പ് തയ്യാറാക്കൂ.



# സ രി ഗ മ പ ധ നി

ചിത്രം ശ്രദ്ധിച്ചല്ലോ. എന്താണ് കാണുന്നത്? കർണ്ണാടക സംഗീതക്കച്ചേരി അവതരിപ്പിക്കുന്ന ചിത്രമാണിത്.

എന്തൊക്കെ സംഗീത ഉപകരണങ്ങളാണ് ചിത്രത്തിലുള്ളത്?

- ഘടം
- വയലിൻ
- ----------------------
- ----------------------
- ----------------------



**പുരന്ദരദാസർ**
**(1484-1564)**

കർണ്ണാടകസംഗീത പിതാമഹൻ എന്നറിയപ്പെടുന്ന ഇദ്ദേഹമാണ് കർണാടക സംഗീതത്തിന്റെ അടിസ്ഥാന പാഠങ്ങൾക്ക് രൂപം നൽകിയത്.





## സപ്തസ്വരങ്ങളെ പരിചയപ്പെടാം

സപ്തം എന്നാൽ ഏഴ് ആണല്ലോ. കർണ്ണാടക സംഗീതത്തിലെ 7 സ്വരങ്ങളെ സപ്തസ്വരങ്ങൾ എന്ന് പറയുന്നു.

### സ, രി, ഗ, മ, പ, ധ, നി

**സപ്തസ്വരങ്ങൾ**

സ - ഷഡ്ജം
രി - ഋഷഭം
ഗ - ഗാന്ധാരം
മ - മധ്യമം
പ - പഞ്ചമം
ധ - ധൈവതം
നി - നിഷാദം




കർണ്ണാടക സംഗീതം സപ്തസ്വരങ്ങളിൽ അധിഷ്ഠിതമാണ്.
**സപ്തസ്വരങ്ങൾ പാടുന്നതിന് പ്രത്യേക ക്രമവും ചിട്ടയായ പഠന രീതിയുമുണ്ട്.**

**കർണ്ണാടക സംഗീതത്തിലെ പ്രാഥമിക പാഠങ്ങൾ മായാമാളവഗൗളരാഗത്തിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്.**

## ഗാനങ്ങൾ പരിചയപ്പെടാം

കർണ്ണാടക സംഗീതശൈലിയിലുള്ള ചില ഗാനങ്ങൾ കേൾക്കാം.

**കർണ്ണാടകസംഗീതം**

- ഭാരതീയ സംഗീതത്തിലെ ഒരു സംഗീതശാഖയാണിത്.
- ദക്ഷിണേന്ത്യയിൽ രൂപം കൊണ്ട സംഗീതശാഖ
- ചിട്ടയായ പഠന രീതിയുണ്ട്.



സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 5 ലെ 5.1 എന്ന ഫയൽ തുറക്കുക.

## കണ്ടെത്തി പാടാം

ഗാനങ്ങൾ കേട്ടശേഷം ഒറ്റയ്ക്കോ സംഘമായോ പാടി അവതരിപ്പിക്കാൻ ശ്രമിക്കുമല്ലോ? പരിചിതമായ മറ്റു ഗാനങ്ങൾ കണ്ടെത്തൂ.

## ആൽബം നിർമ്മിക്കാം

കർണാടക സംഗീതക്കച്ചേരിയിൽ ഉപയോഗിക്കുന്ന വാദ്യോപകരണങ്ങളുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കുക.

**എം എസ് സുബ്ബുലക്ഷ്മി (1916-2004)**



തമിഴ്നാട്ടിലെ മധുരയിൽ ജനിച്ച ഇന്ത്യൻ കർണ്ണാടക സംഗീതജ്ഞയാണ് എം.എസ്. സുബ്ബുലക്ഷ്മി. ഇന്ത്യയുടെ പരമോന്നത സിവിലിയൻ ബഹുമതിയായ ഭാരതരത്നം (1998) നൽകി രാഷ്ട്രം ആദരിച്ചു. കൂടാതെ രമൺ മഗ്സസെ അവാർഡ് ലഭിച്ച ആദ്യ ഇന്ത്യൻ സംഗീതജ്ഞയുമാണ് (1974). പത്മഭൂഷൺ, പത്മവിഭൂഷൺ ബഹുമതികളും അവർ നേടിയിട്ടുണ്ട്.



**പത്മശ്രീ നെയ്യാറ്റിൻകര വാസുദേവൻ (1940-2008)**

വ്യത്യസ്തമായ ആലാപന സൗകുമാര്യം കൊണ്ട് കർണ്ണാടക സംഗീത മേഖലയിൽ വ്യക്തിമുദ്ര പതിപ്പിച്ച കേരളത്തിലെ സംഗീതജ്ഞനായിരുന്നു നെയ്യാറ്റിൻകര വാസുദേവൻ. പത്മശ്രീ, സംഗീത നാടക അക്കാദമി അവാർഡ്, സ്വാതിപുരസ്കാരം തുടങ്ങി നിരവധി ബഹുമതികൾ ലഭിച്ചിട്ടുണ്ട്.

**പാട്ടുപെട്ടി**

### താരാട്ടുപാട്ട്

ഓമനത്തിങ്കൾ കിടാവോ..
നല്ല കോമളത്താമര പൂവോ.. (2)
പൂവിൽ വിരിഞ്ഞ മധുവോ.. പരി..
പൂർണേന്ദു തന്റെ നിലാവോ..

പുത്തൻ പവിഴക്കൊടിയോ.. ചെറു..
തത്തകൾ കൊഞ്ചും മൊഴിയോ....
ചാഞ്ചാടിയാടും മയിലോ.. മൃദു..
പഞ്ചമം പാടും കുയിലോ..

തുള്ളും ഇളമാൻ കിടാവോ..
ശോഭ..
കൊള്ളുന്നോരന്നക്കൊടിയോ..
ഈശ്വരൻ തന്ന നിധിയോ..
പരമേശ്വരിയേന്തും കിളിയോ..

(ഇരയിമ്മൻ തമ്പി)

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 5 ലെ 5.2 എന്ന ഫയൽ തുറക്കുക.

**ഇരയിമ്മൻ തമ്പിയുടെ മനോഹരമായ താരാട്ട് പാട്ട് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ? ഈ പാട്ട് ഈണത്തിൽ പാടി നോക്കുമല്ലോ**



# രൂപം മാറാം ചുവടുവയ്ക്കാം

തെയ്യോം തക താരോം തിത്തോം
തക താരോം തിനന്തിനന്താരോ
രാരിക്കൻ രാരോം രേരിക്കൻ രേരോം (2)
"അപ്പരുന്തിപ്പരുന്തേ പരുന്തേ
മാനത്തെ ചെമ്പരുന്തേ
മാനത്തൂടങ്ങിങ്ങും പായും പരുന്തേ
മാനത്തെ ചെമ്പരുന്തേ പരുന്തേ
ആടി വരൂ പരുന്തേ (തെയ്യോം തക)
കാള കളി കണ്ട് നിക്കും പരുന്തേ
മാനത്തെ ചെമ്പരുന്തേ
കാളയെ വന്നിങ്ങ് റാഞ്ച് പരുന്തേ
മാനത്തെ ചെമ്പരുന്തേ പരുന്തേ
ആടി വരൂ പരുന്തേ (തെയ്യോം തക)
ആനകളി കണ്ട് നിൽക്കും പരുന്തേ
മാനത്തെ ചെമ്പരുന്തേ
ആനയെ വന്നിങ്ങ് റാഞ്ച് പരുന്തേ
മാനത്തെ ചെമ്പരുന്തേ പരുന്തേ
ആടി വരു പരുന്തേ.."





പാട്ടിൽ പറഞ്ഞിട്ടുള്ള മൃഗങ്ങളായി മാറി ചുവടുവയ്ക്കാം..

ക്ലാസിലെ കുട്ടികൾ എല്ലാവരും ചേർന്ന് വിവിധ ജീവികളുടെ ഗ്രൂപ്പുകൾ ഉണ്ടാക്കൂ. ഒരു സംഘം മയിലുകൾ, ഒരു സംഘം കാളകൾ, മറ്റൊരു സംഘം ആടുകൾ, ബാക്കിയുള്ളവർ ആനകൾ.

ഓരോ മൃഗത്തെയും സൂചിപ്പിക്കുന്നതിനായി വേഷവിധാനത്തിൽ എന്തൊക്കെ ഒരുക്കങ്ങൾ നിങ്ങൾക്ക് ചെയ്യാനാകും?

## രൂപം മാറാം

നിങ്ങൾക്ക് എളുപ്പം ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് ഓരോ മൃഗത്തിന്റെയും രൂപത്തിലേക്ക് മാറാൻ ശ്രമിച്ചുനോക്കൂ

ഓരോ സംഘവും പാട്ടിലെ വരികളിൽ പറയുന്ന ജീവികളുടെ ചലനങ്ങൾ സൂചിപ്പിക്കുന്ന രീതിയിലുള്ള ചുവടുകൾ വച്ചുമല്ലോ. ആദ്യം മയിലായി വന്നവർ രണ്ടാംഘട്ടത്തിൽ കുതിരയായും ആനയായും കാളയായും ഒക്കെ മാറിമാറി ചെയ്തുനോക്കൂ.

## അനുഭവം പങ്കുവയ്ക്കാം



ആനയുടെ ചുവടിൽനിന്ന് കാളയുടെ ചുവടിലേക്ക് വന്നപ്പോഴും മയിലിന്റെ ചുവടിൽനിന്ന് ആടിന്റെ ചുവടിലേക്ക് വന്നപ്പോഴും എന്തൊക്കെ വ്യത്യാസങ്ങളാണ് നിങ്ങൾക്ക് തോന്നിയത്?

ഏത് വേഷം ചെയ്തപ്പോഴാണ് നിങ്ങൾക്ക് കൂടുതൽ സന്തോഷം തോന്നിയത്?



കച്ചിഗോധി (രാജസ്ഥാൻ)



പൊയ്ക്കാൽകുതിര (തമിഴ്നാട്)

### കച്ചിഗോധി, പൊയ്ക്കാൽക്കുതിര നൃത്തം

വൈക്കോലും കടലാസും മറ്റു പാഴ്വസ്തുക്കളും കൊണ്ടു നിർമ്മിച്ച പൊയ്ക്കുതിരയുടെ ഉള്ളിൽനിന്നുകൊണ്ട് ചെയ്യുന്ന നൃത്തങ്ങളാണിത്. നൃത്തം ചെയ്യുന്ന ആളിന്റെ കാലിൽ പൊയ്ക്കാലുകൾ (തടികൊണ്ടു നിർമ്മിച്ച കാലുകളുടെ രൂപം) കെട്ടിവച്ചാണ് ചുവടുവയ്ക്കുന്നത്. കുതിരയുടെ സഞ്ചാരരീതിയെ അനുസ്മരിപ്പിക്കുന്നതാണ് പൊയ്ക്കാൽകുതിരയുടെയും കച്ചിഗോധിയുടെയും ചുവടുകൾ. ഈ നൃത്തരൂപങ്ങൾക്ക് സമാനമായ നിരവധി നൃത്തരൂപങ്ങൾ പലയിടങ്ങളിലായി നിലവിലുണ്ട്.

### മയൂരനൃത്തം



ഏഷ്യൻ ഭൂഖണ്ഡത്തിൽ വിവിധ പ്രദേശങ്ങളിൽ പ്രചാരത്തിലുള്ള ഒരു നാടോടിനൃത്തരൂപമാണ് മയൂരനൃത്തം. മയിലിന്റെ രൂപചലനസവിശേഷതകൾ അടിസ്ഥാനമാക്കിയാണ് മയൂരനൃത്തം ചിട്ടപ്പെടുത്തിയിരിക്കുന്നത്. ഓരോ പ്രദേശത്തെയും വേഷചമയരീതികൾ അതത് പ്രദേശത്തെ മയൂരനൃത്താവതരണത്തെ സവിശേഷമാക്കുന്നു.

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 5 ലെ 5.3 എന്ന ഫയൽ തുറക്കുക.

### വൈക്കോൽ കരടിനൃത്തം (Straw bear dance)



ആദിമമനുഷ്യന്റെ പ്രതിരൂപമായാണ് വൈക്കോൽ കരടിനൃത്തത്തിന്റെ ആവിഷ്കാരം. കാഴ്ചയിൽ വലിയ കരടിയെ ഓർമ്മിപ്പിക്കുന്നതാണ് വേഷം. ജർമ്മനിയിൽ സമൃദ്ധമായ വിളവെടുപ്പിനായി ചെയ്യുന്നതാണ് ഈ നൃത്തം. വൈക്കോൽ കൊണ്ടാണ് വേഷം ഒരുക്കുന്നത്.

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 5 ലെ 5.4 എന്ന ഫയൽ തുറക്കുക.

### ലയൺ ഡാൻസ്



ഏഷ്യൻ ഭൂഖണ്ഡത്തിൽ പലയിടങ്ങളിൽ ചെയ്തുവരുന്ന ലയൺ ഡാൻസിൽ സിംഹത്തെ ഓർമ്മിപ്പിക്കുന്ന രീതിയിലുള്ള വേഷവും ചലനവുമാണുള്ളത്. സിക്കിം, അരുണാചൽ, ബംഗാൾ, ചൈന, ഹോങ് കോങ്ങ്, ജപ്പാൻ എന്നിവിടങ്ങളിൽ ലയൺ ഡാൻസ് അവതരിപ്പിച്ചുവരുന്നു. ജർമ്മനി, ഓസ്ട്രിയ, ഇംഗ്ലണ്ട്, അയർലണ്ട്, പോളണ്ട് എന്നിവിടങ്ങളിലെല്ലാം സമാനനൃത്തരൂപങ്ങൾ നിലവിലുണ്ട്.

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 5 ലെ 5.5 എന്ന ഫയൽ തുറക്കുക.

### ചൈനീസ് ഡ്രാഗൺ നൃത്തം



ചൈനയിലെ പുതുവർഷത്തോടനുബന്ധിച്ച് അവതരിപ്പിക്കുന്ന നൃത്തമാണ് ഡ്രാഗൺ നൃത്തം. ഈ നൃത്തം അവതരിപ്പിക്കുന്നതിലൂടെ ഐശ്വര്യവും സമൃദ്ധിയും കൈവരുന്നു എന്നാണ് ചൈനക്കാരുടെ വിശ്വാസം.

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 5 ലെ 5.6 എന്ന ഫയൽ തുറക്കുക.

## ചുവടു വയ്ക്കാം

വിവിധ നൃത്തരൂപങ്ങൾ പരിചയപ്പെട്ടല്ലോ. ഗ്രൂപ്പുകളായി തിരിഞ്ഞ് ഏതെങ്കിലും ഒരു നൃത്തരൂപത്തിന്റെ ചുവടുകൾ അവതരിപ്പിച്ചുനോക്കൂ. ആവശ്യമായ വേഷവിധാനങ്ങൾ ഉപയോഗിച്ച് ഭംഗിയാക്കാം. ഏറ്റവും മികച്ചതായി അവതരിപ്പിച്ചത് ഏത് ഗ്രൂപ്പാണെന്ന് കണ്ടെത്താമോ.

# പുറപ്പാട്

നമുക്കു പാടാം...

പൂവാടി കിളിമകളെ
പൂവാടി കിളിമകളെ
പാവയ്ക്ക പന്തലില് കളിക്കാൻ പോകാം
പാവയ്ക്ക പന്തലില് കളിക്കാനായി
പോകുമ്പോഴെ
അങ്ങനെയും ഇങ്ങനെയും പോയാ
പോരാ..
പാവയ്ക്ക പന്തലിൽ കളിക്കാനായി
പോകുമ്പോഴേ
കാലില് കാൽചിലമ്പ് കൊണ്ട് പോണം..
പാവയ്ക്ക പന്തലില് കളിക്കാനായി
പോകുമ്പോഴെ
അരയില് അരമണി കൊണ്ടുപോണം..
പാവയ്ക്ക പന്തലില് കളിക്കാനായി
പോകുമ്പോഴേ
കൈയില് കൈവള കൊണ്ടു പോണം..
പാവയ്ക്ക പന്തലില് കളിക്കാനായി
പോകുമ്പോഴെ
ഉള്ളിന്റെ ഉള്ളിൽ സ്നേഹം വേണം..



പാവയ്ക്കാ പന്തലിലേക്ക് യാത്ര പോകുമ്പോൾ എന്തൊക്കെ തയ്യാറെടുപ്പുകൾ വേണമെന്നാണ് പറയുന്നത് ?

- കാലിൽ കാൽചിലമ്പ് കൊണ്ട് പോണം....
- ----------------------------------------------------------------
- ----------------------------------------------------------------
- ----------------------------------------------------------------

## യാത്ര പോകാം

നമ്മൾ വിനോദയാത്രയ്ക്ക് ഒരുങ്ങുകയാണ്. പുറപ്പെടുമ്പോൾ നമുക്ക് പല തയ്യാറെടുപ്പുകളും ആവശ്യമാണല്ലോ. യാത്രപോകുന്ന സ്ഥലത്തിന്റെ പ്രത്യേകതകൾക്കനുസരിച്ചാണ് നമ്മൾ സാധനസാമഗ്രികൾ എടുക്കേണ്ടത്. യാത്രയ്ക്ക് ആവശ്യമായ വസ്തുക്കൾ കടലാസിൽ വരയ്ക്കുകയോ അവയുടെ ചെറുമാതൃകകൾ തയ്യാറാക്കുകയോ ആവാം.

താഴെ കാണിച്ചിരിക്കുന്ന സ്ഥലങ്ങളിലേക്കാണ് യാത്ര. ഇനി നമുക്ക് യാത്ര പോകാം.

ഗ്രൂപ്പുകളായി തിരിഞ്ഞ് താഴെ കൊടുത്തിരിക്കുന്ന ചിത്രങ്ങളിൽനിന്ന് ഒരു സ്ഥലം തിരഞ്ഞെടുക്കൂ.. അവയുടെ പ്രത്യേകതകളും പറഞ്ഞുനോക്കാം. പറയുമ്പോൾ താഴെ കൊടുത്തിരിക്കുന്ന സൂചകങ്ങൾ ശ്രദ്ധിക്കുമല്ലോ.









- സ്ഥലത്തിന്റെ കാലാവസ്ഥ
- ഭൂപ്രകൃതി
- യാത്രാ സൗകര്യം
- മറ്റുള്ള പ്രത്യേകതകൾ

നിങ്ങൾ നിർമ്മിച്ച വസ്തുക്കളും, യാത്രപോകാൻ തിരഞ്ഞെടുത്ത സ്ഥലത്തിന്റെ പ്രത്യേകത അനുസരിച്ച് അവയ്ക്കുള്ള ഉപയോഗവും ചർച്ച ചെയ്യൂ.

ഈ വസ്തുക്കൾ എങ്ങനെയാണ് നിങ്ങളുടെ യാത്രാ ബാഗിൽ ക്രമീകരിക്കുക?

## മൂകാഭിനയം

നമുക്ക് യാത്രാബാഗുമായി പുറപ്പെടാം. ഓരോരുത്തരും യാത്ര പുറപ്പെടാനായി സ്കൂളിലാണ് എത്തിച്ചേരേണ്ടത്.

നിങ്ങൾ സ്കൂളിലേക്ക് വരുന്നതെങ്ങനെയാണ്?

- ബസിൽ
- ഓട്ടോയിൽ
- നടന്ന്
- സൈക്കിളിൽ

ഇവയിലേതെങ്കിലും ഒന്നിലാവില്ലേ നിങ്ങൾ സ്കൂളിലേക്ക് വരുന്നത്. അഭിനയിച്ച് കാണിക്കൂ.. എല്ലാവരും എല്ലാ വാഹനങ്ങളിലും വരുന്ന രീതി അഭിനയിച്ച് കാണിക്കണേ. മൂകാഭിനയമാണ് വേണ്ടത്.

എല്ലാവരും സ്കൂളിൽ എത്തിച്ചേർന്നില്ലേ. ഇനി നമുക്ക് യാത്ര പോകാം.

ഓരോ ഗ്രൂപ്പും മൂകാഭിനയത്തിലൂടെ അവരവർ തിരഞ്ഞെടുത്ത സ്ഥലങ്ങളിലേക്ക് യാത്രയാവൂ...

സ്ഥലത്തിന്റെയും കാലാവസ്ഥയുടെയും സാഹചര്യത്തിന്റെയും അടിസ്ഥാനത്തിൽ ശാരീരികാഭിനയത്തിൽ മാറ്റങ്ങൾ വരുത്തണം

ആശയവിനിമയം മൂകാഭിനയത്തിലൂടെ സാധ്യമാകണം.

നിർമ്മിച്ച വസ്തുക്കൾ അവസരോചിതമായി ഉപയോഗിക്കണം.

ഓരോ ഗ്രൂപ്പിന്റെയും അവതരണം എങ്ങനെ മെച്ചപ്പെടുത്താം?



## മൂകാഭിനയം (Mime)

അഭിനേതാക്കൾ ശബ്ദം ഉപയോഗിക്കാതെ ശരീരഭാഷയിലൂടെയും ഭാവ പ്രകടനങ്ങളിലൂടെയും ആശയാവതരണം നടത്തുന്ന രീതിയാണ് മൂകാഭിനയം.

### കുട്ടികളുടെ നാടകോത്സവം

ജനുവരി 1 മുതൽ 7 വരെ കുട്ടികളുടെ നാടകോത്സവമായി ആഘോഷിക്കാം.

#### നിരഞ്ജൻ ഗോസ്വാമി

മൈം എന്ന നാടക രൂപത്തിന്റെ വളർച്ചയ്ക്ക് വലിയ സംഭാവനകൾ നൽകിയ വ്യക്തി. ഇന്ത്യൻ മൈം തിയേറ്റർ സ്ഥാപിച്ചു. സംഗീത നാടക അക്കാദമി പുരസ്കാരം, പത്മശ്രീ എന്നീ ബഹുമതികൾ ലഭിച്ചിട്ടുണ്ട്.



## നാടകകൃത്തുക്കൾ

#### തോപ്പിൽ ഭാസി (1924-1992)

നാടകത്തെ സാമൂഹ്യ പരിഷ്കരണത്തിനായി ഉപയോഗിച്ച ആദ്യകാല മലയാള നാടക പ്രവർത്തകനാണ്. നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി, മുടിയനായ പുത്രൻ, മൂലധനം, അശ്വമേധം, തുടങ്ങിയ നിരവധി നാടകങ്ങളുടെ രചയിതാവും സംവിധായകനുമാണ്.



#### കെ. ടി. മുഹമ്മദ് (1927-2008)

മലയാളത്തിലെ പ്രസിദ്ധനായ നാടക രചയിതാവും തിരക്കഥാകൃത്തുമാണ് കെ. ടി. മുഹമ്മദ്. ഇത് ഭൂമിയാണ്, കാഫർ, നാൽക്കവല, അസ്ഥിവാരം തുടങ്ങിയ നാടകങ്ങളും കണ്ടം ബെച്ച കോട്ട്, തുറക്കാത്ത വാതിൽ, മൂടുപടം, കടൽപ്പാലം തുടങ്ങിയ തിരക്കഥകളും ഇദ്ദേഹത്തിന്റേതാണ്.









# മുറിക്കാം ചേർക്കാം

മുകളിലെ ചിത്രങ്ങളിൽനിന്നും നിങ്ങൾക്ക് ഇഷ്ടപ്പെട്ട ചിത്രങ്ങൾ വരച്ചുനോക്കൂ. അവ വെട്ടിയെടുത്ത് ഒരു പേപ്പറിൽ വ്യത്യസ്ത രീതിയിൽ ക്രമീകരിച്ചുവച്ച് ആശയം ഉണ്ടാക്കൂ.

വീണ്ടും ചിത്രങ്ങൾ മാറ്റിയും മറ്റൊന്ന് ചേർത്തും പുതിയ ആശയം സൃഷ്ടിക്കൂ.

വ്യത്യസ്ത ആശയങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി ചിത്രങ്ങളുടെ ക്രമീകരണങ്ങളിൽ നിങ്ങൾ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയത്?

ചിത്രത്തിൽ ഇനിയും എന്തൊക്കെ കാര്യങ്ങൾ കൂട്ടിച്ചേർത്ത് കൂടുതൽ ആശയങ്ങൾ നിർമ്മിക്കാൻ സാധിക്കും..?

ചിത്രങ്ങൾ പ്രദർശിപ്പിച്ച് ആശയങ്ങൾ ചർച്ച ചെയ്യൂ..



## ദൃശ്യസന്നിവേശം (Video editing)

വ്യത്യസ്ത ദൃശ്യങ്ങളെ കഥയുടെയോ ആശയത്തിന്റെയോ സന്ദർഭത്തിന്റെയോ അടിസ്ഥാനത്തിൽ വെട്ടിമാറ്റിയും കൂട്ടിച്ചേർത്തും മാറ്റങ്ങൾ വരുത്തി ദൃശ്യവൽക്കരിക്കുന്നതിനെയാണ് ദൃശ്യസന്നിവേശം എന്ന് പറയുന്നത്. സിനിമയിൽ ഇത്തരത്തിൽ ദൃശ്യസന്നിവേശം നടത്തുന്ന വ്യക്തിയെ ഫിലിം എഡിറ്റർ എന്നുപറയുന്നു.

ഫോട്ടോ എഡിറ്റിംഗ്, സൗണ്ട് എഡിറ്റിംഗ്, വീഡിയോ എഡിറ്റിംഗ് എന്നിവയൊക്കെ വ്യത്യസ്ത എഡിറ്റിംഗ് വിഭാഗങ്ങളുണ്ട്.



മുകളിൽ തന്നിരിക്കുന്ന ചിത്രങ്ങൾ വരച്ച്, മുറിച്ചെടുത്ത് വ്യത്യസ്തരീതിയിൽ ക്രമീകരിച്ച് വ്യത്യസ്തകഥകൾ നിർമ്മിക്കുക.

ഇതുപോലെ നിങ്ങൾക്ക് രസകരമായി തോന്നുന്ന കഥകൾ ചിത്രകഥയായി അവതരിപ്പിക്കുക. മികച്ച അവതരണങ്ങൾ കണ്ടെത്തി അഭിനന്ദിക്കുക.

## മൂവിയോള (Moviola)

സിനിമ എഡിറ്റിംഗിനുവേണ്ടി ഉപയോഗിച്ച ആദ്യത്തെ യന്ത്രമാണ് മൂവിയോള. 1924-ൽ ഇവാൻ സെറൂറിയർ (Iwan Serrurier) ആണ് ഇത് കണ്ടുപിടിച്ചത്.






# സർഗമേളം

വാക്കും വരയും

പാട്ടുമായ് കൂട്ടുകൂടാം

കൈമൊഴി

ഒരിടത്തൊരിടത്ത്

കാഴ്ചയുടെ ശബ്ദങ്ങൾ

# വാക്കും വരയും

## "പൂച്ച"

മുകളിൽ കൊടുത്ത വാക്ക് വായിക്കുമ്പോൾ മനസ്സിൽ വരുന്ന ചിത്രം എന്താണ്?

ആ ചിത്രം ഡ്രോയിംഗ് ബുക്കിൽ വരച്ചുനോക്കിയാലോ?

എല്ലാവരും വരച്ച ചിത്രം ഒരു പോലെയാണോ?

വായന ഓരോരുത്തരുടെയും ഉള്ളിൽ ഉണർത്തുന്ന ഭാവന പലതാകാമല്ലോ?

ഇനി നമുക്കൊരു ചിത്രം കാണാം.



ചിത്രം നിങ്ങൾക്കിഷ്ടമായോ? ചിത്രത്തിൽ എന്താണ് കാണുന്നത്?

ഈ ചിത്രത്തിൽ എന്തൊക്കെയാണ് നിങ്ങൾക്ക് രസകരമായി തോന്നുന്നത്?

കഥ കേൾക്കുമ്പോൾ മനസ്സിൽ ചിത്രങ്ങൾ വരുന്നതുപോലെ, ചിത്രങ്ങൾ കാണുമ്പോൾ കഥയും വരുന്നില്ലേ? കഥയും ചിത്രവും കൂടി ചേർന്നാലോ?

ഇനി നമുക്കൊരു കഥ വായിക്കാം.

“ഇന്ന് മിന്നുപ്പൂച്ചയെ കണ്ടില്ലല്ലോ..”

ആകാശത്തെ തെളിഞ്ഞ നക്ഷത്രങ്ങളെ നോക്കിക്കൊണ്ട് മീനുകൾ പറഞ്ഞു.

“വരാൻ സമയമായല്ലോ.. മിന്നുവിനു നക്ഷത്രങ്ങളെ വളരെ ഇഷ്ടമാണ്.”

“ദാ മിന്നു വരുന്നുണ്ട്.”

മിന്നു പതിയെ മുഖം അടുപ്പിച്ച് വെള്ളത്തിലേക്ക് നോക്കി. വെള്ളത്തിൽ തെളിഞ്ഞു കണ്ട നക്ഷത്രങ്ങളെ മിന്നു തൊടാനാഞ്ഞു.

വെള്ളത്തിൽ കൈ തട്ടിയപ്പോൾ ഓളങ്ങൾ ഇളകിപ്പരന്നു..

അപ്പോഴാണ് അദ്ഭുതത്തോടെ മിന്നു അത് കണ്ടത്..

തനിക്ക് കുഞ്ഞു ചിറകുകൾ മുളച്ചിരിക്കുന്നു!!

ചിറകുകൾ പതിയെ ഇളക്കി നോക്കി.. ചലിപ്പിച്ച് തുടങ്ങിയപ്പോൾ പറക്കാനാവുന്നുണ്ട്.. ആകാശത്തേക്ക് ഉയർന്നു, മേഘങ്ങൾക്കിടയിലൂടെ നക്ഷത്രങ്ങളെ കാണാം..

**മിന്നു പറന്നു പറന്ന് ഉയർന്നുയർന്നു പൊയ്ക്കൊണ്ടിരുന്നു..**

മിന്നുപ്പൂച്ചയുടെ കഥ നിങ്ങൾക്ക് ഇഷ്ടമായോ? കഥയുടെ കൂടെ ചിത്രങ്ങൾ കൂടി ഉണ്ടെങ്കിൽ രസമായിരിക്കില്ലേ? അത് കഥയെ കൂടുതൽ ആസ്വദിക്കാൻ സഹായിക്കില്ലേ?

## ഇലസ്ട്രേഷൻ (Illustration)

പുസ്തകങ്ങളിൽ കഥയുടെയും കവിതയുടെയും കൂടെ ചിത്രങ്ങളും നിങ്ങൾ കാണാറുണ്ടല്ലോ? എഴുത്തിനോട് ചേർന്നു നിന്നുകൊണ്ട് വായനയെ മുന്നോട്ടു കൊണ്ടുപോകാൻ സഹായിക്കുന്ന ഇത്തരം ചിത്രങ്ങളെയാണ് പൊതുവെ ഇലസ്ട്രേഷൻ എന്ന് വിളിക്കുന്നത്.



## കഥാചിത്രം

കഥ കേട്ടപ്പോൾ ഓരോരുത്തരുടേയും മനസ്സിൽ എത്രയെത്ര കാഴ്ചകളായിരിക്കും വന്നിട്ടുണ്ടാവുക.
മിന്നുപ്പൂച്ചയുടെ കഥയ്ക്ക് നമുക്കൊരു ഇലസ്ട്രേഷൻ ചെയ്താലോ.?
ഒപ്പം കഥയ്ക്ക് അനുയോജ്യമായ ഒരു തലക്കെട്ട് കണ്ടെത്തൂ.
നിങ്ങൾ വരച്ച ചിത്രംകൂടി വന്നപ്പോൾ കഥ കൂടുതൽ ആസ്വാദ്യകരമായി തോന്നുന്നില്ലേ ?

## ചിത്രപുസ്തകം

ഈ ചിത്രങ്ങളെല്ലാം ചേർത്ത് നമുക്കൊരു ചിത്രപുസ്തകം തയ്യാറാക്കാം. ചിത്രപുസ്തകത്തിന് രസകരമായ ഒരു തലക്കെട്ട് കൂടി കണ്ടുപിടിക്കൂ.



**എറിക് കാർലെ (Eric Carle)**

കുട്ടികൾക്കായി ഇലസ്ട്രേഷൻ ചിത്രീകരണങ്ങളും നൂതനമായ രൂപകല്പനകളും നിറഞ്ഞ ചിത്ര പുസ്തകങ്ങളുടെ സ്രഷ്ടാവ് എന്ന നിലയിൽ പ്രസിദ്ധനായ അമേരിക്കൻ കലാകാരനാണ് എറിക് കാർലെ. അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തമായ കൃതി, 1969-ൽ പ്രസിദ്ധീകരിച്ച 'ദി വെരി ഹംഗ്റി കാറ്റർപില്ലർ' (The very hungry caterpillar), ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് കുട്ടികളുടെ ഹൃദയത്തിൽ ഇടം നേടി, 66 ഭാഷകളിലേക്ക് വിവർത്തനം ചെയ്യുകയും 50 ദശലക്ഷത്തിലധികം കോപ്പികൾ വിറ്റഴിക്കുകയും ചെയ്തു. എഴുപതിലധികം പുസ്തകങ്ങൾ ചിത്രീകരിക്കുകയും അവയിൽ ഭൂരിഭാഗവും എഴുതുകയും ചെയ്തിട്ടുള്ള കാർലെ കൊളാഷ് മാധ്യമമുപയോഗിച്ചാണ് ഇലസ്ട്രേഷനുകൾ ആവിഷ്കരിച്ചിട്ടുള്ളത്. കൈകൊണ്ട് വരച്ച് നിറം നൽകിയ പേപ്പറുകൾ മുറിച്ച് ചേർത്തുവച്ച് രൂപങ്ങളും കഥാപാത്രങ്ങളും നിർമ്മിച്ചെടുക്കുന്ന രീതിയാണ് അദ്ദേഹം അവലംബിക്കുന്നത്.





ഇന്ത്യക്കാരായ ചില ചിൽഡ്രൻസ് ബുക്ക് ഇലസ്ട്രേറ്റേഴ്സിനെയും അവരുടെ രസകരമായ ചില ഇലസ്ട്രേഷനുകളും പരിചയപ്പെടാം.



പുലക് ബിശ്വാസിന്റെ ഇലസ്ട്രേഷൻ



കെ ജി സുബ്രഹ്മണ്യന്റെ ഇലസ്ട്രേഷൻ



ദുർഗ്ഗാ ബായ് വ്യാമിന്റെ ഇലസ്ട്രേഷൻ



# പാട്ടുമായ് കൂട്ടുകൂടാം

ഈ യാത്രയ്ക്കിടയിൽ ഒരു പാട്ടുകൂടി ആയാലോ?

തെന്നിത്തെന്നി പാറിവരും കുരുവി
ഇളംകാറ്റിൽ ഊയലാടിവരും കുരുവി
പാടിവരാമോ കൂടെ ആടിവരാമോ
എന്റെ കൂട്ടിനുള്ളിൽ കൂട്ടിരിക്കാൻ
കൂടെവരാമോ..

നമ്മൾ ഒരു ഉല്ലാസയാത്രയിലാണ്.



## എന്റെ പാട്ട്

താഴെ കൊടുത്തിരിക്കുന്ന വാക്കുകളിൽനിന്ന് അനുയോജ്യമായവ തിരഞ്ഞെടുത്ത് അർഥമുള്ള വരികൾ തയ്യാറാക്കി ലളിതമായ ഈണം നൽകി പാടൂ.

**പുഴ, കാട്, മല, കിളി, സൂര്യൻ,**
**കാറ്റ്, മഴ, പൂവ്, വണ്ട്, തേൻ, ഇല, കുരുവി, മരം, നദി**

ഈ വാക്കുകളിൽ നിന്ന് ഗാനം രൂപപ്പെടുത്തിയപ്പോൾ നിങ്ങൾക്കുണ്ടായ അനുഭവം ചർച്ച ചെയ്യൂ.

## ഒരു ഗാനത്തിന്റെ പ്രധാന ഭാഗങ്ങൾ

- പല്ലവി
- അനുപല്ലവി
- ചരണം

### ഒന്നിച്ച് പാടാം

ഗ്രൂപ്പുകളായി തിരിഞ്ഞ് തന്നിരിക്കുന്ന പാട്ട് കേട്ട് പാട്ടിന്റെ പല്ലവി, അനുപല്ലവി, ചരണം എന്നിവ കണ്ടെത്തി സംഗീതാത്മകമായി അവതരിപ്പിക്കൂ.

തുമ്പീ വാ തുമ്പക്കുടത്തിൻ
തുഞ്ചത്തായ് ഊഞ്ഞാലിടാം (2)
ആകാശപ്പൊന്നാലിന്നിലകളെ
ആയത്തിൽ തൊട്ടേ വരാം (2)
തുമ്പീ വാ തുമ്പക്കുടത്തിൻ
തുഞ്ചത്തായ് ഊഞ്ഞാലിടാം (2)

മന്ത്രത്താൽ പായുന്ന കുതിരയെ
മാണിക്യകൈയ്യാൽ തൊടാം (2)
ഗന്ധർവ്വൻ പാടുന്ന മതിലക
മന്ദാരം പൂവിട്ട തണലിൽ (2)
ഊഞ്ഞാലേ.. പാടാമോ..
ഊഞ്ഞാലേ.. പാടാമോ..
മാനത്തു മാമന്റെ തളികയിൽ
മാമുണ്ണാൻ പോകാമൊ നമുക്കിനി
(തുമ്പീ വാ..)

പണ്ടത്തെ പാട്ടിന്റെ വരികള്
ചുണ്ടത്ത് തേൻതുള്ളിയായ് (2)
കൽക്കണ്ട കുന്നിന്റെ മുകളില്
കാക്കാച്ചി മേയുന്ന തണലിൽ (2)
ഊഞ്ഞാലേ.. പാടിപ്പോയ്..
ഊഞ്ഞാലേ.. പാടിപ്പോയ്..
ആക്കയ്യിൽ ഈക്കയ്യിലൊരുപിടി
കയ്യാത്ത നെല്ലിക്കായ് മണി തരൂ
(തുമ്പീ വാ..)

(ഒ.എൻ.വി. കുറുപ്പ്)

**പല്ലവി**

ഒരു ഗാനത്തിന്റെ ആദ്യഭാഗത്തെ പല്ലവി എന്ന് പറയുന്നു. പല്ലവിയിൽ നാലു മുതൽ ആറു വരികൾ വരെ ഉൾപ്പെടുന്നു.

**അനുപല്ലവി**

പല്ലവിക്ക് ശേഷം പാടുന്ന ഭാഗമാണ് അനുപല്ലവി. സംസ്കൃതത്തിൽ 'അനു' എന്നാൽ അടുത്തത് എന്ന് അർഥം.

**ചരണം**

അനുപല്ലവിയ്ക്ക് ശേഷം അവസാനഭാഗമായി പാടുന്നതാണ് ചരണം. ചില ഗാനങ്ങളിൽ ചരണം ഒന്നിലധികം ഉണ്ടാകാം.

**തുണ്ടുപല്ലവി**

അനുപല്ലവിയ്ക്ക് ശേഷം പല്ലവിയിലെ ഒന്നോ രണ്ടോ വരികൾ എടുത്ത് പാടുന്നതാണ് തുണ്ടു പല്ലവി.

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 5 ലെ 6.1 എന്ന ഫയൽ തുറക്കുക.

## മികവുകൾ കണ്ടെത്താം

ശരിയായ രീതിയിൽ ഗാനത്തിന്റെ ഭാഗങ്ങൾ കണ്ടെത്തി പാടിയത് ഏതെല്ലാം ഗ്രൂപ്പാണ്?

### ലതാ മങ്കേഷ്കർ



**(1929-2022)**

പ്രശസ്ത ചലച്ചിത്ര പിന്നണിഗായികയായ ലതാമങ്കേഷ്കർ 'ഭാരതീയ സംഗീതത്തിന്റെ വാനമ്പാടി' എന്നറിയപ്പെടുന്നു മികച്ച അഭിനേത്രി കൂടിയായ ഇവർക്ക് 2001ൽ രാജ്യം ഭാരതരത്ന നൽകി ആദരിച്ചു.

### എം എസ് ബാബുരാജ്



**(1921-1978)**

മലയാള സിനിമയിലെ പ്രമുഖ സംഗീത സംവിധായകനായിരുന്നു എം എസ് ബാബുരാജ്. കോഴിക്കോട്ടുകാരനായ ഇദ്ദേഹത്തിന്റെ ഗാനങ്ങൾ ഗസലുകളുടെയും മാപ്പിളപ്പാട്ടിന്റെയും ഹിന്ദുസ്ഥാനി സംഗീതത്തിന്റെയും സ്വാധീനത്താൽ രൂപം കൊണ്ടവയാണ്.

### പാട്ടുപെട്ടി



സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 5 ലെ 6.2 എന്ന ഫയൽ തുറക്കുക.

ഒന്നാം നാൾ ഉല്ലാസയാത്ര പോയപ്പോൾ
ഒരു കുഞ്ഞാറ്റക്കിളിയെ ഞങ്ങൾ കണ്ടു

രണ്ടാം നാൾ ഉല്ലാസയാത്ര പോയപ്പോൾ
ഒരു ചെണ്ടുമല്ലി, ഒരു കുഞ്ഞാറ്റക്കിളിയെ ഞങ്ങൾ കണ്ടു

മൂന്നാം നാൾ ഉല്ലാസയാത്ര പോയപ്പോൾ
മൂന്നു മുക്കുറ്റി രണ്ടു ചെണ്ടുമല്ലി,
ഒരു കുഞ്ഞാറ്റക്കിളിയെ ഞങ്ങൾ കണ്ടു

നാലാം നാൾ ഉല്ലാസയാത്ര പോയപ്പോൾ
നാലു നാരങ്ങ മൂന്നു മുക്കുറ്റി രണ്ടു ചെണ്ടുമല്ലി,
ഒരു കുഞ്ഞാറ്റക്കിളിയെ ഞങ്ങൾ കണ്ടു

അഞ്ചാം നാൾ ഉല്ലാസയാത്ര പോയപ്പോൾ
അഞ്ചു മഞ്ചാടി, നാലു നാരങ്ങ മൂന്നു മുക്കുറ്റി
രണ്ടു ചെണ്ടുമല്ലി, ഒരു കുഞ്ഞാറ്റക്കിളിയെ ഞങ്ങൾ കണ്ടു

ആറാം നാൾ ഉല്ലാസയാത്ര പോയപ്പോൾ
ആറു താറാവ് അഞ്ചു മഞ്ചാടി, നാലു നാരങ്ങ മൂന്നു മുക്കുറ്റി
രണ്ടു ചെണ്ടുമല്ലി, ഒരു കുഞ്ഞാറ്റക്കിളിയെ ഞങ്ങൾ കണ്ടു

ഏഴാം നാൾ ഉല്ലാസയാത്ര പോയപ്പോൾ
ഏഴു ഏത്തക്ക ആറു താറാവ് അഞ്ചു മഞ്ചാടി,
നാലു നാരങ്ങ മൂന്നു മുക്കുറ്റി
രണ്ടു ചെണ്ടുമല്ലി, ഒരു കുഞ്ഞാറ്റക്കിളിയെ ഞങ്ങൾ കണ്ടു

(ഉണ്ണികൃഷ്ണൻ വയനാട്)

ഈ പാട്ട് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ?
ക്ലാസ്സിൽ എല്ലാവരും ചേർന്ന് പാടി നോക്കൂ.....



# കൈമൊഴി

"പൂ വിരിയുന്നത് കണ്ടിട്ടുണ്ടോ?
ഇതുപോലെ ഇതുപോലെ
പുഴയൊഴുകുന്നത് കണ്ടിട്ടുണ്ടോ?
ഇതുപോലെ ഇതുപോലെ
മീൻ നീന്തുന്നത് കണ്ടിട്ടുണ്ടോ?
ഇതുപോലെ ഇതുപോലെ
മാനോടുന്നത് കണ്ടിട്ടുണ്ടോ?
ഇതുപോലെ ഇതുപോലെ
മരമാടുന്നത് കണ്ടിട്ടുണ്ടോ?
ഇതുപോലെ ഇതുപോലെ





സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 5 ലെ 6.3 എന്ന ഫയൽ തുറക്കുക.

ഈ പാട്ട് ഇഷ്ടപ്പെട്ടോ?
ഇതൊന്ന് പാടി അഭിനയിച്ച് നോക്കാം.

അവതരണത്തിൽ കൈകൾ കൊണ്ട് നിങ്ങൾ കാണിച്ച ആംഗ്യങ്ങൾ എന്തൊക്കെയാണ്?

- പൂ വിരിയുന്നത്
- പുഴ ഒഴുകുന്നത്
- --------------------------
- --------------------------
- --------------------------

സമാനമായ മറ്റു പാട്ടുകൾ ഉപയോഗിച്ച് ആശയവിനിമയം ചെയ്തു നോക്കൂ. സംഘമായി വേണം ചെയ്യാൻ.

## മികവുകൾ കണ്ടെത്താം

കൈകൾ ഉപയോഗിച്ച് എന്തെല്ലാം ആംഗ്യങ്ങൾ ചെയ്യാൻ സാധിച്ചു?
ഏറ്റവും നന്നായി ചെയ്തത് ഏത് ഗ്രൂപ്പാണ്?
എന്തൊക്കെയായിരുന്നു സവിശേഷതകൾ?

നാം നിത്യജീവിതത്തിൽ കൈകൾ കൊണ്ട് ധാരാളം ആംഗ്യങ്ങൾ കാണിക്കാറില്ലേ? ഏതെങ്കിലും ഒരു കാര്യം പറയുമ്പോൾ അതിന് അനുയോജ്യമായി കൈകൾ വീശിയും ചുഴറ്റിയും നീട്ടിയും മടക്കിയും ഒക്കെ ചലിപ്പിക്കാറുണ്ടല്ലോ? അത്തരം ചലനങ്ങൾ സ്വാഭാവികമായി സംഭവിക്കുന്നതും പറയുന്ന കാര്യം കൂടുതൽ വ്യക്തമാക്കുന്നതുമാണ്.

## അറിയാം മുദ്രകളെ




ചിത്രങ്ങൾ ശ്രദ്ധിക്കൂ.

ഈ ആംഗ്യങ്ങൾ ഏതൊക്കെ സന്ദർഭങ്ങളിലാണ് ഉപയോഗിക്കാറുള്ളത്?

1.

2.

3.

കൈവിരലുകൾ മാത്രം ഉപയോഗിച്ച് എന്തെല്ലാം ആശയങ്ങൾ പ്രകടിപ്പിക്കാൻ സാധിക്കും? ചെയ്തുനോക്കൂ. നിങ്ങൾ ഉദ്ദേശിക്കുന്ന ആശയം ആംഗ്യങ്ങളിലൂടെ വ്യക്തമാക്കാൻ സാധിച്ചുവോ?

നൃത്തത്തിൽ ഇത്തരം ആംഗ്യങ്ങൾ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ?

നിങ്ങൾ മുകളിൽ കണ്ട ആംഗ്യങ്ങൾ നൃത്തത്തിലെ മുദ്രകളാണ്. അവ മുദ്രാഖ്യം, ശിഖരം, സൂചി എന്നീ പേരുകളിൽ അറിയപ്പെടുന്നു. ഇത്തരത്തിൽ നിരവധി മുദ്രകൾ നൃത്തത്തിൽ ഉപയോഗിക്കാറുണ്ട്.

ചിത്രത്തിലെ മുദ്രകൾ നോക്കി അതുപോലെ അവതരിപ്പിച്ചുനോക്കൂ. പരിശീലനത്തിലൂടെ കൂടുതൽ മെച്ചപ്പെടുത്തൂ..



ശുകതുണ്ഡം അർധചന്ദ്രൻ മയൂരം



മൃഗശീർഷം അളപത്മം അഞ്ജലി



സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 5 ലെ 6.4 എന്ന ഫയൽ തുറക്കുക.

### മുദ്രകൾ

സാധാരണ ജീവിതത്തിൽ ഒരു ആശയത്തെ കൂടുതൽ വ്യക്തമാക്കാൻ നാം ആംഗ്യങ്ങൾ പ്രയോഗിക്കുന്നതുപോലെ നൃത്തത്തിലും ആംഗ്യങ്ങൾ ഉപയോഗിക്കാറുണ്ട്. മുദ്രകളാണ് നൃത്തത്തിലെ ആശയവിനിമയത്തിന് ഉപയോഗിക്കുന്ന ആംഗ്യങ്ങൾ.

ഭാരതത്തിൽ രചിക്കപ്പെട്ട ഹസ്തമുക്താവലി, ഹസ്തലക്ഷണദീപിക, കരദീപിക തുടങ്ങിയ ഭാരതീയ നാട്യശാസ്ത്ര ഗ്രന്ഥങ്ങൾ മുദ്രകൾക്കു വേണ്ടി മാത്രം രചിക്കപ്പെട്ടവയാണ്.



**ഗുരു ഗോപിനാഥ്**

കേരളനടനത്തിന്റെ ഉപജ്ഞാതാവായ ഗുരു ഗോപിനാഥ് കഥകളിയിലും പ്രാവീണ്യം നേടിയ നടനായിരുന്നു. രാംലീല, രാമായണ തുടങ്ങിയ ബാലെകളുടെ സംവിധായകൻ കൂടിയായ അദ്ദേഹത്തിന് കേന്ദ്രസംഗീത നാടക അക്കാദമി അവാർഡും കേരള സംഗീതനാടക അക്കാദമി അവാർഡും ലഭിച്ചിട്ടുണ്ട്.





# ഒരിടത്തൊരിടത്ത്

**നമുക്കൊരു നാടോടിക്കഥ വായിക്കാം.**

ഒരിടത്ത് ഒരു ഗ്രാമത്തിൽ ഒരു കർഷകനുണ്ടായിരുന്നു. അദ്ദേഹത്തിനെ കൃഷിയിലും ആടുമേയ്ക്കുന്നതിലും സഹായിച്ചിരുന്നതോ, മടിയനായ മകനും. തന്റെ ജോലിഭാരം കൂടിയപ്പോൾ കർഷകൻ ആടു മേയ്ക്കുന്നത് മകനെ മാത്രം ഏൽപ്പിച്ചു. കുഴിമടിയനായ മകൻ ഒഴിഞ്ഞുമാറാൻ ശ്രമിച്ചെങ്കിലും ഒടുവിൽ അച്ഛന്റെ അഭിപ്രായം മാനിച്ച് ആട് മേയ്ക്കാൻ ഇറങ്ങിത്തിരിച്ചു. തന്റെ ഗതികേടിനെ പഴിച്ച് കുന്നിൻ ചരുവിൽ ഇരിക്കുമ്പോഴാണ് അവന്റെ ശ്രദ്ധ അകലെയുള്ള



ഗ്രാമീണരിൽ എത്തുന്നത്. വന്യമൃഗങ്ങൾ വന്നാൽ ഒച്ചയുണ്ടാക്കി ഗ്രാമീണരെ വിളിക്കണം എന്ന് അച്ഛൻ പറഞ്ഞത് അവനോർത്തു. ഉടൻതന്നെ "പുലി വരുന്നേ പുലി" എന്ന് അവൻ വിളിച്ച് പറഞ്ഞു. ഇത് കേട്ട് ഗ്രാമീണർ ഓടിക്കൂടി. അവരെ കണ്ടതും അവൻ ചിരിക്കാൻ തുടങ്ങി. തങ്ങളെ പരിഹസിച്ചതാണെന്ന് തിരിച്ചറിഞ്ഞ് ഗ്രാമീണർ അവനെ ശകാരിച്ച് തിരിച്ചുപോയി. ഇതുതന്നെ രണ്ടാം ദിവസവും തുടർന്നു. അന്ന് വളരെ കുറച്ച് പേർ മാത്രമേ അവന്റെ അരികിൽ എത്തിയുള്ളൂ. എന്നാൽ മൂന്നാം ദിവസം പുലി ആടുകൾക്ക് നേരെ ചാടിവീണു. അവൻ എന്ത് ചെയ്യണം എന്നറിയാതെ നിലവിളിച്ചു "പുലി വരുന്നേ പുലി." എന്നാൽ ആരും സഹായത്തിനെത്തിയില്ല. അന്ന് പുലി അവന്റെ ഒരു ആടിനെ ആഹാരമാക്കി. ബാക്കി ആടുകളേയും കൂട്ടി ദുഃഖിതനായി അവൻ വീട്ടിലേയ്ക്ക് മടങ്ങി.

ഈ കഥ നിങ്ങൾക്ക് ഇഷ്ടമായോ?

ഈ കഥയെ ഒരു നാടകമാക്കി മാറ്റാൻ എന്തൊക്കെ തയ്യാറെടുപ്പുകൾ നടത്തണം എന്ന് താഴെ കൊടുത്തിരിക്കുന്ന സൂചകങ്ങളെ അടിസ്ഥാനമാക്കി രണ്ടുസംഘങ്ങളായി കഥയെ മുൻനിർത്തി ചർച്ച ചെയ്യൂ.

## ചർച്ചാ സൂചകങ്ങൾ

- എത്ര കഥാപാത്രങ്ങൾ ഇതിലുണ്ട്? അവരുടെ സ്വഭാവ സവിശേഷതകളും ചലനങ്ങളും എന്തൊക്കെയാണ്?
- ഏതൊക്കെ കഥാപാത്രങ്ങൾ ആരൊക്കെ അവതരിപ്പിക്കും?
- സന്ദർഭത്തിന് അനുയോജ്യമായ സംഭാഷണങ്ങൾ എന്തൊക്കെ?
- ഏതൊക്കെ വസ്തുക്കൾ അവതരണത്തിന് ആവശ്യമുണ്ട്?

### മനോധർമ്മാഭിനയം

ഒരു ആശയത്തെയോ കഥാപാത്രത്തെയോ സ്വന്തം ഭാവനയ്ക്കും ചിന്തയ്ക്കും അനുസരിച്ച് അഭിനയിക്കുന്ന രീതിയാണ് മനോധർമ്മാഭിനയം.

## അഭിനയിക്കാം

നിങ്ങൾ ചർച്ച ചെയ്ത് കണ്ടെത്തിയ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ നമുക്ക് അഭിനയിച്ചാലോ? അവതരണത്തിനാവശ്യമായ രംഗവസ്തുക്കൾ കണ്ടെത്തി അവതരണത്തിന് മുൻപ് പരിശീലനം നടത്തണം.

എല്ലാവരുടെയും അവതരണം കണ്ടല്ലോ.. മെച്ചപ്പെടുത്താനായി എന്തെല്ലാം ചെയ്യാം?

മനസ്സിലാക്കിയ കാര്യങ്ങൾ ഉൾക്കൊണ്ട് മറ്റൊരു കഥ അവതരിപ്പിക്കാനായി തയ്യാറാക്കാമല്ലോ. സ്കൂൾ ലൈബ്രറിയിൽ നിന്ന് ഇഷ്ടമുള്ള കഥകൾ തെരഞ്ഞെടുത്ത് നാടക അവതരണത്തിനായി തയ്യാറെടുക്കൂ.

ആധുനിക ഇന്ത്യൻ നാടകം വികസിക്കുന്നത്, 19-ാം നൂറ്റാണ്ടു മുതൽ 20-ാം നൂറ്റാണ്ടിന്റെ പകുതിവരെയുള്ള കാലത്താണ്

## തനതുനാടകവേദി

ഒരു പ്രദേശത്തിന്റെ സംസ്കാരികമായ പ്രത്യേകതകളുമായി ജൈവികബന്ധം പുലർത്തുന്നതും അവിടത്തെ സവിശേഷമായ സദസ്സിന് വേണ്ടി രൂപപ്പെടുത്തുന്നതുമായ രംഗാവിഷ്കാര സമ്പ്രദായമാണ് തനതുനാടകവേദി.

### ചില തനതുനാടകങ്ങൾ

കെ.ജെ ബേബിയുടെ നാടുഗദ്ദിക, ദിനേശ് കുമാർ ഇ.സിയുടെ കാളഭൈരവൻ.

## മറിയാമ്മ നാടകം

**"ഉപ്പിലിട്ട പഴമാങ്ങയെടുത്തു നാത്തൂൻ**
**അപ്പൻ കിടന്നമുറി തന്നിലൊളിച്ചുവെച്ചേൻ**
**തപ്പിപ്പിടിച്ചതു തിന്നിവളെന്നു വന്നെൻ**
**ചെപ്പിൽ കടന്നുടനെ രണ്ടടി തന്നിതമ്മ "**

**(1897 കാലഘട്ടത്തിൽ കൊച്ചീപ്പൻ തരകൻ രചിച്ച്, കണ്ടത്തിൽ വർഗീസ് മാപ്പിള സംവിധാനം നിർവഹിച്ച സംഗീത നാടകമാണ് ഇത്.)**

## തൊഴിൽ കേന്ദ്രത്തിലേക്ക്

**നവോത്ഥാനനാടകങ്ങളിൽ എടുത്തു പറയേണ്ട ഒരു നാടകമാണ് ഇത്. ഒരുകൂട്ടം സ്ത്രീകൾ രചിച്ച് അഭിനയിച്ചവതരിപ്പിച്ച നാടകമാണ് "തൊഴിൽ കേന്ദ്രത്തിലേക്ക്". സമൂഹത്തിലെ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെയുള്ള ശക്തമായ ഒരാവിഷ്ക്കാരമാണ് ഈ നാടകം. കാവുംകോട് ഭാർഗവിയുടെ ജീവിതം ആസ്പദമാക്കിയാണ് ഇത് രചിച്ചിരിക്കുന്നത്.**

### കാവാലം നാരായണ പണിക്കർ (1928-2016)



കേരളത്തിലെ തനത് നാടകവേദിയുടെ ആദ്യകാല പ്രയോക്താക്കളിൽ പ്രമുഖനാണ് കാവാലം. സാക്ഷി, തിരുവാഴിത്താൻ, സത്യകാമൻ, ദൈവത്താർ, അവനവൻ കടമ്പ, കരിംകുട്ടി, നാടകചക്രം, കൈകുറ്റപ്പാട്, ഒറ്റയാൻ, പുറനാടി തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ നാടകങ്ങൾ. 2007-ൽ പത്മഭൂഷൺ പുരസ്കാരം നൽകി ആദരിച്ചു.



# കാഴ്ചയുടെ ശബ്ദങ്ങൾ

സ്കൂൾ ബെല്ലിന്റെ ശബ്ദം നിങ്ങൾക്കറിയാമല്ലോ? അതുപോലെ തന്നെ ലോകത്തിലെ എല്ലാ വസ്തുക്കൾക്കും അതിന്റേതായ ശബ്ദങ്ങൾ ഉണ്ട്. ശബ്ദങ്ങൾ കേട്ടാലും നമുക്ക് ആളുകളെയും ജീവജാലങ്ങളെയും വസ്തുക്കളെയും ഒക്കെ തിരിച്ചറിയാൻ പറ്റും.

“നമുക്കൊരു ഗെയിം കളിച്ചാലോ?”

### ശബ്ദമുണ്ടാക്കാം

ചിത്രങ്ങൾക്കനുയോജ്യമായ ശബ്ദമുണ്ടാക്കണം അതാണ് ഗെയിം.

താഴെയുള്ള ചിത്രങ്ങൾക്കനുയോജ്യമായ ശബ്ദം ഉണ്ടാക്കൂ.





ഒരു ഗ്രൂപ്പ് ഉണ്ടാക്കിയ ശബ്ദം മറ്റേ ഗ്രൂപ്പ് തിരിച്ചറിയുന്നുണ്ടോ?

- തീവണ്ടി
- 
- 
- 

## ശബ്ദം കേൾക്കൂ

ശബ്ദങ്ങൾ തിരിച്ചറിയുന്നതിൽ ആരാണ് മികച്ചുനിന്നത്?



സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 5 ലെ 6.5 എന്ന ഫയൽ തുറക്കുക.

ശബ്ദങ്ങളിൽ നിന്ന് ആശയങ്ങൾ രൂപീകരിച്ചവർ ആരെല്ലാം?

### വായിച്ചുനോക്കൂ

ബെല്ലടിച്ചു. സ്കൂൾവിട്ട് കുട്ടികൾ റോഡിലേക്കിറങ്ങി. ഇരുവശത്തേക്കും വാഹനങ്ങൾ ചീറിപ്പായുന്നു. എല്ലാവരും കൂടി റോഡുമുറിച്ച് കടക്കാൻ സീബ്രാലൈനിനടുത്തേക്ക് നടന്നു. പെട്ടെന്നൊരു നായ കുരച്ചുകൊണ്ട് അതുവഴി ഓടിപ്പോയി. എല്ലാവരും ഭയന്നു. കാക്കകൾ പാറിവന്ന് ഇലക്ട്രിക്ക് ലൈനിൽ ഇരുന്നു. സീബ്രാലൈനിൽ എത്തുമ്പോഴേക്കും റോഡ് മുറിച്ചു കടക്കാൻ കഴിയാതെ നിൽക്കുന്ന മുത്തശ്ശിയെ കണ്ടു. കുട്ടികൾ മുത്തശ്ശിയുടെ കൈപിടിച്ച് റോഡ് മുറിച്ചുകടത്തിക്കൊടുത്തു.

### ശബ്ദലേഖനം
**(Sound Recording)**

വിവിധ ശബ്ദങ്ങളെ സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി ആലേഖനം ചെയ്യുകയും അവ സൂക്ഷിച്ച് വയ്ക്കുകയും ചെയ്യുന്നതിനെയാണ് ശബ്ദലേഖനം എന്ന് പറയുന്നത്.

### ബാലൻ

മലയാളത്തിലെ ആദ്യ ശബ്ദചിത്രമാണ് "ബാലൻ". 1938 ജനുവരി 19 ന് കൊച്ചിയിലെ സെലക്ട് തിയേറ്ററിൽ ഈ ചലച്ചിത്രം അദ്യമായി പ്രദർശിപ്പിച്ചു. ഈ ചിത്രത്തിന്റെ സംവിധായകൻ എസ്. നൊട്ടാണി ആണ്.



"ബാലൻ" ചലച്ചിത്രത്തിലെ ഒരു രംഗം

ഈ രംഗം നിങ്ങൾ ഭാവനയിൽ കണ്ടുനോക്കൂ.. അവിടെ എന്തെല്ലാം ശബ്ദങ്ങൾ ആണ് ഉണ്ടാവുക?

നമുക്ക് നോക്കാം.

- സ്കൂൾ ബെല്ലടിച്ചു. "ണിം.. ണിം.. ണിം..
- വാഹനങ്ങൾ ചീറിപ്പായുന്ന ശബ്ദം.
- കാക്കകളുടെ ശബ്ദം.
-
-

### കണ്ടെത്താം അവതരിപ്പിക്കാം

വേറെ എന്തൊക്കെ ശബ്ദങ്ങൾ ഉണ്ട്? എന്തൊക്കെ ശബ്ദങ്ങൾ ഈ സന്ദർഭത്തിലേക്ക് കൂട്ടിച്ചേർക്കാം? എഴുതി അവതരിപ്പിച്ചു നോക്കൂ..

അനുയോജ്യമായ ശബ്ദങ്ങൾ കണ്ടെത്തിയവരും അവതരിപ്പിച്ചവരും ആരെല്ലാം?

ഇന്ത്യയിലെ ആദ്യ ശബ്ദ ചിത്രമായ "**ആലം ആരാ**" 1931 ലാണ് പുറത്തിറങ്ങിയത്. ഹിന്ദിയും ഉറുദുവും ഇടകലർത്തി സംസാരിക്കുന്ന ഈ ചലച്ചിത്രം അർദേഷിർ ഇറാനി (Ardeshir Irani) യാണ് സംവിധാനം നിർവഹിച്ചത്. മുംബൈയിലെ മജസ്റ്റിക്ക് തിയേറ്ററിൽ 1931 മാർച്ച് 14 ന് ചിത്രം ആദ്യമായി പ്രദർശിപ്പിച്ചു.



സിനിമയിൽ പ്രധാനമായും മൂന്ന് ശബ്ദങ്ങളാണ് ഉള്ളത്. സംഭാഷണം, പശ്ചാത്തല സംഗീതം, സൗണ്ട് ഇഫക്ട്സ്.

**സംഭാഷണം (Dialogue)**

ദൃശ്യങ്ങളിലെ കഥാപാത്രങ്ങൾ സംസാരിക്കുന്നതാണ് സംഭാഷണങ്ങൾ. സിനിമയുടെ ആശയത്തിന്റെ പൂർണ്ണതയ്ക്ക് സംഭാഷണങ്ങൾ ഉപയോഗിക്കാം.

**പശ്ചാത്തലസംഗീതം (Background Music)**

ദൃശ്യങ്ങളിലെ വൈകാരിക മുഹൂർത്തങ്ങളെ കൂടുതൽ അനുഭവപ്പെടുത്തുന്നതിനായി ഉപയോഗിക്കുന്ന ശബ്ദങ്ങളാണ് പശ്ചാത്തല സംഗീതം. ഉപകരണസംഗീതവും വായ്പ്പാട്ടും സിനിമയിൽ പശ്ചാത്തലസംഗീതമായി ഉപയോഗിക്കുന്നു.

**സൗണ്ട് ഇഫക്ട്സ് (Sound Effect)**

സിനിമയുടെ ഉള്ളടക്കമനുസരിച്ച് കൂട്ടിച്ചേർക്കുന്ന കൃത്രിമമായി സൃഷ്ടിച്ചതോ, സാങ്കേതികവിദ്യ ഉപയോഗിച്ച് മെച്ചപ്പെടുത്തിയതോ ആയ ശബ്ദങ്ങളാണ് സൗണ്ട് ഇഫക്ട്സ്.

# ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹികനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണ്ണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപൽക്കരമായ ജോലികളിൽനിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽനിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

## നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.

*ബന്ധപ്പെടേണ്ട വിലാസം:*

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**

ശ്രീ ഗണേഷ്, റ്റി.സി. 14/2036, വാൻറോസ് ജംങ്ഷൻ,
കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം – 34
ഫോൺ 0471 – 2326603
ഇ- മെയിൽ childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in
വെബ്സൈറ്റ് : www.kescpcr.kerala.gov.in

ചൈൽഡ് ഹെൽപ്പ് ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ – 1800 425 1400
കേരള പൊലീസ് ഹെൽപ്പ് ലൈൻ - 0471 – 3243000/44000/45000

*online **R.T.E Monitoring : www.nireekshana.org.in***